# വയനാടൻ കാർഷിക മേഖലയിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

(വയനാട് ജില്ലയുടെ കാർഷിക വികസനത്തിനായി
എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ
വിദഗ്ധ സമിതി തയ്യാറാക്കിയ പഠന റിപ്പോർട്ട്)

ജനുവരി 14, 2002

## ഉള്ളടക്കം


| ഉള്ളടക്കം | പേജ് |
|---|---|
| മുഖവുര | 1 - 6 |
| ആമുഖം. | 7 - 10 |
| ശുപാർശകളും, പ്രധാനനിർദ്ദേശങ്ങൾ | 11 - 19 |
| വയനാടും ജൈവവൈവിധ്യവും | 20 - 22 |
| കാപ്പി കൃഷി | 23 - 26 |
| കുരുമുളക് കൃഷി | 27 - 29 |
| നെൽകൃഷി | 30 - 34 |
| ഔഷധ സസ്യകൃഷി | 35 - 41 |
| അലങ്കാര സസ്യകൃഷി/വാണിജ്യ പുഷ്പകൃഷി | 42 - 44 |
| പച്ചക്കറി കൃഷി | 45 - 47 |
| തേയിലക്ക്യഷി | 48 - 50 |
| ഏലം, വാനില | 51 - 51 |
| മഴവെള്ളസംരക്ഷണവും ജലസേചനവും | 52 - 55 |
| ക്ഷീര വികസനവും, മൃഗസംരക്ഷണവും | 56 - 70 |
| അനുബന്ധം | 71 - 73 |

## മുഖവുര

എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ കൽപ്പറ്റയിലുള്ള സാമൂഹിക കാർഷിക ജൈവവൈവിധ്യകേന്ദ്രം, വയനാട്ടിലെ കാർഷിക ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന വിവിധ പഠനങ്ങളും പ്രവർത്തനങ്ങളും കഴിഞ്ഞ അഞ്ചു വർഷങ്ങളായി നടത്തിവരുന്നു. ഇത്തരം പഠനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഒരു വിലയിരുത്തൽ നടത്തുക എന്ന ഉദ്ദേശത്തോടുകൂടി 2001 സെപ്തംബർ 1ന് ഫൗണ്ടേഷനിൽ ചേർന്ന ജൈവവൈവിധ്യകേന്ദ്രം മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗത്തിൽ ഒരു ജനകീയ ചർച്ച സംഘടിപ്പിക്കുവാനും, അവരുടെ നേതൃത്വത്തിൽ വയനാട് ജില്ലയുടെ കാർഷിക പ്രശ്നങ്ങൾ പഠിച്ച്, കാർഷിക വികസന രംഗത്ത് പ്രാവർത്തികമാക്കുവാൻ കഴിയുന്ന നിർദ്ദേശങ്ങൾ അടങ്ങുന്ന സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കുവാനും തീരുമാനിച്ചു. ജനകീയ അടിസ്ഥാനത്തിൽ അങ്ങനെയൊരു കമ്മറ്റി 2001 ഒക്ടോബർ 8-ാം തീയ്യതി ഔപചാരികമായി നിലവിൽ വരുകയും ചെയ്തു.

വയനാടിന്റെ സമ്പദ്ഘടന മുഖ്യമായും ആശ്രയിച്ചിരിക്കുന്നത് കൃഷിയെയാണ്. കഴിഞ്ഞ അൻപതിലേറെ വർഷങ്ങളായി ജില്ലയിലെ കർഷകർ ലാഭകരമായി തന്നെ വിവിധതരം വിളകൾ കൃഷി ചെയ്തുപോന്നിരുന്നു. എന്നാൽ കഴിഞ്ഞവർഷത്തിന്റെ ആരംഭം മുതൽ ഇവിടുത്തെ കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധിക്ക് കാരണം പ്രധാനമായും കാർഷിക ഉൽപ്പന്നങ്ങളുടെ പെട്ടെന്നുണ്ടായ വിലയിടിവാണ്. കാർഷിക ഉൽപന്നങ്ങൾ അസംസ്കൃത വസ്തുക്കളായി മാത്രം വിപണനം നടത്തുന്ന കർഷകർക്ക് ഈ വെല്ലുവിളി നേരിടുവാൻ സാധ്യമല്ലാതെ വരുന്നു. കാർഷിക ആവശ്യങ്ങൾക്ക് വേണ്ടി എടുത്ത വായ്പകൾ തിരിച്ചടക്കാനാവാതെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ ഇവിടെയും കർഷകർ ആത്മഹത്യയുടെ വക്കിലാണ്. എന്നാൽ ഇതിന്റെ മറ്റൊരു വശം ഇത്രയും വിഭവശേഷിയുള്ള വയനാട് പോലെയുള്ള ഒരു പ്രദേശത്തെ കർഷകർ വേണ്ടരീതിയിൽ, പുതിയതായി തുറന്ന് കിട്ടിയിരിക്കുന്ന കമ്പോള സാധ്യതകൾ മുതലെടുത്ത് ഈ വിഭവങ്ങളെ കാര്യക്ഷമമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ്. ഇതിനുള്ള കാരണങ്ങൾ പലതാണ്. ഇതിൽ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, പുതിയ വ്യാപാര നിലവാരത്തെക്കുറിച്ചുള്ള അറിവില്ലായ്മ, ഗുണമേന്മ ഉറപ്പാക്കിയ കൃഷി രീതികൾ അവലംബിക്കുവാനുള്ള അലംഭാവമോ അറിവില്ലായ്മയോ, ജൈവകൃഷി അവലംബിച്ച് മാത്രം കൃഷി ചെയ്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തരമാർക്കറ്റിൽ ഉയർന്നവില ലഭിക്കായ്ക തുടങ്ങിയവയാണ്.

വയനാടിന്റെ കാർഷിക മേഖലയുടെ ഇന്നത്തെ അവസ്ഥ പരിശോധിക്കുന്നതിന്റെ ഭാഗമായി സങ്കീർണ്ണമായ ഒട്ടനവധി പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതായി വന്നു. കൂടാതെ കാർഷിക സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർ ഏർപ്പെടുന്ന പാരമ്പര്യകൃഷി സംരക്ഷണം ഒരു വെല്ലുവിളിയായി തോന്നുകയും ചെയ്തു. കൃഷി എന്ന് പറയുമ്പോൾ വെറും ലാഭം മാത്രം തരുന്ന ഒരു പ്രക്രിയയായി പരിണമിക്കാതെ സാമൂഹിക- പാരിസ്ഥിതിക സംരക്ഷണത്തിനും കൂടി വേണ്ടതാണ് എന്നൊരാശയം സമൂഹത്തിന് മൊത്തമായുണ്ടാകേണ്ടതുണ്ട്. പാരമ്പര്യകൃഷിരീതികളുടെ നൻമയും സംശുദ്ധിയും, ആധുനികതയുടെ സാങ്കേതികമേൻമയും ഒരുമിപ്പിച്ചുകൊണ്ടുള്ള ഒരു കൃഷി സമ്പ്രദായമാണ് വികസിപ്പിക്കേണ്ടത്. ഇതിനുവേണ്ടി തികച്ചും വ്യത്യസ്തമായ ഒരു കാർഷികവികസന കാഴ്ചപ്പാട് ഉരുത്തിരിഞ്ഞ് വരേണ്ടതുണ്ട്.

കൃഷി എങ്ങിനെ ചെയ്യണം എന്നതാണ് ഏറ്റവും പ്രസക്തമായ കാര്യം. ജില്ലയിലെ 90% ലേറെ കർഷകരും പുതിയ കൃഷിരീതികൾ തന്നെയാണ് അവലംബിക്കുന്നത്. രാസവളങ്ങളോടും, രാസകീടനാശിനികളോടും അമിതമായ ആഭിമുഖ്യം വളർന്നുവരുന്നതായി

കാണാം. "കൂടുതൽ വിളവിന് കൂടുതൽ വളം" എന്നൊരു കാഴ്ചപ്പാടാണ് കർഷകരിലധികംപേർക്കുമുള്ളത്. പലപ്പോഴും ശാസ്ത്രീയമായി ശുപാർശ ചെയ്യപ്പെട്ടതിലേറെയളവിൽ കീടനാശിനി-രാസവളപ്രയോഗങ്ങൾ നടത്തിവരുന്നു. രാസവള - കീടനാശിനികളുടെ ലഭ്യതയുടെ തോതിൽ ജൈവവളമോ ജൈവകീട നാശിനികളോ ഇന്ന് ലഭ്യമാകുന്നില്ല. അതുകൊണ്ടുതന്നെ അത്തരം മാർഗ്ഗങ്ങൾ അവലംബിച്ചുള്ള കൃഷിരീതികളിൽനിന്നും കർഷകർ പിൻവാങ്ങുകയും ചെയ്യുന്നു. ജൈവാധിഷ്ഠിതമായ വളങ്ങളും കീടനാശിനികളും കർഷകർക്ക് ചിലവു കുറഞ്ഞ രീതിയിലും എളുപ്പത്തിലും ലഭ്യമാക്കണമെന്ന അഭിപ്രായം വളരെ പ്രസക്തമാണ്.

മറ്റൊരു പ്രധാന പ്രശ്നം ഉയർന്നുവന്നത് കാർഷികവിളകളുടെ വിപണനത്തെ സംബന്ധിച്ചാണ്. ഇപ്പോഴും കാർഷിക ഉൽപന്നങ്ങൾ അസംസ്കൃത വസ്തുക്കളായി തന്നെ വിറ്റഴിക്കപ്പെടുന്നു. മൂല്യവർദ്ധനവ് നടത്തി സംസ്കരിക്കപ്പെട്ട ഉൽപ്പന്നങ്ങൾ വില്ക്കുന്നതിൽ ഇവിടുത്തെ കർഷകർ മാതൃക കാണിക്കുന്നതേയില്ല. നിലവിലുള്ള സാഹചര്യങ്ങൾ ഇങ്ങിനെയൊരു അവസരം സൃഷ്ടിക്കുന്നില്ല എന്നതു ശരി തന്നെ. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക ശേഷിയും നേടുവാൻ സഹായിക്കുന്ന പദ്ധതികളൊന്നുംതന്നെ ജില്ലയിൽ ഇന്നില്ല. അതുകൊണ്ട് ഈ രംഗത്ത് കൂടുതൽ ശ്രദ്ധചെലുത്തിയുള്ള ഒരു കർമ്മ പദ്ധതി ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്. വയനാടിന്റെ സവിശേഷഗുണമാർന്ന തനത് വിളകളുടെ വ്യാപകമായ കൃഷിയേയും വിപണനത്തേയും സംബന്ധിച്ചതായിരുന്നു മറ്റൊരു പ്രശ്നം. വയനാടൻ ഗന്ധകശാല, ജീരകശാല തുടങ്ങിയ നെല്ലിനങ്ങളും, വയനാടൻ കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവിളകളും എങ്ങിനെ ശാസ്ത്രീയമായി വികസിപ്പിച്ചെടുക്കാമെന്നത് ഗൗരവപരമായി ചർച്ച ചെയ്യപ്പെട്ടു.

ജൈവാധിഷ്ഠിതമായ സുസ്ഥിരകൃഷിരീതികൾ പ്രോൽസാഹിപ്പിക്കുന്നതിന് മുഖ്യമായും ഇവിടുത്തെ കാലിവളർത്തൽ സംരംഭം പ്രോൽസാഹിപ്പിക്കുക എന്നതായിരുന്നു ചർച്ചയ്ക്ക് വന്ന മറ്റൊരു വിഷയം. പൊതുവെ ഭൂരിപക്ഷം വരുന്ന മധ്യവർഗ്ഗ കൃഷിക്കാർ കാലി വളർത്തലിൽ വലിയ പ്രാമുഖ്യം കൊടുക്കുന്നതായി കാണുന്നില്ല. ഇതിന് മാറ്റം വരത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ വളരെ വേഗത്തിലാരംഭിക്കണമെന്ന ആശയം ഉണ്ടായി.

ഔഷധസസ്യങ്ങളുടേയും, സുഗന്ധസസ്യങ്ങളുടേയും, അലങ്കാരസസ്യങ്ങളുടേയും വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയായിരുന്നു വേറൊരു പ്രധാന ആശയം. വളരെയേറെ ഔഷധസസ്യസമ്പത്ത് അവകാശപ്പെടാവുന്ന ജില്ലയിൽ അത്തരം കൃഷി നിലനിൽക്കുന്നില്ല. വാണിജ്യ പ്രാധാന്യമുള്ള കസ്തൂരിമഞ്ഞൾ, ചിറ്ററത്ത, ചെങ്ങഴിനീർകിഴങ്ങ് തുടങ്ങിയ ഔഷധസസ്യങ്ങളും, പാച്ചോറ്റി, പെപ്പർമിന്റ് തുടങ്ങിയ സസ്യങ്ങൾക്കും (Aromatic plants) വയനാട്ടിൽ നല്ല സാധ്യതകൾ ഉണ്ട്. എന്നാൽ കർഷകർക്ക് ഇതിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ഇത്തരം സസ്യങ്ങളുടെ വിപണനത്തിലുള്ള അനിശ്ചിതത്വം മാറ്റുവാനുള്ള മാർഗ്ഗങ്ങൾ വേണമെന്ന് കമ്മിറ്റി ഒന്നടങ്കം അഭിപ്രായപ്പെട്ടു. വയനാടിന്റെ പ്രകൃതി ഭംഗിയും മറ്റു പാരിസ്ഥിതിക ഗുണമഹിമയും മുതലെടുത്തുകൊണ്ടുള്ള വിനോദസഞ്ചാര പദ്ധതികൾ ആവശ്യമാണെന്ന ആശയത്തിൽ കമ്മിറ്റിയംഗങ്ങൾ ഏക അഭിപ്രായക്കാരായിരുന്നു. ഫാം ടൂറിസം ശാസ്ത്രീയമായ അടിത്തറയോടുകൂടി കർഷകർ ചൂഷണവിധേയമല്ലാത്ത രീതിയിൽ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയും ചർച്ചചെയ്യപ്പെട്ടു.

ഈ പ്രശ്നങ്ങൾ വിശദമായി പരിശോധിക്കുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതായിരുന്നു കമ്മിറ്റിയുടെ മുഖ്യ ലക്ഷ്യം. വയനാട്ടിലെ കൃഷിയെക്കുറിച്ചും - വിപണനത്തെക്കുറിച്ചും സമഗ്രമായി പഠിക്കേണ്ടതിന്റെ ആവശ്യകത കമ്മറ്റിയിൽ പലവട്ടം ഉയർന്നുവന്നു. പ്രത്യേകിച്ചും സമ്പൂർണ്ണ ജൈവകൃഷിയത്നത്തിന്റെ പശ്ചാത്തലത്തിൽ. വയനാട്ടിലെ കൃഷിസംവിധാനത്തിന്റെ രൂപത്തിലും ഉള്ളടക്കത്തിലും കഴിഞ്ഞ 20

വർഷങ്ങൾക്കിടയിൽ വലിയ തോതിലുള്ള മാറ്റങ്ങൾ ഉണ്ടായി എന്ന് കമ്മറ്റി വിലയിരുത്തി. ജൈവവിഭവങ്ങൾ കാര്യക്ഷമമായി സംരക്ഷിച്ച് ഉപയോഗപ്പെടുത്തി വന്നിരുന്ന പാരമ്പര്യകൃഷി രീതികൾ ക്രമേണ കച്ചവട സാധ്യതകൾ മാത്രം കണ്ടുകൊണ്ടുള്ള കടുംകൃഷി സമ്പ്രദായങ്ങളിലേക്ക് വഴിമാറി കൊടുത്തു. സർക്കാർ പിന്തുണയോട് കൂടി ഉത്പാദന ചെറുകിട-വൻകിട ഭേദമെന്യെ കാർഷികോൽപ്പാദന-വിപണന രംഗത്ത് പാരമ്പര്യ കൃഷിരീതികളുടേയും പരിസ്ഥിതിയുടേയും നിലനിൽപിനുതന്നെ വെല്ലുവിളി ഉയർത്തികൊണ്ട് ഈ രംഗം തഴച്ചു വളർന്നു. കച്ചവടവൽക്കരണത്തിന്റേയും അതിനെ തുടർന്നുണ്ടായ മാറ്റങ്ങളുടെയും ഫലമായി കാർഷിക വികസനരംഗം പൊതുവെ നിലവാരത്തകർച്ചയ്ക്ക് അടിമപ്പെട്ടു. കൃഷിയെ ലാഭകരവും എന്നാൽ സുസ്ഥിരവുമാക്കുവാനും പ്രതിജ്ഞാബദ്ധമായ സ്ഥാപനങ്ങളും സംഘടനകളും ഈ രംഗത്ത് പരാജയപ്പെടുകയും ചെയ്തു. ഈയൊരു പരാജയം ഏറ്റവും കൂടുതൽ ബാധിക്കുക സമൂഹത്തിലെ പിന്നോക്ക കർഷകരെയാണെന്ന് നമുക്ക് കണ്ടെത്തുവാൻ കഴിയും. സുസ്ഥിരമായ കൃഷിരീതികൾക്ക് വേണ്ടിയും, ലാഭകരമായ വിപണന സമ്പ്രദായങ്ങൾക്ക് വേണ്ടിയുമുള്ള ഏതൊരു നിർദ്ദേശത്തിനും മുന്നോടിയായി വിശദമായ പഠനവും, ചർച്ചകളും നടക്കേണ്ടതുണ്ട് എന്ന് വ്യക്തമാണ്. അതാവട്ടെ, വയനാട്ടിലെ കൃഷി രംഗത്തെക്കുറിച്ച് നന്നായി അറിയാവുന്ന പ്രതിബദ്ധരും നവീനാശയഗതിക്കാരുമായ ഒരു സംഘമാണ് നിർവ്വഹിക്കേണ്ടത്.

മേൽപ്പറഞ്ഞ തരത്തിലുള്ള ഒരു വിദഗ്ധ സംഘത്തെ കണ്ടെത്തുവാനുള്ള പരിശ്രമത്തിന്റെ ഫലമാണ് വയനാട് കാർഷിക വികസന കമ്മറ്റി. ജില്ലയിലെ അറിയപ്പെടുന്ന കർഷകനായ ശ്രീ. എം. പി. സനത്കുമാറാണ് കമ്മിറ്റി ചെയർമാൻ. താഴെ പറയുന്നവരാണ് കമ്മറ്റിയിലെ അംഗങ്ങൾ.

1. അഡ്വ: എം. ഡി. വെങ്കിടസുബ്രഹ്മണ്യൻ : WCGA, Coffee Board Member
2. ഡോ. എൻ. അനിൽ കുമാർ : Principal Scientist & Head, CABC, MSSRF
3. ശ്രീ. ടി. എസ്. രാധാകൃഷ്ണൻ : Municipal Chairman, Kalpetta
4. ശ്രീ. ആർ. വേണുഗോപാൽ : (B.Sc. Agri) Secretary, Rural Agriculture Wholescale Market
5. ശ്രീ. ലൂയിസ് ഫിഗരഡോ : Journalist, Kalpetta
6. ശ്രീ. ഫിലിപ്പ് കുര്യൻ : (B.Sc. Agri.) ADO, KSCARDB, Kalpetta
7. ശ്രീ. എസ്. വിശ്വേശ്വരൻ : Lecturer (M.Sc Agri.) GVHSS, Kalpetta
8. ശ്രീ. കെ. വി. ദിവാകരൻ : Farmer, President, OFCO.
9. ശ്രീ. പി. ടി. ഗോപാലകുറുപ്പ് : Chairman, MILMA
10. ശ്രീ. കെ. എൽ. പൗലോസ് : President, Dist. Panchayath
11. ശ്രീ. പ്രൊഫ. കെ. പി. തോമസ്സ് : DCC President, Wayanad
12. ശ്രീ. പി. എ. മുഹമ്മദ് : CPM District Secretary
13. ശ്രീ. ഡോ. കെ. സി. ഐപ്പ് : Associate Director, RARS
14. ഡോ. ജി. എസ്. അരുൾ അരശൻ : Asst. Prof., Krishi Vigyan Kendra, Ambalavayal
15. ഡോ. മനോമോഹൻദാസ് : Assoc. Prof. Krishi Vigyan Kendra, Ambalavayal
16. ശ്രീ. ധനേഷ് കുമാർ : Asst. Director, RASTHA Kamblakkadu
17. ശ്രീ. വിഷ്ണു : Co-ordinator, RASTHA Kamblakkadu
18. ശ്രീ കെ. മുകുന്ദൻ : Planter, Bharathiya Jana Karshaka Morcha Marketing Society.
19. ശ്രീ. സി. എച്ച്. വൽസലൻ : AGM, NABARD
20. ശ്രീ. പി. ജെ. ചാക്കോച്ചൻ : District President INFARM

| | | |
|---|---|---|
| 21. | ശ്രീ. ജോർജ്ജ് മുണ്ടയ്ക്കൽ | : President, Wayanad Fruit and Vegetable Marketing Society. |
| 22. | ഡോ. അനിൽ സക്കറിയ | : Veterinery Surgeon, Pozhuthana. |
| 23. | ശ്രീ. പള്ളിയറ രാമൻ | : Member, Management Advisory Committee, CAbC, Kalpetta. |
| 24. | ശ്രീമതി. അന്നക്കുട്ടിപോൾ | : Member, Management, Advisory Committee, CAbC |
| 25. | ശ്രീ. സി. എം. ജിതേന്ദ്ര അയ്യർ | : Dist. Planning Officer |
| 26. | ശ്രീ. കെ. മമ്മൂട്ടി | : Agriculture Officer, Vellamunda |
| 27. | ശ്രീ. ബാബുരാജ് എം | : URAVU, Thrikalpatta |
| 28. | ശ്രീ. എം. പ്രകാശ് | : Chief Executive Officer, Brahmagiri Development Society, Wayanad. |
| 29. | ശ്രീ. രാജു. ഇ. ടി | : Voice S. Bathery |
| 30. | ശ്രീ. വി. കേശവൻ | : Member, Management Advisory Committee, CAbC. |
| 31. | ശ്രീ. എ. എം. ജോൺ | : Deputy Director of Agriculture |
| 32. | ശ്രീ. ഇ. ജെ. ജോസ് | : Project Officer, WSSS. Mananthavady |
| 33. | ശ്രീ. എസ്. എസ്. സാലുമോൻ | : Agriculture Officer, K.B. Pulpally |
| 34. | ശ്രീ. സിബി മാത്യു | : UPASI Advisory Officer, Meppadi |
| 35. | ഡോ. കെ. മധുസൂദനൻ | : Scientist, CAbC, MSSRF, Kalpetta |
| 36. | ശ്രീ. ജി. ഗിരിജൻ | : Research Associate, CAbC, MSSRF, Kalpetta. |
| 37. | ശ്രീ. വി. ബാലകൃഷ്ണൻ | : Research Associate, CAbC, MSSRF, Kalpetta. |
| 38. | കുമാരി. യാസ്മിൻ | : Research Associate, CAbC, MSSRF, Kalpetta. |

## പരിശോധനാ വിഷയങ്ങൾ

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി താഴെപ്പറുന്ന വസ്തുതകൾ കമ്മറ്റി ശ്രദ്ധാപൂർവ്വം പരിഗണിച്ചിരിക്കുന്നു.

- ചെറുകിട കർഷകരുടെ താല്പര്യം മുൻനിർത്തി വയനാടിന്റെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഓരോ വിളകളുമായി ബന്ധപ്പെട്ട് പഠിക്കുക.

- ഓരോ വിളകളെയും അടിസ്ഥാനപ്പെടുത്തി ഈ ജില്ലയ്ക്ക് ഉള്ള അനുകൂല ഘടകങ്ങൾ (Strength), പരിമിതികൾ (Weaknesses), അവസരങ്ങൾ (Opportunities), ഭീഷണികൾ (Threats) എന്നിവ കണ്ടെത്തുക.

- ഇങ്ങനെ കണ്ടെത്തുന്ന അനുകൂല ഘടകങ്ങൾ നിലനിർത്തുവാനും അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാനും പരിമിതികളും പ്രശ്നങ്ങളും പരിഹരിക്കുവാനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക.

- ഇപ്പോഴത്തെ കമ്പോളാവസ്ഥയിലൂടെ കിട്ടിയിരിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നല്കുക.

## വയനാട് കാർഷിക വികസന സമിതിയുടെ പ്രവർത്തന ഡയറി

**2001 സെപ്തംബർ 1** എം. എസ്. സ്വാമിനാഥൻ ഫൗണ്ടേഷന്റെ പുത്തൂർവയൽ കേന്ദ്രത്തിൽ വച്ചു നടന്ന മീറ്റിംഗിൽ വച്ച് വയനാട് കാർഷിക വികസന കമ്മറ്റിയുടെ രൂപീകരണം ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ടു.

**2001 ഒക്ടോബർ 8** ഈ കമ്മറ്റിയുടെ ആദ്യയോഗം. കൃഷി മേഖലയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ SWOT അടിസ്ഥാനത്തിൽ വിശകലനം ചെയ്യണമെന്ന് തീരുമാനം ശരിവച്ചു. കൂടാതെ മുഖ്യമായും പരിഗണിക്കപ്പെടേണ്ട വിളകളും വിഷയങ്ങളും ഏതെല്ലാമാകണമെന്നും തീരുമാനം ഉണ്ടായി. വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള കർമ്മ സമിതികൾ രൂപീകരിച്ചു.

**ഒക്ടോബർ 13, 2001:-** കമ്മറ്റിയുടെ രണ്ടാം യോഗം. പ്രധാന ഉദ്ദേശങ്ങൾ, വിളകൾ പ്രത്യേകമായെടുത്ത് കർമ്മ സമിതി തയ്യാറാക്കിയ വിവരങ്ങൾ എന്നിവ ചർച്ച ചെയ്യപ്പെട്ടു. ഓരോ വിളകളേയും സംബന്ധിച്ചുള്ള പ്രത്യേക പരിഗണനാ വിഷയങ്ങൾ ഏതൊക്കെയാകണമെന്ന് തീരുമാനമുണ്ടായി.

**ഒക്ടോബർ 19, 2001** മൂന്നാം യോഗം. പ്രാഥമിക റിപ്പോർട്ടിന്റെ ഘടനയെക്കുറിച്ച് ധാരണ. റിപ്പോർട്ട് എഴുതൽ കമ്മറ്റിയെ കണ്ടെത്തൽ. ഇതിനെതുടർന്ന് തുടർച്ചയായ ദിവസങ്ങളിൽ റിപ്പോർട്ട് എഴുതൽ കമ്മറ്റി ഒത്തു ചേർന്നു. കർമ്മ സമിതിയോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും ശുപാർശകളും ഉൾകൊള്ളിച്ചുകൊണ്ട് റിപ്പോർട്ട് പുന:പരിഷ്കരിച്ചു.

**നവംബർ 26, 2001.** കല്പറ്റയിൽ നടന്ന കാർഷിക സമ്മേളനത്തിൽ ഡോ. കെ. എൻ. എൻ. എസ് നായർ, ഡോ. കെ. വി. പീറ്റർ, ഡോ. പി. പുഷ്പാംഗദൻ, പ്രൊഫ. എം. കെ. പ്രസാദ് തുടങ്ങിയവരുമായി അഭിമുഖം.

**ഡിസംബർ 20, 2001.** കമ്മറ്റിയുടെ നാലാംയോഗം. പ്രാഥമിക റിപ്പോർട്ടിന്റെ അവതരണം. റിപ്പോർട്ടിൽ വരുത്തേണ്ട മാറ്റങ്ങൾ ചർച്ചചെയ്യപ്പെട്ടു. വിമർശനോന്മുഖമായ പല കാര്യങ്ങളും ഉന്നയിക്കപ്പെട്ടു. റിപ്പോർട്ട് സൂക്ഷ്മ പരിശോധന നടത്തുവാനും ക്രോഡീകരിക്കുവാനുമായി ശ്രീ. ആർ. വേണുഗോപാൽ, ശ്രീ. ഫിലിപ്പ് കുര്യൻ, ശ്രീ. ലൂയിസ്, ശ്രീ. വിശ്വേശ്വരൻ, ശ്രീ. ദിവാകരൻ, ശ്രീ. ജോസ്, ശ്രീ. ജോൺ എന്നിവരടങ്ങിയ ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**ജനുവരി 14, 2002.** അഞ്ചാം യോഗം. മുൻകൂട്ടി വിതരണം ചെയ്തിരുന്ന പുതുക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ ചർച്ച. കൂട്ടി ചേർക്കേണ്ടതും നീക്കം ചെയ്യപ്പെടേണ്ടതുമായ ഭാഗങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

ചെയർമാന്റെ അംഗീകാരത്തിന് വേണ്ടി അന്തിമ റിപ്പോർട്ട് ജനുവരി 20 ന് മുമ്പ് നൽകുവാൻ തീരുമാനമുണ്ടായി.

ഈ കമ്മറ്റി ഏറ്റെടുത്ത ചുമതല അത്യന്തം സങ്കീർണ്ണവും വളരെ പ്രാധാന്യമർഹിക്കുന്നതു മായിരുന്നതിനാൽ പല പ്രാവശ്യം (പ്രധാനയോഗങ്ങൾ ആറ്. കർമ്മ സമിതി യോഗങ്ങൾ മൂന്ന്) ഒത്തുചേരുകയും വയനാടിന്റെ കൃഷിമേഖലയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കുകയും ചെയ്തു. കൂടാതെ നിരവധി കർഷകരിൽ നിന്നും സംഘടനകളിൽ നിന്നും പല പ്രശ്നങ്ങൾക്കും വിശദമായ പ്രതികരണങ്ങൾ തേടുകയും ചെയ്തു. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ ഗ്രാമതലത്തിലുള്ള പ്രവർത്തകർ മുഖേന ഇതു സംബന്ധിയായ വിവരശേഖരണം

നടത്തുകയും ചെയ്തു. കഴിയുന്നത്ര പ്രായോഗികവും ലളിതവുമായ അഭിപ്രായങ്ങളും നിർദേശങ്ങളും രൂപപ്പെടുത്തുവാൻ കമ്മറ്റി ശ്രദ്ധിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ ഭാഗമായി പ്രധാനപ്പെട്ട പന്ത്രണ്ട് പ്രശ്നങ്ങൾ സംബന്ധിക്കുന്ന ശുപാർശകൾ മുന്നോട്ടു വയ്ക്കുവാൻ കമ്മറ്റി ശ്രമിക്കുന്നു. (പേജ് 11 കാണുക) ഇതുമായി ബന്ധപ്പെട്ട പല പരിഗണനാ വിഷയങ്ങളും ഉന്നയിക്കുവാൻ കമ്മറ്റി ശ്രമിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് കർഷകരുടെ ഇടയിൽ പൊതുവായ ചർച്ചയ്ക്കും സംവാദത്തിനും വിധേയമാക്കണമെന്നാണ് കമ്മിറ്റി ആഗ്രഹിക്കുന്നത്. ഈയൊരർത്ഥത്തിൽ ഇതൊരു ജനകീയ റിപ്പോർട്ടാണ്. സാധാരണക്കാരായ കർഷകരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സംവാദങ്ങളുയർത്തുവാനും, വയനാടിന്റെ കൃഷിമേഖലയിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുവാനും ഈ റിപ്പോർട്ട് വഴിതെളിക്കട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. എ. രത്നം (ചെയർമാൻ മാനേജ്മെന്റ് അഡ്വൈസറി കമ്മിറ്റി CAbC), പ്രൊഫ. എം. കെ പ്രസാദ് (ശാസ്ത്ര സാഹിത്യ പരിഷത്ത്), ഡോ. പി. പുഷ്പാംഗദൻ (ഡയറക്ടർ, നാഷണൽ ബൊട്ടാണിക് ഗാർഡൻ), ഡോ. കെ. എൻ. എൻ. എസ്. നായർ (മുൻ വൈസ് ചാൻസലർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി), ഡോ. കെ. വി. പീറ്റർ (വൈസ്ചാൻസലർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി) എന്നിവരെ കൂടാതെ ഒട്ടനവധി കർഷകരേയും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി അഭിമുഖം നടത്തിയിട്ടുണ്ട്. ഇവരോട് കമ്മറ്റി നന്ദി രേഖപ്പെടുത്തുന്നു. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി കമ്മറ്റിയംഗങ്ങൾ നല്കിയ ഹൃദയംഗമമായ സഹകരണത്തിന് എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ കടപ്പെട്ടിരിക്കുന്നു.

**എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ**

14-01-2002

## ആമുഖം

വയനാട് കേരളത്തിലെ നാണ്യവിളകൃഷിയുടെയും സുഗന്ധവിളകൃഷിയുടെയും സിരാകേന്ദ്രമാണ്. ജില്ലയുടെ മൊത്തം കൃഷിഭൂമി 2 ലക്ഷം ഹെക്ടർ ആണ്. സംസ്ഥാനത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാപ്പിയുടേയും ഇഞ്ചിയുടേയും 80% ലേറെ ഈ ജില്ല സംഭാവന ചെയ്യുന്നു. ഇന്ത്യയിൽ ആകെ കാപ്പി കൃഷിചെയ്യപ്പെടുന്ന 2,92,467 ഹെക്ടർ സ്ഥലത്തിൽ 84,735 ഹെക്ടറിൽപരം കേരളത്തിലാണ്. വയനാട്ടിൽ 70,327 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷി ചെയ്യുന്നു. നെൽകൃഷി, നഞ്ച 16,882 ഹെക്ടറിലും, പുഞ്ച 8,725 ഹെക്ടറിലുമാണ്. ഏലം 1738 ഹെക്ടർ, തെങ്ങ് 8,942 ഹെക്ടർ, അടയ്ക്ക 5,713 ഹെക്ടർ, വാഴ 8,120 ഹെക്ടർ, റബ്ബർ 3,008 ഹെക്ടർ എന്നീ ക്രമത്തിലാണ്. ഇതിൽ കാപ്പി കഴിഞ്ഞാൽ 43,540 ഹെക്ടർ സ്ഥലത്ത് കുരുമുളക് ഇടവിളയായി കൃഷിചെയ്യുന്നു. ഇവിടുത്തെ കർഷകരിൽ 84,920 പേരോളം 1 ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. 1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ 14,925 പേരും, 2നും 10നും ഇടയിൽ 10,195 പേരും, 10നുമുകളിൽ 397 പേരും ഉണ്ട്.

ഏകദേശം 2,126 ച.കി. മീറ്റർ (കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 5.49%) വിസ്തീർണ്ണമുള്ള വയനാട്ടിൽ 2001-ലെ സെൻസസ്സ് റിപ്പോർട്ട് പ്രകാരം 7,80,167 ജനങ്ങൾ പാർക്കുന്നു. ഇതിൽ 17% ത്തോളം ഇവിടുത്തെ തനത് നിവാസികളാണ് (ആദിവാസികളാണ്). ജനസംഖ്യയുടെ 90% ലേറെയും കാർഷികവൃത്തിയോ അനുബന്ധജോലികളോ ഉപജീവനമാർഗ്ഗമാക്കിയവരാണ്. കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കി യാതൊരു തരത്തിലുള്ള വ്യവസായങ്ങളും ഇല്ലാത്ത നാടുകൂടിയാണ് വയനാട്. ഉദാഹരണത്തിന് കേരളത്തിലെ കാപ്പി ഉൽപാദനത്തിന്റെ മുക്കാൽപങ്കും വയനാട്ടിൽ നിന്നാണെങ്കിലും ഇത് മുഴുവൻ സംസ്കരിക്കപ്പെടുന്നത് വയനാടിന് പുറത്താണ്. വയനാട്ടിലേക്കാവശ്യമുള്ള കാപ്പിപ്പൊടിപോലും പുറത്ത് നിന്നാണ് വരുന്നത്. കാപ്പിയുടെ ആഭ്യന്തര ഉപഭോഗം തീരെ കുറവുള്ള ജില്ലയാണ് വയനാട്. ഇവിടെ കൃഷി ചെയ്യപ്പെടുന്ന എല്ലാ വിളകളുടേയും ഉല്പന്നങ്ങൾ അസംസ്കൃത വസ്തുക്കളായി മാത്രം വിറ്റഴിക്കപ്പെടുന്നു. ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒട്ടുമിക്ക കാർഷിക വ്യവസായ യൂണിറ്റുകളും ഇന്ന് പ്രവർത്തിക്കുന്നില്ല.

ലോകത്തിലെ തന്നെ പ്രധാനപ്പെട്ട ജൈവസമ്പന്നമേഖലകളിൽ ഒന്നായി ചൂണ്ടി - ക്കാണിക്കാവുന്ന ഒരു പ്രദേശമാണ് വയനാട് ഉൾപ്പെട്ട ഇന്ത്യയിലെ പശ്ചിമഘട്ട പർവ്വത നിരകൾ. വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളും, സമൃദ്ധമായ മഴയും, ജലാശയങ്ങളും, ഇടുങ്ങിയ മലയിടുക്കുകളും വയനാടിന്റെ ജൈവവൈവിധ്യത്തെ പരിപോഷിപ്പിച്ചിരുന്നു. ചെമ്പ്രമല ഉൾപ്പെട്ട വെള്ളാർ മലനിരകൾ (2,245 മീ.), ബാണാസുര മല (2,061 മീ.), ബ്രഹ്മഗിരി മല (1,608 മീ.), തരിയോട് മല (1,553 മീ.) തുടങ്ങിയവയാണ് വയനാട്ടിലെ പ്രധാന മലകൾ. കബനീ നദിയും പോഷകനദികളായ പനമരം പുഴ, മാനന്തവാടിപ്പുഴ, കാളിന്ദിപ്പുഴ എന്നിവയും വയനാടിന്റെ കൃഷിയെ അനുഗ്രഹിച്ചിരുന്നു. പാരമ്പര്യ കൃഷിക്കാർ ഈ വിഭങ്ങളെല്ലാം വളരെ കരുതലോടെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് സ്ഥിതി ആകെ മാറിയിരിക്കുന്നു.

വൈവിധ്യമാർന്ന ജൈവസമ്പത്തുള്ള ഈ പ്രദേശത്തെ മിക്ക സസ്യജന്തുജാലങ്ങളും ഇന്ന് വംശനാശഭീഷണി നേരിടുകയാണ്. ഇങ്ങനെ ജൈവസമ്പുഷ്ടമായതും എന്നാൽ അതിവേഗം നശിച്ചുകൊണ്ടിരിക്കുന്നതുമായ പശ്ചിമഘട്ട പർവ്വത നിരകളിൽ ഉൾപ്പെട്ട ഏകദേശം 29 പ്രദേശങ്ങളെ പരിസ്ഥിതി വിദഗ്ധർ എടുത്ത് പറഞ്ഞിട്ടുണ്ട്. ഇതിൽ കേരളത്തിൽ നിന്നും കണ്ടെത്തിയിരിക്കുന്ന പ്രധാന മേഖലകളിലൊന്നാണ് നീലഗിരി-വയനാട്-സൈലന്റ് വാലി പ്രദേശങ്ങൾ. ഇതിൽ തന്നെ ഏറ്റവും കൂടുതൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളിലൊന്നായി വയനാടിനെ കണക്കാക്കിയിരിക്കുന്നു. ജൈവവൈവിധ്യത്താൽ വളരെ സമ്പുഷ്ടമായിരുന്ന "Camel's hump"

എന്നു വിളിക്കപ്പെടുന്ന തെക്കൻ വയനാടൻ മലകളും, നിലമ്പൂർ കാടുകളും, കൂടാതെ വടക്ക് പടിഞ്ഞാറൻ ഭാഗത്തെ ബ്രഹ്മഗിരി കാടുകളും ഉൾപ്പെട്ട പ്രദേശം ഇന്ന് ഇത്തരത്തിലുള്ള ജൈവശോഷണത്തിന്റെ മകുടോദാഹരണങ്ങളാണ്.

വയനാടിന്റെ സമ്പുഷ്ടമാർന്ന കാടുകൾ ഏറ്റവും കൂടുതൽ നശിപ്പിക്കപ്പെട്ടത് ബ്രിട്ടീഷുകാരുടെ കാലത്തായിരുന്നു. ഗുണമേൻമയാർന്ന തടികൾക്ക് (Timber) വേണ്ടി അവർ വ്യാപകമായി ഉപയോഗപ്പെടുത്തിയിരുന്ന പ്രദേശം വയനാടായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഇവിടുത്തെ കാടുകൾ, വിശേഷിച്ചും നനഞ്ഞ ഇലപൊഴിയും കാടുകളിൽ നല്ലൊരുപങ്കും തേക്ക് വച്ചുപിടിപ്പിക്കുവാൻ വേണ്ടി ഉപയോഗപ്പെടുത്തി. എന്നാൽ ഇവിടുത്തെ വനങ്ങൾ ഏറ്റവും കൂടുതൽ വെട്ടി തെളിക്കപ്പെട്ടത് കാപ്പി കൃഷി ആരംഭിച്ചതോടുകൂടിയാണ്. മനുഷ്യന് അപ്രാപ്യമായ കുന്നിൻ പ്രദേശങ്ങളൊഴികെ മറ്റെല്ലാ മലഞ്ചെരിവുകളിലും കാപ്പികൃഷി ചെയ്യപ്പെട്ടു തുടങ്ങി. രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാനത്തോടുകൂടി വയനാട്ടിലേക്കുണ്ടായ വൻ കുടിയേറ്റം, ഈ പ്രദേശത്തിന്റെ പാരിസ്ഥിതിക, ജൈവസ്വാഭാവികത ഇല്ലാതാക്കുന്നതിൽ വളരെയേറെ പങ്കുവഹിച്ചു. ഗവൺമെന്റ് തന്നെ ഈ കാലയളവിൽ പട്ടിണി നേരിടുന്നതിന് വേണ്ടി "Grow more food programme" എന്ന പദ്ധതിയാരംഭിക്കുകയും, അതിനെതുടർന്ന് കൂടുതൽ നനവാർന്ന തെക്കു കിഴക്കൻ പ്രദേശങ്ങളും, കൂടുതൽ വരണ്ട മൈസൂറിനോട് അടുത്ത വനപ്രദേശങ്ങളുമൊഴികെ മറ്റെല്ലായിടത്തും ജനങ്ങൾ താമസമാരംഭിക്കുവാനും തുടങ്ങി. കാലക്രമേണ സമീപത്തുള്ള വളരെയേറെ പ്രദേശങ്ങളിലെ ആയിരക്കണക്കിന് ഏക്കർ വനഭൂമി കൃഷിക്കുവേണ്ടി വെട്ടിത്തെളിക്കപ്പെട്ടു.

വയനാട് ആദിമ നിവാസികളുടെ സംഗമ ഭൂമിയാണ്. ഇവർ ജൈവവിഭവങ്ങളെ സൂക്ഷ്മമായി പഠിച്ച് ഉപയോഗപ്പെടുത്തിയിരുന്നു. കുറിച്ച്യർ, പണിയർ, കുറുമർ, കാട്ടുനായ്ക്കർ, അടിയർ തുടങ്ങിയവർ ഈ പ്രദേശത്ത് വളരെ പണ്ട്മുതൽക്കെ വസിച്ച്വരുന്ന ആദിവാസി വിഭാഗത്തിന്. സ്വന്തമായി കൃഷി ചെയ്തു ജീവിച്ച് വന്നവരാണ് കുറിച്ച്യരും, കുറുമരും. പണിയർ അടിയർ തുടങ്ങിയവർ ആദ്യകാലങ്ങളിൽ കുറിച്ച്യ-കുറുമ സമുദായങ്ങളുടെ കൃഷിപ്പണിക്കാരായും, പിന്നീട് കുടിയേറ്റ ജന്മിമാരുടെ പണിക്കാരായും വർത്തിച്ചു. വയനാടിന്റെ കാർഷിക വ്യവസ്ഥയെ താങ്ങി നിർത്തുന്നതിൽ ഈ വിഭാഗക്കാർ വളരെയേറെ പങ്ക്വഹിച്ചിരുന്നു. കൃഷിയിടങ്ങളിൽ കഠിനമായി പണിയെടുക്കുന്നവരായിരുന്നു പണിയർ. വയനാടിന്റെ അന്നത്തെ പ്രധാന കൃഷി വയലുകളിൽ നെല്ലും, കരപ്രദേശങ്ങളിൽ മുത്താറിയുമായിരുന്നു. ഇത്തരം കൃഷികളിൽ പണിക്കാരായി ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെട്ടവർ പണിയ സമുദായക്കാരായിരുന്നു. വയനാടിന്റെ തെക്ക്കിഴക്കൻ പ്രദേശങ്ങളിൽ എള്ളും കൃഷി ചെയ്തിരുന്നു.

പാരമ്പര്യകൃഷിയിൽ എടുത്തു പറയേണ്ടത് നെൽക്കൃഷിയാണ്. സെപ്തംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കന്നിക്കൃഷിയായിരുന്നു പണ്ട് വ്യാപകം. മകരക്കൃഷി (ജനുവരി 1 മുതൽ മാർച്ച് 31 വരെയുള്ള) വ്യാപകമായി ഇല്ലായിരുന്നു. എന്നാൽ ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ കുറേശ്ശെയായി ഇത് അനുവർത്തിച്ചു വന്നിരുന്നു. വയനാട്ടിൽ കാർഷിക ഉപജീവനത്തിന്റെ ആണിക്കല്ലായി നെൽകൃഷി വർത്തിച്ചിരുന്നു. പണ്ട് കാലത്ത് ജനങ്ങളുടെ വരുമാനമാർഗ്ഗം എന്നതിലപ്പുറം സംസ്കാരം എന്ന നിലയ്ക്കായിരുന്നു നെൽകൃഷിയുടെ സ്ഥാനം. മുഖ്യമായ ജലസേചനമാർഗ്ഗങ്ങൾ നിലവിലില്ലാതിരുന്ന അക്കാലത്ത് മഴയെ ആശ്രയിച്ചായിരുന്നു ജനങ്ങൾ കൃഷി ചെയ്തിരുന്നത്. ഇന്നും വയനാടിന്റെ കൂടുതൽ ഭാഗങ്ങളിലും മഴയെ ആശ്രയിച്ചാണ് നെൽകൃഷിചെയ്യുന്നത്. സ്വാതന്ത്ര്യലബ്ദിക്കുമുമ്പ് ഇന്നത്തെ വയനാട് ഉൾപ്പെടുന്ന പ്രദേശം പഴയ മൈസൂർ സ്റ്റേറ്റിന്റെ ഭാഗമായിരുന്നു. അക്കാലത്ത് ഭക്ഷ്യ സ്വയം പര്യാപ്തതക്കായി നെൽകൃഷിയെ ആശ്രയിച്ചിരുന്നതിനാലും വയലുകളെ വ്യാപകമായി സംരക്ഷിച്ചിരുന്നതിനാലും ഈ പ്രദേശത്തെ ആകമാനം 'ബൈലുനാട്' എന്നു വിളിച്ചിരുന്നു. 'ബൈലുനാട്' എന്നാൽ

വയലുകളുടെ നാട് എന്നാണർത്ഥം. ഇത് പിന്നീട് വയൽനാട് എന്നും വയൽനാട് ലോപിച്ച് വയനാട് ആയിതീരുകയും ചെയ്തു എന്നും കരുതുന്നു. ആദ്യകാലഘട്ടങ്ങളിൽ ഈ പ്രദേശത്ത് നെൽകൃഷി വ്യാപകമായിരുന്നു എന്നുള്ളതിന് ഈ പേരുതന്നെ ഒരു തെളിവായി കണക്കാക്കാവുന്നതാണ്.

ജില്ലയിൽ ഭൂരിപക്ഷം പേരും ഇന്നനുവർത്തിച്ചുവരുന്ന കൃഷി ജൈവവൈവിധ്യ സംരക്ഷണവും, ജലം, മണ്ണ്, അന്തരീക്ഷം എന്നിവയുടെ സുസ്ഥിരമായ ഉപയോഗവും ഉറപ്പ് വരുത്താത്തതാണ്. ഇതിനൊരപവാദം പാരമ്പര്യകൃഷി അനുവർത്തിക്കുന്ന ആദിവാസി, പിന്നോക്ക സമൂഹങ്ങളിലെ കൃഷിക്കാരും കൃഷിയെ സ്നേഹിക്കുന്ന മറ്റ് ഗ്രാമ സമൂഹങ്ങളിലെ ചുരുക്കം ചില കുടുംബങ്ങളുമാണ്. വയനാടിന്റെ കൃഷി പ്രധാനമായും മലഞ്ചെരുവിനേയും, വയലിനേയും ആശ്രയിച്ചാണ്. മലഞ്ചെരുവുകളിൽ പ്രധാനം കാപ്പികൃഷിയും, തേയിലയും, ഏലവും, ഇഞ്ചിയും, പിന്നെ ഇടവിളയായി കാപ്പി/ തേയില തോട്ടങ്ങളിൽ കുരുമുളകും. ഈ വിളകളെല്ലാം തന്നെ ഉല്പാദനക്ഷമതയിൽ തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പിന്നിൽ നിൽക്കുന്നു. പലതരം രോഗങ്ങൾ കൊണ്ട് ഇന്ന് ഈ വിളകൾ എല്ലാം തന്നെ നശിച്ചുകൊണ്ടിരിക്കുകയാണ്. മണ്ണ് സംരക്ഷണം തീരെ ഉറപ്പാക്കാത്തതാണ് മലനിരകളിലെ കൃഷി, വിശേഷിച്ചും ഇഞ്ചിക്കൃഷി. കൂടുതൽ പേരും ഈ കൃഷി ചെയ്യുന്നത് ചരിവിന് സമാനമായിട്ടാണ്. ഇത് മണ്ണൊലിപ്പ് കൂടുവാൻ കാരണമാകുന്നു. മഴവെള്ളം വേണ്ട രീതിയിൽ സംരക്ഷിക്കുവാനുള്ള മാർഗ്ഗങ്ങൾ തീരെ അവലംബിക്കുന്നില്ലായെന്നുതന്നെ പറയാം. മാത്രവുമല്ലാ, പ്രകൃത്യായുള്ള മഴവെള്ള സംരക്ഷണമാർഗ്ഗങ്ങളായ കൊല്ലിയും, വയലും മറ്റ് ചതുപ്പ് പ്രദേശങ്ങളും നികത്തുകയൊ, മാറ്റം വരുത്തുകയൊ ചെയ്തിരിക്കുന്നു.

കാർഷിക വിളകളിലെ രോഗത്തിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത് അമിതമായ രാസവള ഉപയോഗങ്ങളും, അശാസ്ത്രീയമായ കീടനാശിനി/കളനാശിനി പ്രയോഗങ്ങളുമാണ്. കർഷകർ മാത്രമല്ല ഇതിന് കുറ്റക്കാർ. കൃഷിശാസ്ത്രജ്ഞൻമാരും കൃഷിവകുപ്പും അടങ്ങിയ മറ്റ് പലരും കൂടി ഇതിന് ഉത്തരവാദികളാണ്. പുതിയ വിത്തിനങ്ങളുടെ തള്ളിക്കയറ്റം പഴയ പല നല്ല വിത്തിനങ്ങളും ഇവിടെ നിന്നും ഇല്ലാതാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ജില്ലയിൽ പണ്ടുണ്ടായിരുന്ന 12-ഓളം കുരുമുളക് ഇനങ്ങളിൽ ഇപ്പോൾ അവശേഷിച്ചിരിക്കുന്നത് മൂന്നോ നാലോ മാത്രമാണ്. ഇത് തന്നെ കൃഷി ചെയ്യപ്പെടുന്നത് വളരെ ചുരുക്കം കൃഷിയിടങ്ങളിലും. 75-ൽ പരം നാടൻ നെൽവിത്തിനങ്ങൾ പണ്ട് കൃഷി ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 10-ൽ താഴെ മാത്രമെ കൃഷി ചെയ്യപ്പെടുന്നുള്ളൂ. ഇതുപോലെ തന്നെ മഞ്ഞൾ, ഇഞ്ചി, കമുക് തുടങ്ങിയവയുടെ നാടനിനങ്ങളും തുടച്ച് നീക്കപ്പെട്ടിരിക്കുന്നു. വിളവ് നൽകുന്നതും രോഗപ്രതിരോധശേഷിയുള്ളതുമായ അവശേഷിച്ചിരിക്കുന്ന നാടൻ ഇനങ്ങൾ ഏതുവിധേനെയും സംരക്ഷിച്ച് നിലനിർത്തേണ്ടത് സുസ്ഥിരമായ കൃഷി പ്രചരിപ്പിക്കുന്നതിനും വിജയിപ്പിക്കുന്നതിനും അത്യാവശ്യമാണ്. ഇത്തരം ഇനങ്ങളുടെ ഗുണസവിശേഷതകൾ ശാസ്ത്രീയമായി പഠിപ്പിച്ച് പുതിയ തലമുറയിലെ കർഷകരെ അത് ബോധ്യപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ഇന്ന് ജില്ലയിലെ കാർഷിക മേഖലയാകെ കനത്ത പ്രതിസന്ധിയിലാകുവാൻ പ്രധാന കാരണം വിളകളുടെ വിലയിടിവാണ്. കൂടാതെ രോഗങ്ങളും കീടബാധയും അപ്രതീക്ഷിതമായ കാലാവസ്ഥാമാറ്റവും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു. ഇത്തരം പ്രതിസന്ധികൾ ഏറ്റവും കൂടുതൽ ഗ്രസിച്ചിരിക്കുന്നത് കാപ്പി , കുരുമുളക്, ഇഞ്ചി, കമുക്, നെല്ല് എന്നിവ കൃഷി ചെയ്യുന്ന കർഷകരെയാണ്. ഇവിടുത്തെ മണ്ണിന്റെ മഹിമയൊ, കാലാവസ്ഥയുടെയും പ്രകൃതിയുടേയും അനുഗ്രഹമൊ കണ്ടറിയാതെ ഭൂരിപക്ഷം വരുന്ന കർഷകരും കൃഷിചെയ്തു വരുന്നു. കൂടുതൽ ലാഭേച്ഛയോടുകൂടി, പരിസ്ഥിതിക്ക് വിഘാതമായ രീതിയിലുള്ള കൃഷിരീതികൾ അവലംബിക്കുന്നതു കൊണ്ടും, ദീർഘ

വീക്ഷണത്തോടുകൂടിയല്ലാത്ത വികസനപ്രവർത്തനങ്ങൾ കൊണ്ടും വയനാടിന്റെ മണ്ണും മറ്റു വിഭവങ്ങളും, ജൈവവൈവിധ്യവും മാരകമാം വിധം നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഒരു പശ്ചാത്തലം നിലനിൽക്കുമ്പോൾ തന്നെയാണ്, ആഗോളവൽക്കരണത്തിന്റേയും അതിനെ തുടർന്ന് ലോക വ്യാപാരത്തിലുണ്ടായ മാറ്റങ്ങളുടേയും പരിണിതഫലമായി കർഷകന്റെ എല്ലാ പ്രതീക്ഷകളും തകിടം മറിച്ചുകൊണ്ട് കാർഷിക വിഭവങ്ങളുടെ ഇന്നത്തെ വില തകർച്ച. ലോകവിപണിയിൽ നല്ല ഡിമാന്റുള്ള കാപ്പിയും, കുരുമുളകും, ഇഞ്ചിയും, ഏലവും ഉൽപാദിപ്പിക്കുന്ന വയനാടൻ കർഷകരേയാണ് ഇത് ഏറ്റവും കൂടുതൽ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്.

ഇത്തരം പ്രതിസന്ധികൾ യഥാർത്ഥമായി അവതരിപ്പിക്കുകയും അതിനായി കർഷകർ തന്നെ മുന്നോട്ടു വയ്ക്കുന്ന പരിഹാര നിർദ്ദേശങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാർ, എം.എസ്.സ്വാമിനാഥൻ ചെയർമാനായുള്ള സംസ്ഥാന WTO കമ്മീഷൻ എന്നിവ മുമ്പാകെയും സമർപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

- വിവിധ കാർഷിക വിഭവങ്ങളുടെ ഉത്പാദന, ഉപയോഗ, വിപണന സാധ്യതകൾ വർദ്ധിപ്പിക്കുവാനും വില വർദ്ധനയ്ക്കും കേന്ദ്ര- കേരള സർക്കാരിനേയും, കേരള സർക്കാർ നിയോഗിച്ച WTO കമ്മീഷൻ മുമ്പാകെയും വയനാടിന്റെ ഈ രംഗത്തുള്ള സാധ്യതകളും സാഹചര്യങ്ങളും വ്യക്തമാക്കുക.

- വയനാടിന്റെ ജൈവവൈവിധ്യസമ്പന്നത നിലനിർത്തിയുള്ള കൃഷിരീതികൾ അവലംബിക്കുന്നതിനാവശ്യമായ നടപടികൾ ശുപാർശചെയ്യുക.

- വിവിധ കാർഷിക വിളകളുടെ മൂല്യ വർദ്ധിത സംസ്കരണ പ്രക്രിയ ആധാരമാക്കിയുള്ള വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാനത്തിൽ വയനാട് ജില്ലയ്ക്ക് മുഖ്യ പരിഗണന കിട്ടുവാനുള്ള വസ്തുതകൾ അവതരിപ്പിക്കുക.

- ഔഷധ പ്രാധാന്യമാർന്ന കാർഷിക വിളകളെ (ഔഷധ നെല്ലിനങ്ങൾ, ഔഷധ സുഗന്ധ വിളകൾ, മറ്റ് ഔഷധ സസ്യങ്ങൾ) അടിസ്ഥാനപ്പെടുത്തിയുള്ള ഗവേഷണ, പഠന, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വയനാട് ജില്ലയിൽ കാര്യക്ഷമമാക്കുവാനുള്ള നിർദേശങ്ങൾ നൽകുക.

- കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ -ബയോടെക്നോളജി ലാബ്, ടിഷ്യൂകൾച്ചർ ലാബ്, ഗ്രീൻ-ഹൗസ്, പോളി ഹൗസ്, സുശക്തമായ വിപണന ശൃംഖല, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ- വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക.

- കാർഷിക രംഗത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ അവതരിപ്പിക്കുക.

- കാർഷികാനുബന്ധ മേഖലയായ ക്ഷീരവികസന-മൃഗസംരക്ഷണ സാധ്യതകൾ പഠന വിധേയമാക്കി ആവശ്യമായ നടപടികൾ ശുപാർശചെയ്യുക.

**എം. പി. സനത്കുമാർ**
ചെയർമാൻ

14-01-2002

# വയനാട് ജില്ലയുടെ സുസ്ഥിരമായ കാർഷിക വികസനത്തിന് വേണ്ട ശുപാർശകളും പ്രധാന നിർദ്ദേശങ്ങളും

## 1. ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കിയ കൃഷിമുറകൾ

ജൈവവൈവിധ്യ സംരക്ഷണത്തിൽ കൃഷിക്കുള്ള പ്രാധാന്യം ഊന്നിപ്പറയേണ്ടതില്ല. ജൈവവൈവിധ്യം, പ്രത്യേകിച്ചും കാർഷിക ആവാസവ്യവസ്ഥകളിൽ കാണപ്പെടുന്ന വൈവിധ്യം സംരക്ഷിക്കുന്നതിൽ മണ്ണും പരിസരവും അറിഞ്ഞുകൊണ്ടുള്ള കൃഷി പ്രധാന പങ്ക് വഹിക്കുന്നു. എന്നാൽ ഇന്ന് ജില്ലയിൽ നിലനിൽക്കുന്ന കൃഷിരീതികൾ തികച്ചും അശാസ്ത്രീയവും, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാത്തതുമാണ്. കൃഷി രംഗത്തെ പാവപ്പെട്ടവർ മാത്രമാണ് ഇന്ന് പരിസ്ഥിതിക്ക് ഇണങ്ങുന്ന കൃഷിരീതികൾ അവലംബിക്കുന്നത്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, അവർ നിത്യ പട്ടിണിയിലുമാണ്. മറിച്ച് ധനികരായ കർഷകർ ഇവിടുത്തെ മണ്ണും, ജലവും മറ്റ് ജൈവവിഭവങ്ങളും പരമാവധി ചൂഷണം ചെയ്തു കൃഷി ചെയ്തു ലാഭം നേടുന്നു. അതുകൊണ്ട് വയനാടിന് പൈതൃകമായി കിട്ടിയിരിക്കുന്ന ജൈവവിഭവങ്ങളെയും അതു കാര്യമായി സംരക്ഷിച്ചു വരുന്ന പാവപ്പെട്ട കർഷകരെയും കേന്ദ്രീകരിച്ചുള്ള ഒരു കൃഷി മാതൃക വികസിപ്പിച്ചെടുക്കുവാൻ കഴിയണം. ഈ മാതൃകയ്ക്കുള്ള ഒരു പ്രധാന പോംവഴിയായി ഞങ്ങൾ കാണുന്നത് വയനാടിനെ ജൈവകാർഷിക ജില്ലയായി പ്രഖ്യാപിക്കുകയെന്നതാണ്. ഇതിന് വേണ്ട രീതിയിൽ നിലവിലുള്ള കാർഷിക സംവിധാനത്തെ ചിട്ടപ്പെടുത്തണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ പിന്നോക്ക വിഭാഗങ്ങൾ, ആദിവാസി സമൂഹങ്ങൾ, സ്ത്രീകൾ എന്നിവരുടെ അറിവും, താൽപര്യങ്ങളും, ആവശ്യങ്ങളും പ്രത്യേകമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. മാത്രവുമല്ല കൂടുതൽ കർഷകരെ ഘട്ടം ഘട്ടമായി ജൈവകൃഷിയിലേക്ക് കൊണ്ടുവരുവാനുള്ള സത്വര നടപടികൾ അവരുമായി കൂടിയാലോചിച്ച് നടപ്പിലാക്കണം. ഈ രംഗത്ത് ജില്ലയിലെ ചില NGOs കൈവരിച്ച നേട്ടങ്ങൾ മാതൃകയാക്കിയെടുക്കാവുന്നതാണ്. മറ്റൊരു കാര്യം ഞങ്ങളുടെ ശ്രദ്ധയിൽ വന്നത് ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ ജൈവവളങ്ങളുടെ ലഭ്യതക്കുറവാണ്. Branded Names-ൽ ഉള്ള പല ജൈവവളങ്ങളും മാർക്കറ്റിൽ ഉണ്ടെങ്കിൽ കൂടിയും അതിന്റെ വില രാസവളങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതൽ ആണ്. ഇത്തരം വളങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തി കർഷകർക്ക് ആകർഷകമായ സബ്സിഡി നൽകി ഇത്തരം വളങ്ങൾ അവർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളണം. ജില്ലക്ക് വേണ്ട ഒരു ജൈവകാർഷിക വികസനം ലക്ഷ്യമാക്കുന്ന മറ്റ് കാര്യങ്ങൾ താഴെപ്പറയുന്നു.

1. ജൈവകൃഷി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സർട്ടിഫിക്കേഷനുള്ള ചിലവ് കുറഞ്ഞതും ലളിതവുമായ മാർഗ്ഗങ്ങൾ.

2. വയനാട് ജില്ലയുടെ ഔഷധസസ്യ സമ്പന്നതയും ഔഷധസസ്യ ചികിത്സാ പാരമ്പര്യവും കണക്കിലെടുത്തുകൊണ്ടുള്ള ഗവേഷണം, വിജ്ഞാനവ്യാപനം, സംസ്കരണം, വിപണനം തുടങ്ങിയവ.

3. പരിസ്ഥിതി, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കാവുകൾ (Sacred Groves) കുളങ്ങൾ, ചതുപ്പുകൾ, പൊന്തക്കാടുകൾ, കൈതകൂട്ടങ്ങൾ തുടങ്ങിയവ സംരക്ഷിക്കുവാനുള്ള ശ്രമങ്ങൾ.

4. ജൈവ കൃഷിരീതിയ്ക്കത്യന്താപേക്ഷിതമായ ജൈവ കീട - കുമിൾ നാശിനികളും, ജൈവജീവാണു വളങ്ങളും ജില്ലയിൽ നിർമ്മിക്കുന്നതിന് സഹായകമായ അഗ്രോക്ളിനിക്കുകൾ പ്രോൽസാഹിപ്പിക്കുവാനുള്ള വ്യാപകമായ നടപടികൾ.

5. ജൈവവിഭവങ്ങളുടെ സംസ്കരണവും വിപണനവും കയറ്റുമതിയും ലക്ഷ്യമാക്കിയുള്ള Export Processing Zone -ന് രൂപം നൽകൽ.

6. ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിച്ചെടുക്കുന്ന വിളകൾക്ക് ഒരു പ്രീമിയം പ്രൈസ് ലഭിക്കുവാനുള്ള നടപടികളും, ജില്ലയിലെ അത്തരം കർഷകർക്ക് അവരുടെ പേരുവിവരങ്ങളും കൃഷിരീതികളും രജിസ്റ്റർ ചെയ്യുവാനുള്ള ശ്രമങ്ങളും നടപ്പിലാക്കുവാനുള്ള മാർഗ്ഗങ്ങൾ. ഇത്തരം കർഷകർക്ക് സബ്സിഡിയോ മറ്റു തരത്തിലുള്ള പ്രോത്സാഹനമോ നല്കുവാൻ ഗവൺമെന്റ് ഭാഗത്ത് നിന്നുള്ള ശ്രമങ്ങൾ.

7. പരിസ്ഥിതിക്ക് തീവ്രമായ രീതിയിൽ നാശമുണ്ടാക്കുന്ന കീട/കുമിൾ നാശിനികളുടെ ഉപയോഗം നിയന്ത്രിക്കുവാനുള്ള കർശനമായ മാർഗ്ഗങ്ങൾക്ക് രൂപം നൽകൽ ഇതിനായി അത്തരം ഉൽപ്പന്നങ്ങൾ വില്ക്കുന്ന സ്ഥാപനങ്ങൾക്ക് അനുയോജ്യമായ മാർഗ്ഗരേഖകൾ നൽകൽ.

### 2. ആധുനിക സൗകര്യങ്ങളിലധിഷ്ഠിതമായ. വിപണനതന്ത്രങ്ങൾ

ജില്ലയിലെ കാർഷിക ഉല്പന്നങ്ങൾ കാര്യക്ഷമമായി സംഭരിക്കുവാനോ, കർഷകർ ചൂഷണത്തിന് വിധേയമാകാതെ വിറ്റഴിക്കപ്പെടുവാനോ ഇന്നുള്ള മാർഗ്ഗങ്ങൾ തീരെ അപര്യാപ്തമാണ്. ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ദേശീയതലത്തിലും അന്തർദേശീയതലത്തിലും നടപ്പിൽ വരുത്തേണ്ട വിപണന തന്ത്രങ്ങളും, അതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളും, ജില്ല ഇന്ന് നേരിടുന്ന കാർഷിക പ്രതിസന്ധിയ്ക്ക് ഒരു പരിധിവരെ പരിഹരിക്കുവാൻ അത്യന്താപേക്ഷിതമാണെന്ന് കമ്മറ്റി ഒന്നടങ്കം അഭിപ്രായപ്പെടുന്നു. ഇതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. ജില്ലയ്ക്ക് തനതായി ഒരു കാർഷിക വിപണന തന്ത്രം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിനായി കാർഷിക വകുപ്പ് മുൻകൈയെടുത്ത് കർഷക സംഘടനാ പ്രവർത്തകരും വ്യാപാരികളും കയറ്റുമതിക്കാരും ഈ രംഗത്തെ മറ്റ് വിദഗ്ധരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്യുകയും നടപ്പിൽ വരുത്തേണ്ട കാര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കാർഷിക വകുപ്പിനെ ഇതിനായി കൂടുതൽ സജ്ജമാക്കേണ്ടിയിരിക്കുന്നു.

2. ജില്ലയിൽ, ബത്തേരിയിൽ ഇന്നുള്ള മൊത്ത വിപണന കേന്ദ്രം ആധുനികരിക്കപ്പെടണം. ഇവിടെ ആധുനിക സൗകര്യങ്ങൾ ഉള്ള സംഭരണശാലകളും ശീതികരിണങ്ങളുംഉണ്ടാകണം.

3. ജില്ലയിൽ വികേന്ദ്രീകൃതമായി വിപണികളും സംഭരണകേന്ദ്രങ്ങളും ഉണ്ടാകണം. ഇതിനായി ഇന്നു നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമല്ലായെന്ന് ഞങ്ങൾ ബോധ്യപ്പെടുത്തുന്നു.

4. കർഷകരുടെ ഉൽപ്പന്നങ്ങൾ അവർക്കു തന്നെ നേരിട്ട് വിറ്റഴിക്കുവാൻ സൗകര്യമാർന്ന തരത്തിലുള്ള ചന്തകൾ ജില്ലയിലെ എല്ലാ പ്രധാന ജനവാസകേന്ദ്രങ്ങളിലും ഉണ്ടാകേണ്ടിയിരിക്കുന്നു. അതത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി അധികൃതർ ഇതിനായി മുൻകൈ എടുക്കണം. പ്രതിജ്ഞാബദ്ധമായ കർഷക സംഘടനകളും, സ്ഥാപനങ്ങളും ഈ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നും ഞങ്ങൾ കരുതുന്നു.


WAYANAD DISTRICT
Scale 0
5 Kms
KANNUR
KARNATAKA
KOZHIKODE
MALAPPURAM
TAMIL NADU
WAYANAD
INDIA
WET ZONE
DRY ZONE
Tholnattyvayal
Thirunelli
Thavinhal
Tindummal
Thrissileri
Chandanatodu
Periya
Mudummal
Kartikulam
Chegaur
Padichira
Mukki
Valatt
Kabbani
Mananthavadi
Pulpally
Edavaka
Nallurnad
Cherukattur
Irulam
Chedleth
Kidanganad
Koroth
Tharuvana
Thondernad
Kanhirangad
Porunnannur
Panamaram
Perrurur
Vellamunda
Anchukunnu
Kottathara
Kuppadithara
Kaniyambetta
Puthady
Wayanad
Wildlife Sanctuary
Vennayot
Hatika
Purakkady
Krishnagiri
Padinharathara
Muttil North
Minangadi
Pathiripuzha
Kuppadi
Muthanga
Tariyod
Sultan's Bathery
Edacheri
Mutta
Nulpuzha
Vengappally
KALPETTA
Pulikkad
Nenmeni
Kanal
Ambalavayal
Cheeral
Thariode
Thrikkalppetta
Thomattuchal
Aramangalum
Kottappadi
Chundale
Pozhuthana
Natumula
Mennanyam
Neppadi
Vayittiri
Muppainad
Kunnathidavaka
Naduvannur
Vellarimala
Puduppadi
PANIYA
KATTUNAIKA
KURUMA
OTHERS
Study Sites
A
B
C
D
E

ഇതിനായി വളരെ വേഗത്തിലുള്ളതും എന്നാൽ ഹ്രസ്വവുമായ ഒരു വിദഗ്ധ പഠനം മുൻകൂറായി നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ഇങ്ങിനെ തയ്യാറാക്കപ്പെട്ട പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകണം ഈ രംഗത്ത് നവീകരണങ്ങൾ നടപ്പിൽ വരുത്തുവാൻ.

3. **ജൈവസമ്പന്നതയും, സാംസ്കാരിക സംരക്ഷണവും ഉറപ്പാക്കിയ വിനോദസഞ്ചാര പദ്ധതികൾ**

ഈ രംഗത്ത് ജില്ലയ്ക്കുള്ള സാദ്ധ്യതകൾ അനന്തമാണെന്ന് കമ്മിറ്റി കരുതുന്നു. ജില്ലയുടെ സൗഭാഗ്യങ്ങളായ മലനിരകളും, കാട്ടരുവികളും, പുൽമേടുകളും, വൈവിധ്യമാർന്ന ജന്തു സസ്യജാലങ്ങളും, സാംസ്കാരിക പ്രത്യേകതകളാർന്ന വിവിധ ആദിമവർഗ്ഗനിവാസികളും (പ്രകൃതിവിഭവങ്ങളെക്കുറിച്ച് അവർക്കുള്ള തനതായ അറിവും) മറ്റും വേണ്ട രീതിയിൽ ജില്ലയുടെ സാമ്പത്തിക നേട്ടങ്ങൾക്ക് വിനിയോഗിക്ക പ്പെട്ടിട്ടില്ലായെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഇതിനായുള്ള ഒരു പ്രധാന നിർദ്ദേശം വിനോദസഞ്ചാര-വകുപ്പ്, വനം വകുപ്പ്, കാർഷിക വകുപ്പ്, ആരോഗ്യ വകുപ്പ്, സാംസ്കാരിക വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുമായി ബന്ധപ്പെട്ട അധികൃതർ പരസ്പരം കൈകോർത്ത് ഒരു സമഗ്ര പദ്ധതി തയ്യാറാക്കണമെന്നും മറ്റ് ജനകീയ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി കൊണ്ട് ഇതു നടപ്പിൽ വരുത്തണമെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഇക്കോടൂറിസം, അഗ്രോടൂറിസം, ഹെൽത്ത് ടൂറിസം തുടങ്ങിയവക്കെല്ലാം ഈ ജില്ലയ്ക്ക് വളരെയേറെ സാദ്ധ്യതകൾ ഉണ്ടെന്നിരിക്കെ, ഈ രംഗത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെന്നാൽ ഇത്തരത്തിലുള്ള സംരംഭങ്ങൾ യാതൊരു കാരണവശാലും പരിസ്ഥിതിക്കോ, സംസ്കാരത്തിനോ, സാമൂഹ്യ വ്യവസ്ഥക്കോ, സ്ത്രീകൾക്കോ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ പാടില്ലായെന്നതാണ്. ഈ ഒരു നിർദ്ദേശത്തെ ആസ്പദമാക്കി താഴെപ്പറയുന്ന വിലയിരുത്തലുകൾ കമ്മറ്റി നടത്തിയിരിക്കുന്നു.

1. ടൂറിസത്തോടൊപ്പം അതിന്റെ ദൂഷ്യവശങ്ങളായ സെക്സ് ടൂറിസം, പാശ്ചാത്യ സാംസ്കാരത്തിന്റെ അമിതമായ അധിനിവേശം, പരിസര മലിനീകരണം എന്നിവ ഉണ്ടാകാനുള്ളസാദ്ധ്യതകൾ. (ഈ ഭയം അതിന്റെ ശരിയായ ഗൗരവത്തിൽ തന്നെയെടുത്തു കൊണ്ട് ബദൽ സംവിധാനങ്ങൾ നിർദ്ദേശിക്കുവാൻ പദ്ധതി തയ്യാറാക്കുന്നവർ ശ്രദ്ധിക്കണം)

2. ഇവിടുത്തെ ജൈവവിഭവങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ഔഷധങ്ങൾ, ആരോഗ്യ ദായക വിഭവങ്ങൾ, ഭക്ഷ്യവിഭവങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ ഗുണമേന്മ ഉറപ്പ് വരുത്തി വനിതാ സംഘങ്ങൾ വഴി തയ്യാറാക്കപ്പെട്ട് വിപണനം നടത്തുവാൻ കഴിയണം. (ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ ഇത്തരം ഉല്പന്നങ്ങളെക്കുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചുമൊക്കെ ശാസ്ത്രീയാടിസ്ഥാനത്തിലുള്ള വിവരങ്ങൾ തയ്യാറാക്കപ്പെടണം.)

3. ടൂറിസത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ സൗകര്യങ്ങൾ വർദ്ധപ്പിക്കേണ്ടതിന്റെ ആവശ്യകത. ജില്ലയിലെ മേപ്പാടി പഞ്ചായത്തിനെ തൊട്ടടുത്ത നിലമ്പൂരുമായി ബന്ധപ്പെടുത്തുന്ന റോഡ് നിർമ്മാണം. ഇതു കൂടാതെ തുടങ്ങിവച്ച പദ്ധതികളായ പൂഴിത്തോട് റോഡ്, ബൈരക്കുപ്പപാലം എന്നിവയുടെ നിർമ്മാണം. ജില്ലയെ തൊട്ടടുത്ത സംസ്ഥാനമായ മൈസൂരുമായി ബന്ധപ്പെടുത്തുവാനുള്ള റെയിൽ മാർഗ്ഗങ്ങൾ ആലോചനയിലിരിക്കുന്ന ഈ പദ്ധതികളെല്ലാം കഴിയുന്നതും വേഗം നടപ്പിലാക്കപ്പെടണം.

4. ടൂറിസം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ ഏതൊക്കെ രീതിയിൽ, എങ്ങിനെയെല്ലാം നടന്നുപോകുന്നു എന്ന് തിട്ടപ്പെടുത്തുവാനുള്ള മോണിട്ടറിങ്ങ് സൗകര്യങ്ങൾ ഉണ്ടാകണം. ഇതിന്റെ ഭാഗമായി എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റ് സ്പോട്ടുകളിലും പോലീസ് എയ്ഡ്പോസ്റ്റ്, മറ്റ് സുരക്ഷിതത്വ മാർഗ്ഗങ്ങൾ തുടങ്ങിയവ ഉണ്ടാകണം. ടൂറിസം പ്രോജക്ടുകൾ നടപ്പി ലാക്കുന്നത് ജന പങ്കാളിത്തത്തോടുകൂടി പഞ്ചായത്തിന്റെ നേതൃത്വത്തിലാകണം.

5. ജില്ലയിലെ അനുകൂല കാലാവസ്ഥയും, അനുബന്ധ ജൈവ സമ്പന്നതയും കണക്കിലെടുത്തുകൊണ്ടും, കൂടാതെ തദ്ദേശ വാസികൾക്ക് അവരുടെ ഒഴിവു സമയങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുക എന്ന ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഇവിടെ ഒരു ബൊട്ടാണിക് ഗാർഡൻ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത.

4. ശാസ്ത്രീയാടിത്തറയുള്ള കാപ്പി, കുരുമുളക്, നെൽക്കൃഷി പ്രോത്സാഹിപ്പിക്കൽ:- കേരളത്തിലെ കാപ്പി കൃഷിയുടെ 80 ശതമാനത്തിലേറെയും വയനാട്ടിലാണ്. റോബസ്റ്റ ഇനം കാപ്പിയാണ് വയനാട്ടിൽ ഭൂരിപക്ഷംപേരും കൃഷിചെയ്യുന്നത്. സർക്കാർ നിയമങ്ങളും, അവരുടെ അനാസ്ഥയും, വർദ്ധിച്ച ഉല്പാദനച്ചിലവ്, ഏറ്റവും താഴ്ന്ന വില, ഏറ്റവും കുറഞ്ഞ ഉല്പാദനക്ഷമത എന്നീ കാരണങ്ങളും ഈ കൃഷിയെ ഇപ്പോൾ വലിയ പ്രതിസന്ധി യിലാക്കിയിരിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർഷകരും, വ്യാപാരികളും, കോഫിബോർഡ് ഉദ്യോഗസ്ഥരും ഒരുമിച്ച് ചേർന്നിരുന്നു രൂപപ്പെടുത്തണം. സർക്കാരിന്റെ നിയമ നടപടികൾ കർഷകർക്ക് ദ്രോഹപരമാകാതിരിക്കുവാൻ ശ്രദ്ധിക്കണം.

കേരളത്തിൽ കുരുമുളക് കൃഷിയിൽ ഇടുക്കി കഴിഞ്ഞാൽ (47,712 ഹെക്ടർ) തൊട്ട് പിന്നിൽ വയനാട് (43,540 ഹെക്ടർ) ആണ്. ഇവിടെ നാടൻ ഇനങ്ങളായ വാലൻകൊട്ട, ഉതിരൻകൊട്ട, കരിങ്കൊട്ട, കരിമുണ്ട, അയംപിരിയൻ, കുതിരവാലി തുടങ്ങിയവ ചെറിയ തോതിലെങ്കിലും കൃഷി ചെയ്യപ്പെടുന്നു. ഏറ്റവും കൂടുതൽ കൃഷി ചെയ്യപ്പെടുന്ന ഇനം പന്നിയൂർ 1 ആണ്. കുരുമുളക് കൃഷിയുമായിട്ട് ബന്ധപ്പെട്ട പ്രധാനപ്രശ്നങ്ങൾ വിലയിലുള്ള ഏറ്റക്കുറച്ചിലും വൻവിലയിടിച്ചിലും, സർക്കാർ ഇടപെടലുകൾ, ഭീകരമായ രോഗ ഭീഷണി, ഉല്പാദനച്ചിലവിലുള്ള വർദ്ധനവ്, കുരുമുളക് വിപണനത്തിന് നിയന്ത്രിതമായ സംവിധാനം നിലവിലില്ലായ്മ. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നടപടികൾ മുൻഗണ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടിയിരിക്കുന്നു.

നെൽകൃഷിയിൽ മഹത്തായ ഒരു പാരമ്പര്യം ഉണ്ടായിരുന്ന ഒരു ജില്ലയാണ് വയനാട്. ഈ പേരു പോലും ഉടലെടുത്തത് നെൽവയലുകളുടെ നാട് എന്ന വിശേഷണത്തിൽ നിന്നാണ്. നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയർന്നുവന്നത് ഇവിടെ സൂചിപ്പിക്കുന്നു. കുറഞ്ഞ ലാഭം, പരിസ്ഥിതിയിലുള്ള അപ്രതീക്ഷിതമാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, നെൽകൃഷി രംഗത്ത് നിക്ഷേപങ്ങളുടെ പോരായ്മ, ജനങ്ങൾക്ക് നാണ്യവിളകളോടുള്ള അഭിനിവേശം, അശാസ്ത്രീയമായ കൃഷി രീതികൾ മൂലം ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട മണ്ണും, അമിതമായ കീടബാധയും, ജനസംഖ്യാവർദ്ധനവും, ഇതര തൊഴിൽ മേഖലകളിലേക്ക് ചലിച്ചു കൊണ്ടിരിക്കുന്ന തൊഴിൽ ശക്തി, നെൽകൃഷി ചെയ്യുന്നത് ഇക്കാലത്ത് സാമൂഹ്യ പദവിക്ക് നിരക്കാത്തതാണെന്ന മനോഭാവം, കുറഞ്ഞുകൊണ്ടിരിക്കുന്ന കന്നുകാലി സമ്പത്ത്, മണൽവാരലിനും, ഇഷ്ടികക്കളത്തിനുമായി അമിതമായി ചൂഷണം ചെയ്യപ്പെടുന്ന വയലുകൾ. പരിഹരിക്കപ്പെടാനാവുന്ന ഇത്തരം പ്രശ്നങ്ങൾ സൂക്ഷമമായി പഠിച്ച് സത്വരനടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി ഒന്നടങ്കം അഭിപ്രായപ്പെടുകയുണ്ടായി.

**5. കാർഷിക വിജ്ഞാനവ്യാപനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ**

കാർഷിക വിജ്ഞാനവ്യാപനം ഇന്ന് ജില്ലയിൽ വളരെയേറെ ദുർബലമാണെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഇതിന് ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കാവുന്നത് ഇത്തരം സ്ഥാപനങ്ങൾ ഇവിടെ അപര്യപ്തമാണെന്നതാണ്. കേരളത്തിന്റെ കാർഷിക സമ്പദ്വ്യവസ്ഥയിൽ കാര്യമായ സംഭാവന നൽകുന്ന വയനാട്ടിൽ, ആകെയുള്ളത് ഒരു കാർഷിക വിജ്ഞാന കേന്ദ്രം മാത്രമാണ്. കർഷകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും വിജ്ഞാനവും പകർന്നു നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കൃഷി ഭവനുകൾ ഈ രംഗത്ത്

പരാജയമാണെന്ന് ഞങ്ങൾ കരുതുന്നു. സബ്സിഡികളും, സ്കീമുകളും കർഷകരിൽ എത്തിക്കുക എന്നത് മാത്രമെ ഇപ്പോൾ അവർക്ക് ചെയ്യുവാൻ കഴിയുന്നുള്ളൂ. ഇതിന് പരിഹാരമായുള്ള ഒരു പ്രധാന നിർദ്ദേശം വന്നത് കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ knowledge empowerment-ഉം, skill development- ഉം വേണമെന്നതാണ്. പരിസ്ഥിതി സംബന്ധിയായ വിഷയങ്ങൾ, മൂല്യവർദ്ധനവും വിപണനവും സംബന്ധിച്ച വിവരങ്ങൾ, സസ്യപ്രജനനം, രോഗ നിവാരണമാർഗ്ഗങ്ങൾ തുടങ്ങിയ വിഷയങ്ങൾ എന്നിവയിലെല്ലാം ഓരോ കൃഷി ഉദ്യോഗസ്ഥനും/ഉദ്യോഗസ്ഥയ്ക്കും വ്യക്തമായ അറിവുണ്ടാകണമെന്ന് വസ്തുത വിസ്മരിക്കാനാവുന്നതല്ല. താഴെപ്പറയുന്ന കുറവുകൾ ഈ രംഗത്തുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു.

1. ജില്ലയിൽ ടെക്നോളജി ഡിസിമിനേഷൻ ബ്യൂറോ (TDB) ഇല്ലായെന്ന വസ്തുത. ഈ ബ്യൂറോയിലൂടെ കാർഷികോൽപ്പന്ന സംസ്കരണം, മൂല്യ വർദ്ധിത സംസ്കരണം അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ വിവിധ ഏജൻസികളിൽ നിന്ന് സ്വരൂപിച്ച് കർഷകർക്ക് സൗജന്യമായ നിരക്കിൽ നൽകുവാനും, ഇതിനാവശ്യമായ പരിശീലനം നൽകുവാനും കഴിയണം.

2. കർഷകർക്ക് വർത്തമാന- ഭാവി കമ്പോള നിലവാരത്തെക്കുറിച്ചും (പ്രാദേശീകവും അന്തർദേശീയവും) കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും, ഓരോ വിളകളുടെയും പരിപാലന സമ്പ്രദായങ്ങളെക്കുറിച്ചും ഇന്ന് പൂർണ്ണ തോതിലുള്ള വിവരങ്ങളുടെ ലഭ്യതക്കുറവ്. (ഇത്തരം വിവരങ്ങൾ ഇന്റർനെറ്റ്- കമ്പ്യൂട്ടർ അധിഷ്ഠിത രീതിയിൽ ലഭ്യമാക്കത്തക്ക വിധത്തിൽ കാർഷിക വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിലൊ, കുറഞ്ഞപക്ഷം താലൂക്ക് അടിസ്ഥാനത്തിലൊ ഉണ്ടാകണം. എം.എസ്.സ്വാമിനാഥൻ ഫൗണ്ടേഷന്റെ ഈ രംഗത്ത് തമിഴ്നാട്ടിലെ വിജയം മാതൃകയാക്കിയെടുക്കാവുന്നതാണ്.)

3. കർഷകർക്ക് കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകളും വിജ്ഞാനവും പകർന്നു നല്കുവാൻ നിലവിലുള്ള ശാസ്ത്ര സ്ഥാപനങ്ങൾക്ക് പലപ്പോഴും കഴിയുന്നില്ലായെന്ന വസ്തുത. ഇത്തരം സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി അനുയോജ്യമായ പ്രവർത്തനങ്ങളും, മറ്റും വിജ്ഞാന വ്യാപന മാതൃകകളും കാഴ്ചവെക്കണം.

4. കർഷകരുടെ അവകാശങ്ങൾ എന്ന ആശയത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട മറ്റു പരിഗണനകളെക്കുറിച്ചും നിയമനിർമ്മാണ ശ്രമങ്ങളെക്കുറിച്ചും മറ്റുമുള്ള ബോധവൽക്കരണത്തിന്റെ കുറവ്. കർഷകർ Cultivator എന്ന നിലയിൽ മാത്രം വിവക്ഷിക്കപ്പെടാതെ അവർ Conservers ഉം, Breeders ഉം ആണെന്നുകൂടി അംഗീകരിച്ചു ആ നിലയിൽ അവർക്കുള്ള അവകാശങ്ങളും അതുമായി ബന്ധപ്പെട്ട അറിവും സംരക്ഷിക്കപ്പെടണം. അവർ കാത്തു സൂക്ഷിച്ച് വരുന്ന വിത്തിനങ്ങൾ അവരുടെ കൃഷിയിടങ്ങളിൽ തന്നെ സംരക്ഷിക്കപ്പെടുവാനും അതിന് തക്കതായ പ്രതിഫലവും അംഗീകാരവും കിട്ടുവാനുള്ള ശ്രമങ്ങളും ഉണ്ടാവണം. ഇത്തരം വിഷയങ്ങൾ കൂടുതൽ പ്രാധാന്യം നൽകി ഉയർത്തി കാട്ടേണ്ടിയിരിക്കുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് സർവ്വവിധ പ്രോത്സാഹനവും ലഭിക്കുവാനുള്ള നടപടികൾ ഉണ്ടാകണം.

**6. ഗുണമേന്മയാർന്ന വിത്തുല്പാദന വിപണന കേന്ദ്രങ്ങൾ**

ജില്ലയിലെ കർഷകർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങൾ നല്ല നടീൽ വസ്തുക്കളുടെ അപര്യാപ്തതയും, വേണ്ട സമയത്ത് അവയുടെ ലഭ്യതക്കുറവുമാണ്. കർഷകർ തന്നെ വിത്തു നശിച്ചുപോകാതെ സൂക്ഷിച്ച് ഉപയോഗിച്ച് വരുന്ന സമ്പ്രദായം

ഇപ്പോൾ നെൽക്കൃഷിയിൽ മാത്രമാണ് നിലനിൽക്കുന്നത്. പച്ചക്കറികൃഷിക്ക് പോലും അങ്ങനെ ഒരു സമ്പ്രദായം വ്യാപകമായി കാണുന്നില്ല. നാണ്യവിളകളുടെ നടീൽ വസ്തുക്കൾക്ക് വേണ്ടി പൂർണ്ണമായും കൃഷി ഭവനയൊ, അല്ലെങ്കിൽ അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തെയൊ, മറ്റ് സ്വകാര്യ നഴ്സറികളെയൊയാണ് കർഷകർ ആശ്രയിക്കുന്നത്. പക്ഷെ ഇവർക്ക് ഈ രംഗത്ത് പലപ്പോഴും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കാനാവാതെ വരുന്നു. ഇതിന് പരിഹാരമായി കമ്മറ്റി ചൂണ്ടിക്കാണിക്കുന്നത് പഞ്ചായത്ത് തലത്തിൽ ഓരോ വിളകളേയും അധികരിച്ച് വിത്തുല്പാദന കേന്ദ്രങ്ങളുണ്ടാകണമെന്നാണ്. ഇതിന് ഗവൺമെന്റിതര സംഘടനകൾ, ഗ്രാമതല ക്ലബുകൾ, വനിതാ സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവയ്ക്ക് പരിശീലനം നൽകി കർഷകരുമായി ചേർന്ന് നല്ലയിനം വിത്തുകൾ വികസിപ്പിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ താഴെപ്പറയുന്ന അഭിപ്രായങ്ങളും ഉയർന്ന് വന്നിരിക്കുന്നു.

1. സുഗന്ധവിളകളുടെ കാര്യത്തിൽ ഇന്ന് കോഴിക്കോട്ടെ സുഗന്ധവിള ഗവേഷണ കേന്ദ്രം അവരുടെ പെരുവണ്ണാമൂഴിയിലുള്ള Farm-A നിന്നും തൈകൾ വിതരണം ചെയ്യുന്നുണ്ട്. ഇവർ മുൻകൈയെടുത്ത് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇത്തരം നഴ്സറികൾ തുടങ്ങുവാനുള്ള നടപടികൾ ഉണ്ടാക്കണം.

2. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വിത്ത് വില്പനക്ക് മാത്രമായുള്ള ചന്തകൾ ആരംഭിക്കണം. ഇതിനായി MSSRF പോലെയുള്ള ഗവൺമെന്റിതര സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കാം.

3. നാടൻ വിത്തിനങ്ങൾക്ക് മാത്രമായി ഉല്പാദന പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിനായി കർഷക സമൂഹങ്ങളായ കുറിച്ച്യർ, കുറുമർ, തുടങ്ങിയ ആദിവാസി കുടുംബങ്ങളെ ഉൾപ്പെടുത്തണം. ഗ്രാമപഞ്ചായത്ത് ഇത്തരത്തിലുള്ള പദ്ധതികൾ തുടങ്ങുവാൻ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

### 7. ഭൂപ്രദേശ പ്രത്യേകതകൾ ദ്യോതിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് പ്രത്യേക വിപണി കണ്ടെത്തൽ

ഭൂപ്രദേശ പ്രത്യേകതകൾ സൂചിപ്പിക്കുന്ന ലോകപ്രസിദ്ധങ്ങളായ Darjeeling Tea, Champaigne തുടങ്ങിയവയ്ക്ക് ഇന്ന് മാർക്കറ്റിലുള്ള വൻ പ്രിയത്തിന് കാരണം അതിനുവേണ്ടിയുള്ള വിളകൾ കൃഷിചെയ്യപ്പെടുന്ന സ്ഥലത്തിന്റെ സവിശേഷ ഗുണമാണെന്നുള്ള വസ്തുത ഉൾക്കൊണ്ട് പ്രത്യേകഗുണസവിശേഷതയാർന്ന കാലാവസ്ഥയുള്ള ഈ നാട്ടിലും കൃഷി ചെയ്യപ്പെടുന്ന ചില വിളകൾ (ഉദാ. വയനാടൻ കുരുമുളക്, വയനാടൻ മഞ്ഞൾ തുടങ്ങിയവ) രജിസ്റ്റർ ചെയ്ത് സംരക്ഷിക്കുവാനും, അവയ്ക്ക് ലോക കമ്പോളത്തിൽ പ്രത്യേക വിപണി കണ്ടെത്തുവാനുമുള്ള ശ്രമങ്ങൾ ആരംഭിക്കണം. പക്ഷെ ഇതിനുവേണ്ടി ഇങ്ങനെയുള്ള പ്രത്യേകതയാർന്ന കാർഷിക വിളകളുടെ ഗുണസവിശേഷതകൾ ശാസ്ത്രീയമായി പഠിക്കപ്പെടുകയും മറ്റ് സ്ഥലങ്ങളിൽ ഉൽപ്പാദിക്കപ്പെട്ട അത്തരം ഉല്പന്നങ്ങളുമായി താരതമ്യപഠനം നടത്തുകയും വേണം. ഇതിനുള്ള ഒരു നിർദ്ദേശം IISR, Spices Board, KAU പോലുള്ള സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ശാസ്ത്രീയാടിത്തറയുള്ള ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുകയെന്നതാണ്. ഇത്തരത്തിലുള്ള ഗവേഷണ പദ്ധതികൾ ഒരു പക്ഷേ ആരംഭിച്ചിട്ടുണ്ടെങ്കിൽ അത് ശക്തിപ്പെടുത്തുകയൊ, ഇല്ലെങ്കിൽ പുതിയതായി തുടങ്ങുകയൊ വേണം. ഇതിന് വേണ്ടി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ധനസഹായം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മറ്റി അഭിപ്രായപ്പെടുന്നു.

8. പാരമ്പര്യേതര ഊർജ്ജസ്രോതസുകളുടെ പ്രോത്സാഹനം

വിദ്യുച്ഛക്തി വകുപ്പിനെ അമിതമായി ആശ്രയിച്ചാണ് ജില്ലയിലെ കൃഷി ഇന്ന് മുന്നോട്ട് പോകുന്നത്. ജലസേചനത്തിനും, കൃഷിയുമായി ബന്ധപ്പെട്ട് മറ്റ് ആവശ്യങ്ങൾക്കും കർഷകർക്ക് പൂർണ്ണമായും ഈ പറഞ്ഞ വകുപ്പിന്റെ മാത്രം സഹായം തേടേണ്ടി വരുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ഏറ്റവും അനുയോജ്യമായ പ്രദേശമാണിവിടം. ഈ സാദ്ധ്യത മുന്നിൽ കണ്ടുകൊണ്ട് യോജിച്ച സ്ഥലങ്ങളിൽ ഇത്തരം പദ്ധതികൾ ആരംഭിക്കണം. ജില്ലയിൽ നല്ല സാദ്ധ്യതയുള്ള മറ്റൊരു ഊർജ്ജ ഉല്പാദന സംരംഭം ബയോഗ്യാസ് പദ്ധതിയാണ്. ഇത് കർഷകരുടെയിടയിൽ വ്യാപകമായി പ്രചരിപ്പിക്കുവാൻ കഴിയണം. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിച്ച് ഇത്തരം മാർഗ്ഗങ്ങൾ അവലംബിക്കുവാനുള്ള സഹായ സഹകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കണം. കൃഷി വകുപ്പിലേയും ക്ഷീരവികസനവകുപ്പിലേയും അധികൃതർ മുൻകൈയെടുത്ത് ഇതിനായുള്ള മർഗ്ഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായ ജനപിന്തുണയോടുകൂടിയായിരിക്കണം. സോളാർ എനർജി ഉപയോഗം വർദ്ധിപ്പിക്കുവാനുള്ള ബോധവൽക്കരണ ശ്രമങ്ങളും അതിന് വേണ്ട മറ്റ് നടപടികളും സ്വീകരിക്കേണ്ടിയിരിക്കുന്നു.

9. പച്ചക്കറി /വാണിജ്യ പുഷ്പ/ സുഗന്ധ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കൽ

വയനാടിന്റെ മണ്ണ് ഇത്തരം കൃഷികൾക്ക് ഏറ്റവും അനുയോജ്യമാണെങ്കിൽ കൂടിയും ഈ കൃഷികൾ വ്യാവസായികാടിസ്ഥാനത്തിൽ നടക്കുന്നതേയില്ല. ഭൂരിപക്ഷം പേരും പച്ചക്കറിക്കുവേണ്ടി മാർക്കറ്റിനേയാണ് ആശ്രയിക്കുന്നത്. മാർക്കറ്റിലെത്തുന്ന പച്ചക്കറികളുടെ നല്ലൊരു പങ്ക് അയൽ സംസ്ഥാനങ്ങളായ കർണ്ണാടകത്തിൽ നിന്ന് എത്തുന്നു. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പല പദ്ധതികളും നിലവിലുണ്ടെങ്കിൽ കൂടിയും അവയൊന്നും തന്നെ ഈ രംഗത്ത് കാര്യമായ ചലനം ഉണ്ടാക്കിയിട്ടില്ല. പൂർണ്ണമായും ജൈവകൃഷിയിലൂടെ പച്ചക്കറി വിളകൾ ഉല്പാദിപ്പിക്കുവാനും അതിന് പ്രത്യേക വിപണി കണ്ടെത്തുവാനും പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിനായി കർഷക സംഘങ്ങൾ, വനിതാ സ്വയം സഹായ സംഘങ്ങൾ, കൃഷി വകുപ്പ് കൂടാതെ കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, പച്ചക്കറി വ്യാപാരികൾ എന്നിവർ ഒത്തുചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്യണം. വാണിജ്യാടിസ്ഥാനത്തിൽ അലങ്കാര സസ്യങ്ങളായ ഓർക്കിഡുകൾ, ആന്തൂറിയം തുടങ്ങിയവയുടെ കൃഷി വ്യാപകമാകണം. അതുപോലെ തന്നെ സുഗന്ധ സസ്യങ്ങളായ Mentha piperita, Closcinium തുടങ്ങിയവയുടെ കൃഷിക്ക് ജില്ലയിൽ വൻ സാധ്യതകൾ ഉണ്ട്. ഇത്തരം പുഷ്പങ്ങൾക്കും സസ്യങ്ങൾക്കും ഇന്ന് ദേശീയ അന്തർദേശീയ തലത്തിലുള്ള പ്രിയം മുതലെടുത്ത് കൊണ്ട് കർഷകർ ഈ രംഗത്തേക്ക് തിരിയണം. ഈ കൃഷിയുടെ ലാഭ നഷ്ടങ്ങളെക്കുറിച്ചും വിപണന സാധ്യതകളെക്കുറിച്ചും ദീർഘകാലാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാനുള്ള അവസരങ്ങളെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യപ്പെടണം. ഹോർട്ടിക്കൾച്ചറൽ കോർപ്പേറേഷൻ, കൃഷിഭവൻ, ഈ രംഗത്തുള്ള സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർ മുൻകൈയെടുത്തു ഇതിനാവശ്യമായ ഒരു സമഗ്ര പദ്ധതി തയ്യാറാക്കണം. ഇതോടൊനുബന്ധുച്ച് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കപ്പെട്ടു.

1. ഔഷധ സുഗന്ധ സസ്യകൃഷി ആരംഭിക്കേണ്ടത് സംസ്ഥാനത്തിലെ പ്രധാനപ്പെട്ട എല്ലാ ആയുർവേദ ഔഷധ കമ്പനികളുമായി ആലോചിച്ച് കൊണ്ടു മാത്രമായിരിക്കണം. ഇപ്രകാരം ഒരു buy-back സംവിധാനം ഉറപ്പ് വരുത്തുവാനുള്ള നടപടികൾ ഉണ്ടാകണം.

2. സുഗന്ധ സസ്യങ്ങളുടെ കൃഷിയും അവയുടെ സംസ്കരണവും വ്യാപക മാക്കുവാനുള്ള നടപടികൾ ഉണ്ടാകണം. അത്തരം സസ്യങ്ങളുടെ extracting units ഉണ്ടാകേണ്ടിയിരിക്കുന്നു.

10. **ശാസ്ത്രീയമായ ക്ഷീരവികസന- മൃഗസംരക്ഷണ പദ്ധതികൾ**

മറ്റെല്ലാ വികസന മേഖലകളേയും ഉദ്ദീപിപ്പിക്കാൻ കഴിയുന്നതും കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കാവുന്നതും, പാരിസ്ഥിതികാഘാതങ്ങൾ ഇല്ലാത്തതും വയനാടിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും ഏറെ അനുയോജ്യവുമായ വികസന മേഖലയാണ് ക്ഷീരവികസന-മൃഗസംരക്ഷണ മേഖല. ക്ഷീര മേഖലയുടെ ദീർഘ വീക്ഷണത്തോടെയുള്ള ശാസ്ത്രീയ വികസന പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്. കൃത്രിമ ബീജാധാന സൗകര്യങ്ങളും മൃഗചികിത്സയും വീടുപടിക്കലെത്തിക്കുക, വീട്ടാവശ്യത്തിനനുയോജ്യമായ ഉരുക്കളേയും അതോടൊപ്പംതന്നെ വാണിജ്യാടിസ്ഥാനത്തിൽ അത്യുൽപ്പാദനശേഷിയുള്ള ഉരുക്കളേയും ഒരുപോലെ പ്രോത്സാഹിപ്പിക്കുന്ന വികസന തന്ത്രം, യന്ത്രവൽകൃത ചെറുകിട ഫാമുകളുടെ സ്ഥാപനം, വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപുൽകൃഷിയും, അവയുടെ സംഭരണവും സംസ്കരണവും വിതരണവും, കന്നുകുട്ടി പരിപാലന കേന്ദ്രങ്ങളുടെ സ്ഥാപനം, മായം ചേർക്കൽ നിയമം കാലോചിതമായി പരിഷ്ക്കരിക്കൽ, പാലിന്റെ ഗുണനിലവാരം സംബന്ധിച്ച അന്താരാഷ്ട്ര നിലവാരത്തിനനുയോജ്യമായ രീതിയിലുള്ള നിർണ്ണയം, പ്രാദേശിക ഗവേഷണം, ജൈവ ഡയറി ഫാമിംഗിന്റെ പ്രോത്സാഹനം, ആധുനിക രീതിയിലുള്ള ക്ഷീരസംഘങ്ങളുടെ നവീകരണം, ക്ഷീര സംഘങ്ങളിൽ പാൽ ശീതീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, നൂതനമായ വിജ്ഞാനവ്യാപന രീതികൾ, ക്ഷീരവികസന-മൃഗസംരക്ഷണ മേഖലകളിൽ ജോലിചെയ്യുന്ന മുഴുവൻ പ്രൊഫഷണലുകൾക്കും ജീവനക്കാർക്കും വിദഗ്ധ പരിശീലനം (സാങ്കേതികം, മാനേജ്മെന്റ്, ഇൻഫർമേഷൻ ടെക്നോളജി, സാമൂഹ്യ പ്രതിബദ്ധത എന്നീ മേഖലകളിൽ), ക്ഷീരകർഷകർക്കായുള്ള സാമൂഹ്യ ക്ഷേമപരിപാടികൾ (ഗ്രാറ്റിവിറ്റി, പെൻഷൻ), പാൽ സംഭരണം-സംസ്കരണം - വിപണനം എന്നീ മേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിഷ്കരണം, അനുബന്ധ വ്യാവസായിക സംരംഭങ്ങൾ (പാൽ സംസ്കരണം, മൂല്യവർദ്ധിത പാലുൽപ്പന്ന നിർമ്മാണം, മാംസ സംസ്ക്കരണ ശാലയുടെ സ്ഥാപനം), മൂരിക്കുട്ടന്മാരെ വളർത്തുന്നതിനുള്ള പ്രോത്സാഹനം, ആടുവളർത്തൽ പന്നിവളർത്തൽ, മുയൽവളർത്തൽ, അന്യം നിന്നുപോയേക്കാവുന്ന ആയുർവ്വേദം, നാട്ടുചികിത്സ, ഹോമിയോ എന്നീ മൃഗ ചികിത്സാവിധികൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

11. **കാർഷിക വിളകളുടെ മൂല്യവർദ്ധനവും സംസ്കരണവും**

കേരളത്തിലെ കൃഷിയുടെ ഏറ്റവും വലിയ പോരായ്മ ഇവിടുത്തെ കാർഷിക ഉൽപ്പന്നങ്ങൾ കർഷകർ അസംസ്കൃത വസ്തുക്കളായി തന്നെ വിപണനം ചെയ്യുന്നുവെന്നതാണ്. ഇന്ന് കമ്പോളത്തിൽ മൂല്യവർദ്ധന വിഭവങ്ങൾക്കുള്ള അഭൂതപൂർവ്വമായ ആവശ്യം കണക്കിലെടുക്കുമ്പോൾ കർഷകർ ഈ രംഗത്തേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇപ്പോഴും പാരമ്പര്യമായുള്ള സമ്പ്രദായങ്ങൾ മാത്രമെ ഈ രംഗത്ത് നിലവിലുള്ളു. ഇതിന് കാരണം കർഷകർക്ക് ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. ഇത് പരിഹരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബോധവത്കരണമാർഗ്ഗങ്ങൾ അവലംബി ക്കേണ്ടിയിരിക്കുന്നു. മൂല്യവർദ്ധനവിനെക്കുറിച്ചും അതിലൂടെ കിട്ടുന്ന വൻലാഭത്തെക്കുറിച്ചും കർഷകർക്ക് ശരിയായ അറിവ് പകർന്ന് നൽകണം. കൂടാതെ അതിനുവേണ്ട പരിശീലനങ്ങളും, സാങ്കേതിക വിദ്യയും ലഘുയന്ത്രസാമഗ്രികളും, കർഷകർക്ക് കുറഞ്ഞചിലവിൽ ലഭ്യമാക്കണം.

### 12 മണ്ണ് - ജല സംരക്ഷണ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും, മഴവെള്ള സംഭരണവും

ജില്ലയിലെ കൃഷി കാര്യക്ഷമമാകണമെങ്കിൽ കരുതലോടെയുള്ള ജലവിനിയോഗവും സംരക്ഷണവും അവലംബിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ജില്ലയായിട്ടു കൂടി ഇത്തരം അവസരങ്ങൾ വേണ്ട രീതിയിൽ ഇവിടുത്തെ കർഷകർ പ്രയോജനപ്പെടുത്തുന്നില്ല. മഴവെള്ളം സംരക്ഷിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പദ്ധതികളും കർഷകർക്ക് നൽകേണ്ടിയിരിക്കുന്നു. ചില വൻകിട ജലസേചന പദ്ധതികൾക്ക് ജില്ലയിൽ തുടക്കം കുറിച്ചുവെങ്കിലും. അവ ഇനിയും കർഷകർക്ക് വേണ്ട സമയത്ത് പ്രയോജനപ്രദമാണെന്ന് തെളിയിക്കേണ്ടിയിരിക്കുന്നു. ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണം. നീർത്തടാധിഷ്ഠിത പദ്ധതികളിൽ ഏറ്റവും പ്രാമുഖ്യം കൊടുക്കേണ്ടത് പാരമ്പര്യമായ എല്ലാ ചെറു നിർത്തടങ്ങളും സംരക്ഷിക്കുകയെന്നതാണ്.

വയനാടിന്റെ ഭൂപ്രകൃതി (topography) പരിഗണിച്ച് മണ്ണ്-ജലസംരക്ഷണ പദ്ധതികൾക്ക് പ്രാധാന്യം നൽകണം. ജില്ലയിൽ നടപ്പാക്കുന്ന ഓരോ വികസന പദ്ധതിയും പാരിസ്ഥിതിക്ക് ഹാനികരമല്ലെന്ന് ഉറപ്പുവരുത്തണം.

## അദ്ധ്യായം: 1

# വയനാടും ജൈവവൈവിധ്യവും

1. സഹ്യാദ്രി, സഹ്യൻ എന്നീ പേരുകളിൽ മലയാളികൾ വിളിക്കുന്ന പശ്ചിമഘട്ടപർവ്വത നിരകൾ വടക്ക് ഗുജറാത്തിലെ താപ്തി നദീമുഖം മുതൽ തെക്ക് കന്യാകുമാരി വരെ ഏകദേശം 1600 കിലോമീറ്ററോളം ദൈർഘ്യത്തിൽ നീണ്ടു കിടക്കുന്നു. പരിസ്ഥിതി ശാസ്ത്രജ്ഞൻമാർ ഈ ജൈവമേഖലയെ "hot spot" എന്നു വിളിക്കുന്നു. കാരണം ജൈവസമ്പന്നത വളരെ കൂടുതൽ ഉണ്ടെങ്കിൽ കൂടിയും, അതേ വേഗത്തിൽ തന്നെ ഈ വൈവിധ്യം നശിക്കുന്നുവെന്നതാണ്. ഈ മേഖലയിൽ നടന്നു കൊണ്ടിരിക്കുന്ന പരിസ്ഥിതിക്ക് ദോഷകരമായ ദ്രുതഗതിയിലുള്ള വികസന പ്രവർത്തനങ്ങളും, തെറ്റായ കൃഷിരീതികളുമാണ് ഇത്തരം വൈവിധ്യശോഷണത്തിനുള്ള പ്രധാന കാരണങ്ങളായി കണക്കാക്കുന്നത്. ഇങ്ങനെ നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു മലയോര പ്രദേശമാണ് വയനാട്.

2. നനഞ്ഞ ഇലപൊഴിയും കാടുകൾ കൂടുതലായി കാണപ്പെട്ടിരുന്ന ഈ പ്രദേശം ആന, കലമാൻ, കാട്ടുപോത്ത്, പുള്ളിപ്പുലി തുടങ്ങിയ മൃഗങ്ങളുടെ വിഹാര കേന്ദ്രമായിരുന്നു. പുൽപ്പള്ളി ക്ഷേത്രത്തിന് അവകാശപ്പെട്ടതും, കബനിയോടു ചേർന്നു കിടക്കുന്നതുമായ പ്രദേശങ്ങൾ ആനക്കൂട്ടങ്ങളുടെ സ്വൈര വിഹാരകേന്ദ്രങ്ങളായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. വയനാട്ടിലെ ഏറ്റവും കൂടുതൽ ആനവേട്ട നടന്ന പ്രദേശങ്ങളിലൊന്ന് ഇവിടമായിരുന്നു. ഈ പ്രദേശത്തുമാത്രം ഏകദേശം 20,000ത്തോളം ഏക്കർ വനഭൂമി കൃഷിക്കുവേണ്ടി കയ്യേറ്റം ചെയ്തതായുള്ള രേഖകൾ ഉണ്ട്. തൊട്ടടുത്ത സംസ്ഥാനങ്ങളായ കർണ്ണാടകത്തിലേയും, തമിഴ്നാട്ടിലെയും മൃഗങ്ങൾ കൊടും വരൾച്ച അനുഭവപ്പെടുന്ന മാസങ്ങളിൽ ചേക്കേറുവാൻ എത്തുന്നത് വയനാടൻ മലനിരകളിലായിരുന്നു.ഇവിടുത്തെ മഴയെ അടിസ്ഥാന പ്പെടുത്തിയായിരുന്നു ഈ വന്യമൃഗങ്ങളുടെ വരവുപോക്കുകൾ.

3. ജില്ലയുടെ ജൈവസമ്പത്ത് സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ, വയനാടിന്റെ തെക്കു കിഴക്കൻ ഭാഗങ്ങൾ ഉൾപ്പെട്ട അന്നത്തെ മൈസൂർ സ്റ്റേറ്റ് പ്രദേശം 1941-ൽ wild life sanctuary യായി പ്രഖ്യാപിക്കപ്പെട്ടു. അത് പിന്നീട് ബന്ദിപ്പൂർ നാഷണൽ പാർക്ക് എന്നപേരിൽ അറിയപ്പെട്ടുതുടങ്ങി. വടക്കു കിഴക്കൻ വയനാടിന്റെ ഭാഗങ്ങളിലുള്ള കാടുകളും കബനി നദിക്ക് അപ്പുറമുള്ള കർണ്ണാടകത്തിലെ കാടുകളും ഉൾപ്പെട്ട പ്രദേശം 1955-ൽ നാഗർഹോളെ നാഷണൽ പാർക്ക് എന്ന പേരിൽ സംരക്ഷിക്കുകയും ചെയ്തു. തമിഴ്നാടിന്റെ പ്രാന്ത പ്രദേശങ്ങളും, വയനാടിന്റെ തെക്കുകിഴക്കൻ ഭാഗങ്ങൾ ഉൾപ്പെട്ട പ്രദേശം മുതുമലെ wild life sanctuary എന്ന പേരിലും ഇപ്പോൾ സംരക്ഷിച്ചു വരുന്നു. 1973-ൽ വയനാടിന്റെ കിഴക്കൻ ഭാഗങ്ങളിൽപ്പെട്ട 344 ചതുരശ്ര കിലോമീറ്ററോളം സ്ഥലം വയനാട് wild life sanctuary എന്ന പേരിൽ പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. എങ്കിൽ കൂടിയും സംരക്ഷിക്കപ്പെട്ട ഈ പ്രദേശങ്ങളിൽ വേണ്ടത്ര സുരക്ഷ ഉറപ്പാകുന്നില്ല.

4. പശ്ചിമഘട്ടമല നിരകളിലെ വളരെ, വൈവിധ്യമാർന്ന പ്രദേശങ്ങളിൽ ഒന്നാണ് വയനാട് എന്ന് സൂചിപ്പിച്ചുവല്ലോ. ഇവിടെ ഏതാണ്ട് എല്ലാത്തരം ജൈവവൈവിധ്യവും ഈയടുത്ത കാലം വരെ വളരെ പ്രകടമായിരുന്നു. ജനുസ്സുക്കളുടെ വൈവിധ്യം, ജനിതക വൈവിധ്യം, ആവാസവ്യവസ്ഥാ വൈവിധ്യം, സാംസ്കാരിക വൈവിധ്യം തുടങ്ങിയ നാലു മേഖലകളിലും വയനാട് മുമ്പിലായിരുന്നു. ഇവിടെ കുറഞ്ഞ പക്ഷം 2000-ൽ പരം സപുഷ്പികളായ സസ്യങ്ങൾ ഉണ്ട്. ഇതിൽ 500-ൽ പരം വൃക്ഷങ്ങളും,

150-ൽ പരം ഓർക്കിഡുകളും, 300-ൽ പരം വന്യഭക്ഷ്യവിഭവങ്ങളും, 650-ഓളം ഔഷധ സസ്യങ്ങളും ഇവിടെ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഒട്ടനവധി ശുദ്ധജല മത്സ്യങ്ങൾ, തവളകൾ, ആമകൾ, മറ്റ് വലിയ മൃഗങ്ങൾ ഇങ്ങനെ പോകുന്നു ജനുസ്സുക്കളിലെ വൈവിധ്യം. ജില്ലയിലെ സസ്യങ്ങളിൽ ഏറിയ കൂറും വന്യമായിട്ടുള്ള പ്രദേശങ്ങളിലോ കൃഷി ഭൂമിയുടെ പ്രാന്ത പ്രദേശങ്ങളിലോ മാത്രം കാണപ്പെടുന്നവയാണ്. മരമഞ്ഞൾ, കരിമുത്തിൾ, ഓരിലത്താമര തുടങ്ങിയ അപൂർവ്വ സസ്യങ്ങൾ കേരളത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ളതിനേക്കാളേറെ ഈ ജില്ലയിൽ കാണപ്പെടുന്നു. ഓരിലത്താമര, അഴുകണ്ണി തുടങ്ങിയ സസ്യങ്ങളിലെ അറിയപ്പെടുന്ന എല്ലാ സ്പീഷിസുകളും ജില്ലയിലുണ്ട്. വന്യമായ സ്പീഷിസുകളിലെ ജനിതക വൈവിധ്യത്തെക്കുറിച്ച് പക്ഷെ പഠനങ്ങളൊന്നും ഇവിടെ നടന്നിട്ടില്ല. പക്ഷെ ഇത് വളരെ പ്രകടമാണ് ജില്ലയിൽ, ഉദാഹരണം വ്യക്തമാക്കുകയാണെങ്കിൽ ജീവകം എന്ന സ്പീഷിസിന്റെ (*Malaxis rheedii*) പല വകഭേദങ്ങൾ വയനാട്ടിൽ കാണാം. അതുപോലെ തന്നെ ചതുരമുല്ല (*Myxopyrum serratulum*), ഏകനായകം (*Salacia reticulata*), കൊല്ലിഞാവൽ (*Syzygium travancoricum*), മുത്തിൾ (*Centella Asiatica*), ബ്രഹ്മി (*Bacopa Monnieri*) തുടങ്ങിയ ഔഷധസസ്യങ്ങളിലെ ജനിതക വൈവിധ്യം വളരെ സ്പഷ്ടമാണ് ഈ ജില്ലയിൽ.

5. വയനാടിന്റെ ആവാസവ്യവസ്ഥകളിലെ വൈവിധ്യം, അതിലുള്ള സസ്യവൈവിധ്യത്തിന് കൂടുതൽ ആക്കം കൂട്ടുന്നതിന് തെളിവാണ് ഇവിടുത്തെ വനങ്ങളിലും, പുഴത്തീരങ്ങളിലും, ചെറുതോടുകളിലും, ചതുപ്പുകളിലും, പൊന്തക്കാടുകളിലും, വയലുകളിലും, വൻമരങ്ങളിലും, വഴിയരികുകളിലും, പാറക്കെട്ടുകളിലും, പുൽമേടുകളിലു - മൊക്കെ കാണപ്പെടുന്ന വൈവിധ്യമാർന്ന സസ്യലതാദികൾ. ഇത്തരം ആവാസ വൈവിധ്യമുള്ള കേരളത്തിലെ വളരെ ചുരുക്കം ജില്ലകളിലൊന്നാണ് വയനാട്. ജില്ലയിലെ ഔഷധ സസ്യങ്ങൾക്ക് പുറമെ അനവധി ഉപയോഗങ്ങളുള്ള സസ്യങ്ങൾ, സാമ്പത്തിക പ്രാധാന്യമുള്ള മുള, ചൂരൽ വർഗ്ഗങ്ങൾ, വൻമരങ്ങൾ തുടങ്ങിയവ വളരെ വൈവിധ്യമാർന്ന തരത്തിൽ കാണപ്പെടുന്നു. കൂടാതെ ഇവിടെ ശുദ്ധജല മത്സ്യസമ്പത്തും, പക്ഷികളും, ഉരഗവർഗ്ഗ ജീവികളും, തവള മുതലായ ഉഭയ ജീവികളും ധാരാളം ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇതിൽ ഭൂരിഭാഗവും കടുത്തവംശ നാശത്തിന്റെ വക്കിലാണ്. ഇവിടെ നിന്നും ഏകദേശം 160-ൽ പരം NWFP ശേഖരിക്കപ്പെടുന്നുണ്ടെന്ന് ചില പഠനങ്ങൾ കാണിക്കുന്നു.

6. സാംസ്കാരിക വൈവിധ്യത്തിന് മുതൽകൂട്ടാവുന്നത് ഇവിടുത്തെ ആദിവാസികളാണ്. കുറിച്യരും, കുറുമരും, പണിയരും, അടിയരും, കാട്ട്നായ്ക്കരും അടങ്ങുന്ന പ്രകൃതിയുടെ മക്കൾ (ജില്ലയുടെ മാപ്പ് കാണുക). ഇതിൽ ഒരു പ്രബലമായ ആദിവാസി വിഭാഗമാണ് കുറിച്യർ. പുറംലോകം ഇവരെ ആദിവാസികളായി കാണുന്നുവെങ്കിലും ഇവർ തങ്ങളിൽ തന്നെ ഒരു സവർണ്ണ വിഭാഗമായാണ് ഗൗനിക്കുന്നത്. സാമൂഹ്യപരമായും സാമ്പത്തികപരമായും ഏറ്റവും മുന്നിൽ നിൽക്കുന്ന ഈ വിഭാഗം തങ്ങളുടെ സംസ്കാരം നിലനിർത്തികൊണ്ടു പോകാൻ നിർബന്ധബുദ്ധി കാണിക്കുന്നു. നെൽകൃഷിയുമായി വളരെ അഭേദ്യമായ ബന്ധമാണ് കുറിച്യർക്കുള്ളത്. ഇവരുടെ മുഖ്യമായ ഉപജീവനവും നെൽകൃഷിയിലൂടെയായിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ വയനാട്ടിലെ നെൽകൃഷിയുടെ ചരിത്രം ഇവരിൽ നിന്നാണ് തുടങ്ങുന്നത്. പ്രദേശികമായ ജൈവവിഭവങ്ങളെ കുറിച്ചും നാടൻ നെൽ വിത്തിനങ്ങളെകുറിച്ചും, പരിസ്ഥിതിക്കിണങ്ങുന്ന കൃഷിരീതികളെ കുറിച്ചും കുറിച്യർക്കുള്ള അവഗാഹം നിസ്സീമമാണ്. നെൽവയലുകൾക്ക് വ്യാപകമായ ശോഷണം നേരിട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അവശേഷിക്കുന്ന വയലുകളെ തനതായ രീതിയിൽ സംരക്ഷിച്ചു നിർത്തുന്നതും പ്രധാനമായും കുറിച്യ വിഭാഗമാണ്. മുമ്പ് കാലത്ത് ഇവർ നെല്ല്

കൂടാതെ മുത്താറിയും കൃഷിചെയ്തിരുന്നു. അക്കാലത്ത് കരകൃഷിയായിരുന്നു ഇവർ അനുവർത്തിച്ചിരുന്നത്. ജനസാന്ദ്രതക്കുറവും കൃഷി ഭൂമിയുടെ വ്യാപ്തിയും കൊണ്ടാകാം ഒരിക്കൽ കൃഷി ചെയ്ത പ്രദേശത്ത് ഇവർ വീണ്ടും കൃഷി ചെയ്തിരുന്നില്ല. ഈ കൃഷിരീതിയാണ് പിന്നീട് 'മാറ്റ'കൃഷി അല്ലെങ്കിൽ 'പുനം' കൃഷി എന്ന പേരിൽ അറിയപ്പെട്ടത്. മാറ്റകൃഷിയുടെ ഭാഗമായി ആദ്യം മുളങ്കാടുകൾ വെട്ടി ഉണങ്ങാനിടുന്നു. അതിനുശേഷം അവ കത്തിച്ചുചാരമാക്കുന്നു. കുംഭമാസത്തിലാണ് ഇങ്ങനെ ചെയ്യുന്നത്. കാട് കത്തിച്ചുണ്ടാകുന്ന ചാരം വളമെന്നതിനപ്പുറം മണ്ണിലെ അമ്ലാധിക്യത്തെ ഇല്ലാതാക്കാൻ ഉപകരിക്കുന്നു. തുടർന്ന് അവശേഷിക്കുന്ന കമ്പും കോലും പെറുക്കികളഞ്ഞ് അരികും മൂലയും ചെത്തി വൃത്തിയാക്കി വിത്തു വിതക്കുന്നു. മേടമാസത്തിൽ വിത്തിറക്കിയാൽ തുലാമാസത്തിൽ കൊയ്യുന്നു. പുതുമഴയ്ക്ക് ശേഷം വിത്ത് മുളച്ചുവരും അതിനുശേഷം ഒരു തവണ കളപറിയ്ക്കും. വരിനെല്ല്, കറത്തൻ, ആനക്കൊമ്പൻ തുടങ്ങിയ നെൽവിത്തിനങ്ങളായിരുന്നു ഇപ്രകാരം മാറ്റ കൃഷിക്കായി ഉപയോഗിച്ചിരുന്നത്. കരയിൽ മാത്രമേ ഈ വിത്തുകൾ കൃഷിചെയ്തിരുന്നുള്ളൂവെന്നതും ശ്രദ്ധേയമാണ് (ഈ വിത്തുകൾ ഇപ്പോൾ ലഭ്യമല്ല)

7. 'ബൈലുനാട്' എന്ന പേരിനെ അന്വർത്ഥമാക്കികൊണ്ട് ആദ്യകാലങ്ങളിൽ ഇവിടെ വയലുകൾ വ്യാപകമായി കാണപ്പെട്ടിരുന്നു. എന്നാൽ നെൽകൃഷി നഷ്ടമായതിനാലും നാണ്യവിളകളോടുള്ള ആസക്തിമൂലവും നല്ലൊരു ഭാഗം വയലുകളിലും (ഏതാണ്ട് 40% ) കമുക്, വാഴ, ഇഞ്ചി തുടങ്ങിയ വിളകൾ കൃഷിചെയ്തുവരുന്നു. ഇത് വയലുകളിലെ മണ്ണിന്റെ ജലസംഭരണശേഷി കുറയ്ക്കുകയും നെൽകൃഷിയ്ക്ക് വയൽ അനുയോജ്യമല്ലാതാക്കിത്തീർക്കുകയും ചെയ്യുന്നു. കൂടാതെ വയൽ നികത്തിവീടുവെയ്ക്കുന്നതും വ്യാപകമായിട്ടുണ്ട്. ഇപ്പോൾ തന്നെ വയനാട്ടിലെ അഞ്ച് ശതമാനത്തിലധികം നെൽ വയലുകൾ നികത്തപ്പെട്ടു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ജനപ്പെരുപ്പവും ജീവിത രീതിയിൽ വന്ന മാറ്റവും കൃഷിഭൂമി കുറയുന്നതിനു കാരണമായി എന്ന് ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കുറഞ്ഞ ഭൂമിയിൽനിന്നും കൂടുതൽ വിളവ് എന്ന ആശയം സാധൂകരിക്കുന്നതിന്റെ ഭാഗമായി കൃഷിയിടങ്ങൾ പലതും നെൽവയലുകൾ രാസവള കീടനാശിനികളുടെ പരീക്ഷണശാലകളായും അതുവഴി മനുഷ്യന് ഉപകാരികളായ ജീവജാലങ്ങളുടെ ശവപ്പറമ്പായും മാറികൊണ്ടിരിക്കുന്നു.

## അദ്ധ്യായം: 2

# കാപ്പി കൃഷി

ഇന്ത്യയിലെ കാപ്പി കൃഷിചെയ്യപ്പെടുന്ന ഭൂമിയുടെ 90 ശതമാനത്തോളവും കർണാടകം, കേരളം, തമിഴ്നാട് എന്നീ മൂന്ന് സംസ്ഥാനങ്ങളിലാണ്. ഇതിൽ 24% അതായത് 84,735 ഹെക്ടർ കേരളത്തിലാണ്. കേരളത്തിൽ 2000-01-ലെ കണക്കുകളനുസരിച്ച് 70,550 ടൺ കാപ്പി ഉൽപ്പാദിപ്പിക്കപ്പെട്ടു. ഇതിൽ റോബസ്റ്റ ഇനം കാപ്പി 68,800 ടണ്ണും, അറബിക്ക ഇനം 1750 ടണ്ണും ആണ്. ഇത് ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ കാപ്പിയുടെ 23.4% വരും. കഴിഞ്ഞ 10 വർഷത്തെ രാജ്യത്തെ കാപ്പി ഉത്പാദനത്തെ സംബന്ധിച്ച കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു. എന്നാൽ തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകം റോബസ്റ്റ കാപ്പി 1,23,100 ടണ്ണും, അറബിക്ക 87,850 ടണ്ണും ഇതേ കാലയളവിൽ ഉൽപ്പാദിപ്പിച്ച് രാജ്യത്തെ മൊത്തം കാപ്പി ഉൽപാദനത്തിന്റെ 70 ശതമാനം സംഭാവന ചെയ്തു. എന്നാൽ കർണ്ണാടകത്തിലെ കാപ്പി കൃഷി ചെയ്യപ്പെടുന്ന സ്ഥലത്തിന്റെ വിസ്തൃതി 52,621 ഹെക്ടറും, കേരളത്തിന്റേത് 76,997 ഹെക്ടറുമാണ്. കേരളത്തിലെ കാപ്പികൃഷിയുടെ ഉൽപ്പാദനക്ഷമത മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറവായി ശരാശരി 1720 കിലോയായി ഹെക്ടറിന് കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഏറ്റവും കൂടുതൽ വേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന സംസ്ഥാനം കേരളമാണ്. ഇത് കേരളത്തിൽ 73.45 രൂപയും, കർണ്ണാടകത്തിൽ 58.80 ഉം, തമിഴ്നാട്ടിൽ 49.40 ഉം ആണ്.

കേരളത്തിലെ കാപ്പി കൃഷിയുടെ 80 ശതമാനത്തിലേറെയും വയനാട്ടിലാണ്. 1999-ലെ കണക്കുകളനുസരിച്ച് വയനാട്ടിൽ 70,327 ഹെക്ടർ സ്ഥലത്ത് കാപ്പികൃഷി ചെയ്യുന്നുണ്ട്. ഇത് വയനാട്ടിലെ ആകെ കൃഷി ഭൂമിയുടെ 37 ശതമാനത്തോളം വരും. ജില്ലയിലെ ആളോഹരി കാപ്പികൃഷി ഭൂമിയുടെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ 2 ഹെക്ടറിന് താഴെ 84,920 പേരും 2 ഹെക്ടറിനും 10 ഹെക്ടറിനുമിടയിൽ 14,925 പേരും 10 ഹെക്ടറിനു മുകളിൽ 397 പേരുമുണ്ട്. (പട്ടിക കാണുക)

**Coffee production: trend in India**

| *Year* | *In India* | *In World* |
|---|---|---|
| 1990-91 | 169726 tons | 100.00 million bags (60kg bag) |
| 1991-92 | 180000 tons | 104.00 million bags |
| 1992-93 | 169395 tons | 92.90 million bags |
| 1993-94 | 212000 tons | 92.40 million bags |
| 1994-95 | 180000 tons | 97.00 million bags |
| 1995-96 | 230000 tons | 88.80 million bags |
| 1996-97 | 205000 tons | 103.70 million bags |
| 1997-98 | 228000 tons | 96.80 million bags |
| 1998-99 | 265000 tons | 107.70 million bags |
| 1999-00 | 285000 tons | 107.20 million bags |
| 2000-01 | 320000 tons | 213.00 million bags |

റോബസ്റ്റ ഇനം കാപ്പിയാണ് വയനാട്ടിൽ ഭൂരിപക്ഷംപേരും കൃഷിചെയ്യുന്നത്. വാർഷികമായി ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന 40,000 ടണ്ണോളം കാപ്പിയിൽ 60 ശതമാന ത്തിലേറെയും കയറ്റുമതി ചെയ്യപ്പെടുന്നു. കാപ്പിയുടെ വില പരിശോധിക്കുകയാണെങ്കിൽ 1997-ൽ ഒരു കിലോ കാപ്പി ബീൻസിന് 64 രൂപ 70 പൈസയും, 1998-ൽ 74.72 പൈസയും, 1999 -ൽ 60 രൂപ 14 പൈസയും, 2000-ൽ 39.92 പൈസയും, 2001 ജൂണിൽ 30 രൂപ 51 പൈസയും ഇപ്പോൾ വെറും ഇരുപത്തൊന്നു രൂപയുമാണ്. ഇങ്ങനെയൊരു അവസ്ഥയുമായി ചെറുകിട കർഷകർക്ക് പിടിച്ചു നിൽക്കാനാവുന്നില്ല. ഉൽപ്പാദന ചെലവ് കുറച്ച്, ഉൽപ്പാ ദനക്ഷമത വർദ്ധിപ്പിച്ച്, ഗുണമേന്മയുള്ള കാപ്പിയും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുമാക്കി മാറ്റിയാലേ പിടിച്ചുനിൽക്കുവാൻ കഴിയുകയുള്ളൂ എന്ന് കൃഷി വിദഗ്ധരും, സർക്കാർ ഏജൻസിയും കർഷകരെ ഉപദേശിക്കുന്നു. പക്ഷെ എങ്ങനെ ഇത് സാധ്യമെന്ന് വ്യക്തമായി പഠിപ്പിക്കുകയും, അതിനുവേണ്ട സാഹചര്യങ്ങൾ ഒരുക്കുകയുമാണ് ഇത്തരുണത്തിൽ അത്യാവശ്യം.

ജലസേചന സൗകര്യം കൂടുതൽ ആവശ്യമുള്ള കൃഷിയാണ് കാപ്പി. കാപ്പിച്ചെടി പൂക്കുന്നതിനു മുമ്പും പൂക്കൾ വിരിഞ്ഞതിന് ശേഷവും കൃത്യമായി മഴ ലഭിച്ചില്ലെങ്കിൽ വിളവ് വളരെ കുറയും. ചെറുകിട കർഷകർ മഴയെ മാത്രം ആശ്രയിക്കുന്നു. എന്നാൽ സ്പ്രിംങ്കളർ സംവിധാനമുപയോഗിച്ച് വൻകിട തോട്ടമുടമകൾക്ക് ഉല്പാദനം വർദ്ധിപ്പിക്കാനാവുന്നുണ്ട്. പക്ഷെ ഇത് വളരെ ചിലവേറിയതായതിനാൽ ചെറുകിട കർഷകർക്ക് അത് സാധ്യമല്ലാതെ വരുന്നു. വൻകിട കർഷകർ തനി വിളയായാണ് കാപ്പികൃഷി ചെയ്യുന്നത്. എന്നാൽ ചെറുകിട കർഷകർ കുരുമുളക്, കമുക് എന്നിവ വ്യാപകമായി കൃഷി ചെയ്യുന്നു.

തണൽ പൂർണ്ണമായി മാറ്റി കൃഷി ചെയ്യുന്നവരാണ് വൻകിട കർഷകരധികവും. എന്നാൽ കാപ്പിത്തോട്ടത്തിലെ തനതു മരങ്ങൾ നിലനിർത്തി പരിസ്ഥിതിയുടെ ആരോഗ്യം നിലനിർത്തി കൃഷിചെയ്യുന്നവരാണ് ചെറുകിട കർഷകരിലധികവും. വയനാട് ജില്ലയ്ക്ക് ഈ കൃഷിക്കുള്ള അനുകൂല ഘടകങ്ങൾ, പരിമിതികൾ, അവസരങ്ങൾ, പ്രശ്നങ്ങൾ എന്തൊ ക്കെയാണെന്ന് താഴെ വിശദീകരിക്കുന്നു.

## അനുകൂല ഘടകങ്ങൾ

1. ലോക കാർഷിക വ്യാപാരത്തിൽ മറ്റ് വിളകളെ അപേക്ഷിച്ച് ഏറ്റവും കാര്യക്ഷമമാർന്ന മേഖലയിലാണ് കാപ്പിയുടെ സ്ഥാനം.
2. കാപ്പിക്കുള്ള ലോക വ്യാപകമായ ഡിമാന്റ്.
3. ജില്ലയിലെ കർഷകർക്ക് കാപ്പികൃഷിയിലുള്ള അനേക വർഷങ്ങളുടെ അനുഭവ സമ്പത്ത് (1840 കളുടെ തുടക്കം മുതൽക്ക് തന്നെ ഇവിടെ കാപ്പികൃഷി ആരംഭിച്ചിരുന്നു.)
4. കാപ്പികൃഷി പരീക്ഷണങ്ങളിലും, ഗവേഷണങ്ങളിലും ജില്ലക്കുള്ള പരിചയങ്ങളും, അവ സരങ്ങളും.
5. കാപ്പികൃഷിക്ക് വളരെ അനുയോജ്യമായ കാലാവസ്ഥ.
6. പരിസ്ഥിതി സംരക്ഷണത്തിന് ഒരുപരിധിവരെ സഹായകമായ കൃഷിരീതി.

## പരിമിതികൾ

1. കാപ്പി ഒരു ദീർഘകാല വിളയായതുകൊണ്ട്, മറ്റ് കൃഷി മാറിമാറി കൃഷിചെയ്യാൻ കഴിയാത്തത്.
2. വിലയിലുള്ള ഏറ്റകുറച്ചിലുകൾ മുൻകൂട്ടി കർഷകർക്ക് മനസ്സിലാക്കാൻ കഴിയാതെ വരുന്നത്.
3. ഫലപുഷ്ടി നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്ന കൃഷിഭൂമി.

4. ബ്ലെൻഡിങ്ങിനായി മാത്രമെ റോബസ്റ്റ ഇനത്തിന് വിപണിയിൽ പ്രിയമുള്ളൂ എന്ന വസ്തുത.
5. ഏറ്റവും കുറഞ്ഞ ഉല്പാദനക്ഷമത
6. സർക്കാർ നിയമങ്ങളും, അവരുടെ അനാസ്ഥയും.
7. വർദ്ധിച്ച ഉൽപ്പാദനച്ചിലവ്.
8. ഏറ്റവും താഴ്ന്ന വില.
9. ഉല്പാദനത്തിലും, മൂല്യവർദ്ധനവ് നടത്തുന്നതിലുമുള്ള അവസരങ്ങളും സാങ്കേതികമികവും ഇല്ലാത്തത്.
10. ഗുണമേന്മ ഉറപ്പുവരുത്തി വ്യാപാരം നടത്തുവാൻ കഴിയാത്തത്.
11. കാലാവസ്ഥ, ഭൂപ്രദേശ പ്രത്യേകതകൾ.
12. ഈ അനുകൂലസാഹചര്യങ്ങൾ ഉയർത്തികാട്ടി വിപണനരംഗത്ത് ശ്രദ്ധപിടിച്ചുപറ്റുവാൻ സാധിക്കാത്തത്.
13. അമിത ലാഭം എപ്പോഴും വ്യാപാരികൾക്ക് ലഭിക്കുന്നത്.
14. ആഭ്യന്തര ഉപയോഗത്തിന്റെ കുറവ്.

## അവസരങ്ങൾ

1. ഉൽപാദനം കൂട്ടാനുള്ള വൻ സാധ്യതകൾ
2. മൊത്തം കൃഷിഭൂമിയുടെ 37 ശതമാനത്തോളം വരുന്ന ആവശ്യത്തിലേറെയുള്ള കാപ്പികൃഷിയിടം.
3. ജൈവാവശിഷ്ടമാക്കി കൃഷിക്ക് ഉപയുക്തമാക്കുവാൻ കഴിയുന്ന ജൈവസ്രോതസ്സുകളുടെ ശേഖരം.
4. വയനാടൻ ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ ചൂഷണം ചെയ്ത് വ്യാപാരത്തിനായി പ്രയോജനപ്പെടുത്താനുള്ള സാഹചര്യങ്ങൾ.
5. കാപ്പി സംസ്കരണത്തിനും, തരംതിരിക്കലിനും ജില്ലയ്ക്കുള്ള അനുകൂല സാഹചര്യങ്ങൾ.
6. റോബസ്റ്റ ഇനത്തിന് ബ്ലൻഡിംഗിൽ ഫില്ലർ ആവശ്യത്തിനായി ലോകവിപണിയിൽ പ്രിയമുണ്ട് എന്ന വസ്തുത.

## ഭീഷണികൾ

1. മറ്റ് രാജ്യങ്ങളിലെ കൂടിയ ഉൽപ്പാദനക്ഷമതയും കുറഞ്ഞ ചിലവും.
2. വിദേശങ്ങളിൽനിന്നും വൻതോതിൽ കാപ്പി ഇറക്കുമതി ചെയ്യപ്പെടാനുള്ള സാദ്ധ്യത.
3. ആഭ്യന്തര ഉപഭോഗത്തിനുള്ള കാപ്പിയിൽ കൂടുതലായും ഇൻസ്റ്റന്റ് കാപ്പിക്കുള്ള പ്രിയം.

മേൽപ്പറഞ്ഞ പരിമിതികളും ഭീഷണികളും പരിഹരിക്കുവാനും ഇപ്പോൾ നിലവിലുള്ള അവസരങ്ങൾ പരമാവധി ചൂഷണം ചെയ്യുവാനും താഴെ പറയുന്ന കാര്യങ്ങൾ ഈ കമ്മറ്റി ശുപാർശ ചെയ്യുന്നു.

1. കൃഷി കാര്യക്ഷമമാക്കാനും മൂല്യനിർണ്ണയം നടത്താനുമായി ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യമാക്കുക.
2. വയനാടൻ കാപ്പി പൂർണ്ണമായും ഒരു ലേബലിൽ വിപണനം നടത്തുവാനുള്ള സൗകര്യങ്ങൾ ഒരുക്കുക.
3. ശാസ്ത്രീയാടിസ്ഥാനത്തിലുള്ളതും പരിസ്ഥിതിക്ക് ദോഷകരമല്ലാത്തതുമായ സമ്മിശ്ര കാപ്പി കൃഷിക്ക് കൂടുതൽ പ്രോത്സാഹനം ലഭ്യമാക്കുക.
4. ചെറുകിട കർഷകർക്ക് കയറ്റുമതി സബ്സിഡിയും വരുമാന പ്രോത്സാഹനങ്ങളും നൽകുക.
5. ജൈവവളങ്ങൾ, മൂല്യവർദ്ധനവിനുവേണ്ട സാധനങ്ങൾ, ജലസേചന സൗകര്യങ്ങൾ എന്നിവയ്ക്ക് സബ്സിഡി നൽകുക.

6. "കാഫീൻ" ഘടകമില്ലാത്ത കാപ്പിയ്ക്ക് വിപണനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
7. പ്രസിദ്ധിയാർജ്ജിച്ച ഫെയർ ട്രേഡ് സ്ഥാപനവുമായി ബന്ധപ്പെട്ട് വിപണനം ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരുക്കുക.
8. ഗുണമേന്മ ഉറപ്പാക്കുവാനുള്ള സാങ്കേതികത്വം കർഷകർക്ക് ലഭ്യമാക്കുക.
9. മൂല്യവർദ്ധനവ് നടത്തിയ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക വിപണി കണ്ടെത്തുവാനുള്ള സൗകര്യം ചെയ്യുക.
10. ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ ചെയ്യുക.
11. വില നിലവാരം പിടിച്ചു നിർത്തുവാനുള്ള ഏർപ്പാടുകൾ ചെയ്യുക.
12. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയമായതും പരിസ്ഥിതിയ്ക്ക് ദോഷകരമല്ലാത്തതുമായ സാങ്കേതിക വിദ്യകളും, അറിവും കർഷകന് ലഭ്യമാക്കുക.
13. ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകന് നേരിട്ട് വിപണനം നടത്തുവാനുള്ള സൗകര്യങ്ങളും അമിതമായി അവർ ചൂഷണം ചെയ്യപ്പെടുന്നത് തടയുവാനുള്ള നടപടികളും സ്വീകരിക്കുക.
14. അന്താരാഷ്ട്ര വിപണി ലാക്കാക്കി പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാനും കർഷകർക്ക് ഇതിനാവശ്യമായ അറിവുകൾ പങ്കുവെക്കുവാനുമായി നിലവിലുള്ള കാപ്പി ഗവേഷണ/സാങ്കേതിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.
15. ഫിൽറ്റർ കോഫി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
16. ലേലസ്ഥലം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
17. കോഫി ബോർഡിന്റെ എക്സ്റ്റൻഷൻ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുക.

അദ്ധ്യായം: 3

# കുരുമുളക് കൃഷി

ഇന്ത്യയുടെ കുരുമുളക് ഉല്പാദനത്തിന്റെ 95 ശതമാനത്തോളം തന്നെ കേരളം സംഭാവന ചെയ്യുന്നു. പക്ഷെ ഇവിടുത്തെ ഉല്പാദനക്ഷമത ഹെക്ടറിന് 261 കിലോഗ്രാം മാത്രമാണ്. മലേഷ്യയിൽ ഇത് 3000 കിലോയും, ബ്രസീലിൽ 2727 കിലോയുമാണ്. ഇതിൽ നിന്നു നമ്മൾ ഇനിയും എത്രയൊ ദൂരം പോകണമെന്ന് ഊഹിക്കാം. കേരളത്തിൽ കുരുമുളക് കൃഷിയിൽ ഇടുക്കി കഴിഞ്ഞാൽ (47,712 ഹെക്ടർ) തൊട്ട് പിന്നിൽ വയനാട് (43,540 ഹെക്ടർ) ആണ്.

കുരുമുളക് കൃഷിക്ക് പുകൾപെറ്റ നാടാണ് വയനാട്. വയനാടൻ കാടുകളിൽ വന്യമായ കുരുമുളക് ജനസ്സുക്കൾ ധാരളമായി കാണപ്പെടുന്നു. കുരുമുളകിന്റെ ഇനത്തിൽപ്പെട്ട ആറോളം വന്യ ജനുസ്സുക്കൾ വയനാട്ടിൽ കാണപ്പെടുന്നുണ്ട്. കൂടാതെ നാടൻ ഇനങ്ങളായ വാലൻകൊട്ട, ഉതിരൻകൊട്ട, കരിങ്കൊട്ട, കരിമുണ്ട, അയംപിരിയൻ, കുതിരവാലി തുടങ്ങിയവ ചെറിയ തോതിലെങ്കിലും കൃഷി ചെയ്യപ്പെടുന്നു. ഇവിടെ ഏറ്റവും കൂടുതൽ കൃഷി ചെയ്യപ്പെടുന്ന ഇനം പന്നിയൂർ 1 ആണ്. ജില്ലയിലെ കുരുമുളക് ഉല്പാദനം പോയവർഷങ്ങളിൽ 14860 മെട്രിക് ടണ്ണായിരുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വയനാടൻ കുരുമുളകിന്റെ തൊണ്ണൂറ് ശതമാനം കയറ്റുമതി ചെയ്യപ്പെടുന്നു. അന്താരാഷ്ട്ര മാർക്കറ്റിൽ എത്തുന്ന മലബാർ ഇനം, തലശ്ശേരി ഇനം കുരുമുളക് കൂടുതലായും വയനാട്ടിൽ കൃഷി ചെയ്യപ്പെടുന്നതാണ്.

മഴ വേണ്ട വിളയാണ് കുരുമുളക്. പരാഗണം നടന്ന് വിത്തുണ്ടാകണമെങ്കിൽ ചെറിയ രീതിയിലുള്ള മഴ ലഭ്യമാകണം. ജൂൺ മാസങ്ങളിലാണ് പൂക്കൾ ഉണ്ടാകുന്നത്. വിളയെടുക്കൽ നവംബർ തുടങ്ങി ജനുവരി വരെ നീളുന്നു. കുരുമുളക് കൃഷിയ്ക്ക് ഏറ്റവും അനുകൂല കാലാവസ്ഥയാണ് വയനാടിനുള്ളത്. പക്ഷെ തെറ്റായ കൃഷി രീതികൾ മൂലം കുരുമുളക് രോഗബാധക്ക് അനുകൂലമായ കാലാവസ്ഥ ഇന്ന് ഭീതിദമായ ദ്രുതവാട്ടരോഗത്തിന് അടിമപ്പെട്ടിരിക്കുന്നു. സുൽത്താൻ ബത്തേരി താലൂക്കിൽ മാത്രം 1994-96 കാലങ്ങളിൽ 3000 ഹെക്ടർ സ്ഥലത്തെ കുരുമുളക് നശിച്ചതായി കണക്കുകൾ പറയുന്നു. ഇപ്പോഴും ഈ വിള ഇതിന്റെ ഭീഷണിയിലാണ്.

രണ്ട് വർഷം മുമ്പ് ഒരു കിലോ കുരുമുളകിന് 285 രൂപക്ക് മുകളിൽ വില ലഭിച്ചിരുന്നെങ്കിലും ഇപ്പോൾ 70 രൂപയായി താഴ്ന്നിരിക്കുന്നു. എന്നാൽ ഉല്പാദനച്ചിലവിന് മാറ്റം വന്നിട്ടില്ല. ദ്രുതവാട്ട രോഗ ഭീഷണിയും, വിലത്തകർച്ചയും കുരുമുളക് കർഷകരെ കണ്ണീരിലാഴ്ത്തിയിരിക്കുന്നു. വയനാടിന്റെ അഭിമാന വിളയായ കുരുമുളകിനേയും, കുരുമുളക് കർഷകരേയും എന്തു വില കൊടുത്തും രക്ഷിക്കേണ്ടിയിരിക്കുന്നു.

കുരുമുളക് കൃഷിയിൽ വയനാട് ജില്ലയ്ക്കുള്ള അനുകൂലഘടകങ്ങൾ, പരിമിതികൾ, അവസരങ്ങൾ, ഭീഷണികൾ എന്തൊക്കെയാണെന്ന് താഴെ വിശദീകരിക്കുന്നു.

## അനുകൂലഘടകങ്ങൾ

1. വയനാടൻ കുരുമുളകിന് അന്താരാഷ്ട്ര വിപണിയിലുള്ള പ്രിയം.
2. കുരുമുളക് കൃഷിക്ക് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയും/ഭൂപ്രദേശവും.
3. കുരുമുളകിന്റെ നാടൻ ഇനങ്ങളിലെ വൈവിധ്യം.
4. വൈവിധ്യമാർന്നതും സമ്പന്നവുമായ കുരുമുളകിന്റെ വന്യ ജനുസ്സുക്കൾ

5. ഇടവിളയായി ചെയ്യുവാനുതകുന്നതരത്തിലുള്ള വിശാലമായ കൃഷിയിടങ്ങൾ
6. കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രത്തിന്റെയും/ അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിന്റേയും നേരിട്ടുള്ള പരിധിയിൽ വരുന്ന പ്രദേശം.

## പരിമിതികൾ

1. നല്ലയിനം നടീൽ വസ്തുക്കളുടെ അഭാവം
2. ഉല്പാദനച്ചിലവ് നിയന്ത്രിക്കുവാൻ കഴിയാത്തത്.
3. കുരുമുളക് കൃഷിയിലും സംസ്കരണത്തിലും പരീക്ഷണങ്ങൾ നടത്തുവാൻ താല്പര്യമില്ലായ്മ.
4. വളപ്രയോഗത്തിലും, കീടനാശിനിപ്രയോഗത്തിലുമുള്ള തെറ്റായ ധാരണകളും, അറിവില്ലായ്മയും.
5. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുതകുന്ന തരത്തിലുള്ള സംയോജിത കൃഷി രീതികൾ പരീക്ഷിക്കുവാനുള്ള തയ്യാറില്ലായ്മ.
6. സാങ്കേതിക ജ്ഞാനക്കുറവും, പരിചയക്കുറവും.

## അവസരങ്ങൾ

1. മഴക്കാടുകൾ നിറഞ്ഞ പ്രദേശത്ത് കൃഷിചെയ്യപ്പെടുന്ന ഗുണമേന്മയാർന്ന കുരുമുളകിനു ലോക വിപണിയിലുള്ള പ്രിയം.
2. ഉയർന്നു വരുന്ന ആഭ്യന്തര മാർക്കറ്റ്.
3. കുരുമുളകിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള പ്രിയം
4. ആയുർവേദ ഔഷധാവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രിയം
5. കുരുമുളക് ഇടവിളയായി കൃഷി ചെയ്യുവാനുള്ള വൻ സാദ്ധ്യതകൾ.

## ഭീഷണികൾ

1. വിലയിലുള്ള ഏറ്റക്കുറച്ചിലും, വിദേശരാജ്യങ്ങളിലുള്ള കുരുമുളകിൽ ഇറക്കുമതി ഗുണ നിലവാരമുള്ള ഇന്ത്യൻ കുരുമുളകിൽ മായചേർക്കാനുള്ള സാധ്യത.
2. സർക്കാർ ഇടപെടലുകൾ
3. രൂക്ഷമായ രോഗഭീഷണി
4. ഉല്പാദനച്ചിലവിലുള്ള വർദ്ധനവ്
5. കാലാവസ്ഥ വ്യതിയാനവും, പ്രകൃതിക്ഷോഭവും.
6. ജില്ലയിൽ കുരുമുളക് വിപണനത്തിന് നിയന്ത്രിതമായ സംവിധാനം നിലവിലില്ല.

മേൽപ്പറഞ്ഞ പരിമിതികളും ഭീഷണികളും പരിഹരിക്കുവാനുള്ള കമ്മിറ്റിയുടെ നിർദ്ദേശങ്ങളും, ശുപാർശകളും താഴെ കൊടുക്കുന്നു.

1. രോഗപ്രതിരോധശേഷിയുള്ളതും ഗുണമേന്മയാർന്നതുമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുവാനുള്ള നടപടികൾ എത്രയും വേഗം നടപ്പിലാക്കണം. ഇതിനായി കുരുമുളക് നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള ഫാമുകൾ ജില്ലയുടെ പലഭാഗത്തും സർക്കാരിതര സംഘടനകളെക്കൂടി ഉൾപ്പെടുത്തി തുടങ്ങണം.
2. ഉല്പാദനച്ചിലവ് കറയ്ക്കുവാൻ ഉദ്ദേശിച്ചുള്ള ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള കുരുമുളക് കൃഷിക്ക് വ്യാപകമായ പ്രചാരം ലഭിക്കുവാനുള്ള നടപടികൾ ഉടൻ സ്വീകരിക്കണം.
3. കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ കുരുമുളക് കർഷകർക്ക് ലഭ്യമാക്കുക.

4. കുരുമുളക് കർഷകരുടെ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച അവർക്ക് മൂല്യവർദ്ധനവ് നടത്തുവാനും സംസ്കരണം നടത്തുവാനുമുള്ള പരിശീലനം ലഭ്യമാക്കുകയും അവർക്ക് ആധുനിക തരത്തിലുള്ള വെയർ ഹൗസിംഗ് സൗകര്യങ്ങൾ തുടങ്ങുവാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കി കൊടുക്കുകയും ചെയ്യുക.
5. ഭൂപ്രദേശത്തിന്റെ പ്രത്യേകത മുതലാക്കിക്കൊണ്ടുള്ള വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുവാൻ കർഷകരെ സഹായിക്കുക.
6. സ്പെഷ്യൽ ഗ്രേഡിംഗിനുള്ള സൗകര്യങ്ങൾ ജില്ലക്ക് ലഭ്യമാക്കുക.
7. IISR, RARS, അമ്പലവയൽ തുടങ്ങിയ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് കർഷകർക്ക് കുരുമുളക് കൃഷിയുടേ ശാസ്ത്രീയ വശങ്ങളിൽ പരിശീലനം ലഭ്യമാക്കുക.
8. വിപണന സൗകര്യങ്ങളെക്കുറിച്ചും, സാദ്ധ്യതകളെക്കുറിച്ചുമൊക്കെ കർഷകർക്ക് നേരിട്ട് വിവരങ്ങൾ എത്തിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
9. വിലത്തകർച്ച തടയുവാനായി കർഷകരെ സഹായിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുക. (വളം, സബ്സിഡി മുതലായവ)
10. ജൈവ കുരുമുളക് കൃഷിക്ക് പ്രോത്സാഹനവും, അത്തരം ഉല്പന്നങ്ങൾക്ക് കൂടുതൽ വിലയും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
11. ജില്ലയിൽ കയറ്റുമതിക്ക് വേണ്ടിയുള്ള ഒരു സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.
12. Export Processing Zone വഴി കുരുമുളക് നേരിട്ട് കയറ്റുമതി ചെയ്യുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്യുക.
13. ഇറക്കുമതിയിൽ കർശന നിയന്ത്രണമേർപ്പെടുത്തുക.
14. കുരുമുളകിന്റെ രോഗഭീഷണി തടയുവാൻ നാടൻ സമ്പ്രദായങ്ങളും ശാസ്ത്രീയ സമ്പ്രദായങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
15. കൃത്യമായ കാലാവസ്ഥാ പ്രവചനങ്ങൾ കർഷകർക്ക് മുൻകൂട്ടി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
16. സുൽത്താൻബത്തേരിയിലെ കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം പരമാവധി ഉപയോഗപ്പെടുത്തുക.
17. പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന നഷ്ടം നികത്താൻ കർഷകർക്കു വേണ്ടി ഇൻഷുറൻസ് പദ്ധതികൾ ആവിഷ്കരിക്കുക.

## അദ്ധ്യായം: 4

# നെൽകൃഷി

നെൽകൃഷിയിൽ മഹത്തായ ഒരു പാരമ്പര്യം ഉണ്ടായിരുന്ന ഒരു ജില്ലയാണ് വയനാട്. ഈ പേരു പോലും ഉടലെടുത്തത് നെൽവയലുകളുടെ നാട് എന്ന വിശേഷണത്തിൽ നിന്നാണ്. ഇതിൽ നിന്നും നെൽകൃഷിയുടെ സാമൂഹിക സാംസ്ക്കാരിക പ്രാധാന്യം നമുക്ക് മനസ്സിലാക്കാം. വയനാട്ടിൽ 16,882 ഹെക്ടർ പ്രദേശത്ത് ഒന്നാംവിളയും, 8725 ഹെക്ടർ പ്രദേശത്ത് രണ്ടാംവിളയും ചെയ്യുന്നു. നെൽവയലുകൾ ഭക്ഷ്യസുരക്ഷ യോടൊപ്പം തൊഴിൽ സുരക്ഷയെയും ഒരു പരിധിവരെ സാമ്പത്തിക സുരക്ഷയെയും പരിപോഷിപ്പിച്ചിരുന്നു. വയനാടിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിൽ നെൽ വയലുകൾ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. വളരെപണ്ട് തൊട്ടേ വയനാട്ടിലെ ആദിമനിവാസികളായ പണിയർ, അടിയർ തുടങ്ങിയവർ നെൽവയലുകളെ തൊഴിലിനായി ആശ്രയിച്ചുപോരുന്നു. അതേപോലെ കുറിച്ച്യർ, കുറുമർ എന്നിവർ നെൽകൃഷിയെ ജീവിതോപാധിയായി ആശ്രയിച്ചു വരുന്നു. എന്നാൽ ഇന്നു വയനാട് ജില്ലയിൽ മൊത്തത്തിൽ തന്നെ നെൽ വയലുകൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

### അനുകൂല ഘടകങ്ങൾ

1. അനുയോജ്യമായ കാലാവസ്ഥയും മണ്ണും
2. ഉയർന്ന ഉല്പാദനക്ഷമത
3. വൈവിധ്യമാർന്ന നാടൻ നെല്ലിനങ്ങൾ
4. പരിസ്ഥിതിയ്ക്കിണങ്ങുന്ന കൃഷിരീതികൾ
5. ഉത്കൃഷ്ടമായ പാരമ്പര്യമുള്ള കർഷകർ
6. കാര്യക്ഷമമായ തൊഴിൽ സേന
7. നെൽ വയലുമായി ബന്ധപ്പെട്ടു കാണുന്ന ഭക്ഷ്യയോഗ്യമായ സസ്യങ്ങളും, ചെറുജീവികളും, മത്സ്യങ്ങളും, പക്ഷികളും നെൽവയലിനെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നു.
8. വളർത്തുമൃഗസമ്പത്ത്
9. സുലഭമായി ലഭിക്കുന്ന പച്ചിലകളും മറ്റു ജൈവാവശിഷ്ടങ്ങളും
10. ഹ്രസ്വകാല ഇനങ്ങളും മറ്റു വിളകൾ ചെയ്യാനുള്ള സാധ്യതകളും

### പരിമിതികൾ

1. മറ്റു വിളകളുമായി താരതമ്യം ചെയ്യുമ്പോൾ നെല്ലിനുള്ള കുറഞ്ഞ വില
2. അധികം ലാഭകരമായ മറ്റു വിളകളിൽ നിന്നുള്ള കടുത്ത മത്സരം
3. ഉയർന്ന ഉത്പാദന ചെലവ്.
4. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത
5. മൂല്യ വർദ്ധിത ഉൽപന്ന നിർമ്മാണത്തിന്റെ അഭാവം
6. സാങ്കേതിക വിദ്യ കൈമാറ്റത്തിനുള്ള കാലതാമസം
7. സ്ഥാപനപരമായ താല്പര്യരാഹിത്യം
8. ഗുണമേന്മയേറിയ വിത്തുകളുടെ അ ാവം
9. മണ്ണിന്റെ ഫലഭൂയിഷ്ഠതയുടെ അപചയം
10. അടിസ്ഥാനഘടങ്ങളിലുള്ള കുറഞ്ഞ നിക്ഷേപം
11. കൂട്ടായ കൃഷിയുടെ അഭാവം

12. വിളവെടുപ്പ് സംരക്ഷിക്കുവാനും ഉപയോഗപ്പെടുത്താനുമുള്ള സാങ്കേതിക വിദ്യയുടെ അപര്യാപ്തത
13. അവശ്യസമയങ്ങളിൽ തൊഴിലാളികളുടെ അഭാവം
14. പുത്തൻ തലമുറക്ക് കൃഷിയിലുള്ള താല്പര്യക്കുറവ്
15. നെൽകൃഷി വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ കാലതാമസം

## അവസരങ്ങൾ

1. സവിശേഷ നെല്ലിനങ്ങളായ നവര, ഗന്ധകശാല, ജീരകശാല, ചെന്നെല്ല് തുടങ്ങിയ നാടൻ ഇനങ്ങൾക്ക് അനുയോജ്യമായ പരിതഃസ്ഥിതിയും ഉയർന്ന വിപണന സാധ്യതയും
2. മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണ- വിപണന സാധ്യതകൾ
3. ബസുമതിയുടെ ഉയർന്ന ഉൽപ്പാദനക്ഷമത.
4. ചെറുകിട നീർത്തട വികസനവും ജലസേചന സാധ്യതയും.
5. നെൽകൃഷി അനുബന്ധതൊഴിലുകളും. മൽസ്യകൃഷി, കാലിവളർത്തൽ, പച്ചക്കറി കൃഷി ഉദ്യാന അലങ്കാര സസ്യ നിർമ്മാണം തുടങ്ങിയ സാധ്യതകൾ.
6. ജൈവ മേഖലയായി സംരക്ഷിക്കപ്പെടാനുള്ള സാധ്യതകൾ.
7. നെൽകൃഷിക്ക് അനുകൂലമായ സാംസ്കാരിക ആചാരനുഷ്ഠാനങ്ങൾ.
8. നെൽകൃഷിക്ക് അനുയോജ്യമായ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ.
9. ഉയർന്ന ജല ലഭ്യത.
10. ജൈവ വള, ജൈവ കീടനാശിനികൾ നിർമ്മിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത.
11. സ്ത്രീ തൊഴിലാളികളുടെ ഉയർന്ന ലഭ്യത.

## ഭീഷണികൾ

1. കുറഞ്ഞ ലാഭം
2. പരിസ്ഥിതിയിലുള്ള അപ്രതീക്ഷിതമാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ
3. നെൽകൃഷി രംഗത്ത് നിക്ഷേപങ്ങളുടെ പോരായ്മ.
4. ജനങ്ങൾക്ക് നാണ്യ വിളകളോടുള്ള അഭിനിവേശം.
5. അശാസ്ത്രീയമായ കൃഷി രീതികൾ മൂലം ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട മണ്ണും അമിതമായ കീടബാധയും.
6. ജനസംഖ്യാവർദ്ധനവും വർദ്ധിച്ചു വരുന്ന പാർപ്പിട ആവശ്യങ്ങളും നെൽകൃഷിക്ക് ഭീഷണി സൃഷ്ടിക്കുന്നു.
7. ഇതര തൊഴിൽ മേഖലകളിലേക്ക് ചലിച്ചു കൊണ്ടിരിക്കുന്ന തൊഴിൽ ശക്തി.
8. നെൽകൃഷി ചെയ്യുന്നത് ഇക്കാലത്ത് സാമൂഹ്യ പദവിക്ക് നിരക്കാത്തതാണെന്ന മനോഭാവം.
9. കുറഞ്ഞുകൊണ്ടിരിക്കുന്ന കന്നുകാലി സമ്പത്ത്.
10. മണൽവാരലിനും, ഇഷ്ടികക്കളത്തിനുമായി അമിതമായി ചൂഷണം ചെയ്യപ്പെടുന്ന വയലുകൾ.

## ശുപാർശകൾ

1. **വയനാടിനെ നെൽകൃഷി സംരക്ഷണ മേഖലയായി പ്രഖ്യാപിക്കണം.**

വയനാടിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, കുത്തനെയുള്ള മലകളും കുന്നുകളും ചരിവുകളിൽ ജല സംരക്ഷണത്തിനനുയോജ്യമല്ലാത്ത മണ്ണ്, ഘടന എന്നിവ മൂലം മഴ വെള്ളം താഴ്വരകളിലേക്ക് അതിവേഗം എത്തുന്നു. ഈ പ്രദേശങ്ങളിൽ കെട്ടിക്കിടന്ന് ചതുപ്പുസമമായ സ്ഥിതി രൂപപ്പെടുത്തുന്നു. ഇങ്ങനെയുള്ള പ്രദേശത്തിൽ

രൂപം കൊള്ളുന്ന മെത്തപോലെയുള്ള പ്രതലം കെട്ടിക്കിടക്കുന്ന വെള്ളത്തെ ശരിയായ അളവിൽ ഭൂഗർ ജലസംവിധാനത്തിൽ എത്തിക്കുന്നു. വെള്ളപ്പൊക്കത്തെയും നിയന്ത്രിക്കുന്നു. ഈ ചതുപ്പു പ്രദേശങ്ങിൽ വളരാൻ സാധ്യതയുള്ള ഏക വിള നെല്ലാണ്. മറ്റു വിളകൾ കൃഷി ചെയ്യുവാൻ ചാലുകൾ കീറി വെള്ളം ഒഴുക്കികളയേണ്ടതാവശ്യമാണ്. ഇത് ക്രമേണ ജല ദൗർലഭ്യം സൃഷ്ടിക്കുന്നു. മുൻപ് വയൽ നികത്തിയ പ്രദേശങ്ങളിലൊക്കെതന്നെ ഇന്ന് ജലക്ഷാമം അനുഭവിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും. ജല ദൗർലഭ്യം ജന ജീവിതത്തെയും ജൈവ വൈവിധ്യത്തിന്റെ നിലനിൽപ്പിനെയും ബാധിക്കുന്നു. വയനാടിന്റെ നിലനില്പ് ഇത്തരുണത്തിൽ നെൽവയലുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇത് മനസ്സിലാക്കി നെൽ വയൽ സംരക്ഷണ മേഖലയായ് പ്രഖ്യാപിക്കേണ്ടത്. ദീർഘ വീക്ഷണമുള്ള കഴിവുറ്റ നേതൃത്വത്തിന്റെ കടമയാണ്.

2. Paddy Technology mission. **രൂപീകരിക്കണം.**

നെൽകൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, നെല്ലിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക, എന്നീ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിനനുയോജ്യമായ പരിസ്ഥിതി സൃഷ്ടിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുക.

3. **വയനാടിനെ കേന്ദ്രീകരിച്ച് അത്യുല്പാദനശേഷിയുള്ള/ നാടൻ ഇനങ്ങളുടെ ഗുണമേന്മയേറിയ വിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.**

കേരളത്തിന്റെ പൊതുവായ കാലത്തിനും സമയത്തിനും ആയിട്ടല്ല വയനാട്ടിൽ നെല്കൃഷി ചെയ്യുന്നത്. സാധാരണ രണ്ടു കൃഷിയാണ് വയനാട്ടിൽ ചെയ്യുന്നത്. എന്നാൽ മറ്റു സ്ഥലങ്ങളിൽ ചെയ്യുന്നതിൽ താമസിച്ച് ചെയ്യുന്നതിനാൽ ആവശ്യമായ നെൽവിത്ത് ഗുണ നിലവാരത്തിൽ ലഭിക്കാറില്ല. അതുപോലെ മറ്റു സ്ഥലങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന നെല്ലിനങ്ങൾ വയനാടൻ കാലാവസ്ഥയിൽ നല്ല വിളവ് തരണമെന്നില്ല. എന്നാൽ വയനാട് കേന്ദ്രമാക്കി അനുയോജ്യമായ നെല്ലിനങ്ങളുടെ വിത്തുല്പാദനം തുടങ്ങിയാൽ ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാകും.

4. **നെൽ കർഷകർക്ക് അവരുടെ സേവനത്തിന് അർഹമായ സാമ്പത്തിക പ്രോത്സാഹനം ലഭ്യമാക്കണം.**

നെൽവയലുകൾ സമൂഹത്തിന് നേരിട്ടും അല്ലാതെയും നിരവധി സേവനങ്ങൾ പ്രദാനം ചെയ്യുന്നു. എന്നാൽ കൃഷിക്കാർ ദാരിദ്ര്യത്തിൽതന്നെ കഴിയുന്നു. ജലലഭ്യത, ജനിതകവൈവിധ്യ സംരക്ഷണം, നെൽവയലുമായി ബന്ധപ്പെട്ടു കാണുന്ന ഭക്ഷ്യയോഗ്യ സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ, വിളകളുടെ വന്യ ബന്ധുക്കൾ, ഭാവിയിൽ ഉപയോഗപ്രദമാകാവുന്ന നിരവധി സസ്യങ്ങൾ, ഉല്പാദനക്ഷമതയെ പരിപോഷിപ്പിക്കുന്ന സൂക്ഷ്മജീവികൾ, മിത്രകീടങ്ങൾ, ഭക്ഷ്യയോഗ്യ ചെറുജീവികൾ, മത്സ്യങ്ങൾ, പക്ഷികൾ എന്നിവ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നത് കർഷകനാണ്. വയനാട്ടിലെ ആദിമനിവാസികൾ, നെൽവയലുമായി ബന്ധപ്പെട്ടുകാണുന്ന ഭക്ഷ്യയോഗ്യ സസ്യങ്ങളെയും, നൂഞ്ചി തവള, ഞണ്ട് പോലുള്ള മറ്റു ജീവികളേയും ഉപയോഗപ്പെടുത്തിയാണ് പട്ടിണിക്കെതിരെ പൊരുതി നിന്നത്. എന്നാൽ നെൽവയൽ ശോഷണം ഇന്ന് പട്ടിണിമരണത്തിലേക്ക് ഇവരെ തള്ളിവിടുന്നു.

നെൽവയൽ സംരക്ഷിക്കുന്നതിന് കർഷകന് അവന്റെ സേവനത്തിനു മതിയായ സാമ്പത്തിക പ്രോത്സാഹനം നല്കേണ്ടതാണ്. അതേ സമയം നെൽവയലിന്റെ അശാസ്ത്രീയമായ ഉപയോഗം തടയുവാനും അത്തരം വിളകൾ 3 വർഷത്തിന് മുകളിൽ കൃഷി ചെയ്യുന്നവരിൽ നിന്ന് ഫീസ് ഈടാക്കി സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും സാധിക്കുന്നു.

5. **ബസുമതി അരിയുടെ സാധ്യതകൾ പരമാവധി മുതലെടുക്കുവാനുള്ള നടപടികൾ ഉണ്ടാകണം.**

വയനാട് സുഗന്ധനെല്ലിനങ്ങൾക്ക് വളരെ അനുയോജ്യമായ സ്ഥലമാണ്. ബസുമതി വളരെ ഉയർന്ന ഉല്പാദനക്ഷമതയോടെ ഇവിടെ പരീക്ഷണാടിസ്ഥാനത്തിൽ കൃഷിചെയ്തിട്ടുണ്ട്. ഈ വാണിജ്യ സാധ്യതയെ പരമാവധി മുതലാക്കുവാൻ ഇതിന്റെ മൂല്യവർദ്ധനയ്ക്ക് ആവശ്യമായ റബ്ബറൈസ്ഡ് ഹള്ളർ മിൽ വയനാട്ടിൽ കുറഞ്ഞത് മൂന്ന് താലൂക്കുകളിലും സ്ഥാപിക്കുക. പണി തുടങ്ങിയ പനമരത്തെ മില്ലിന്റെ പ്രവർത്തനം പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടികൾ കൈകൊള്ളുക. ഇതിനോടുചേർന്ന് ആധുനിക പാക്കിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തുക.

6. **ചെറുകിട ജലസേചന പദ്ധതികളുടെ ആവശ്യം.**

വയനാടിന്റെ ഭൂമിശാസ്ത്രത്തിനനുയോജ്യമായ ചെറുകിട ജലസേചന പദ്ധതികൾക്ക് മുൻതൂക്കം കൊടുത്തുവേണം നെല്കൃഷി വികസനപരിപാടി നടപ്പിലാക്കാൻ. വൻകിട ജലസേചന പദ്ധതികൾ ജില്ലയ്ക്ക് ദുരിതം മാത്രമാണ് ഇക്കാലയളവുകളിൽ നേടി തന്നത്. ഗ്രാമ പഞ്ചായത്തുകളുമായി ചേർന്നുള്ള നടത്തിപ്പിനായിരിക്കണം പദ്ധതി മുൻതൂക്കം കൊടുക്കുവാൻ.

7. **പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ വിനിയോഗം.**

സാമ്പത്തിക ബാധ്യത ഏറാത്ത ജലസേചന രീതികളും അവയുടെ ഫലവത്തായ വിനിയോഗത്തിനായി ലിഫ്റ്റ് ഇറിഗേഷൻ, സോളാർ എനർജി എന്നിവ ഉപയോഗിക്കുവാനുള്ള സാങ്കേതിക സാമ്പത്തിക സഹായം കർഷകന് ലഭ്യമാക്കണം.

8. **KINFRA** യുടെ ചുവടുപിടിച്ചു നെല്ലും, അരിയും കയറ്റുമതി ചെയ്യുന്നതിനും ആഭ്യന്തരവിപണി നേടുന്നതിനും അനുയോജ്യമാണ് വിപണന/ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ആധുനിക വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുകയും വേണം.

9. **Paddy Information Centre** - കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കണം. ഇത് Agro Clinic - സേവനമനുഷ്ഠിക്കാൻ പറ്റുന്ന രീതിയിലായിരിക്കണം രൂപപ്പെടുത്തേണ്ടത്. സംയോജിത രോഗകീട നിയന്ത്രണത്തിൽ കർഷകർക്ക് അറിവും പരിശീലനവും നൽകുക.

10. **Agriculture Course Curriculum**- ത്തിൽ പാരമ്പര്യ കൃഷിക്ക് പ്രാധാന്യം നൽകുകയും സുസ്ഥിരകൃഷി പ്രോത്സാഹിപ്പിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ വയനാട് കേന്ദ്രമാക്കി തുടങ്ങുവാൻ സർവ്വകലാശാല ശ്രദ്ധിക്കണം.

11. സവിശേഷ നെല്ലിനങ്ങളായ **ഗന്ധകശാല, ജീരകശാല, മറ്റു സുഗന്ധ നാടൻ ഇനങ്ങൾ, നവര, ചെന്നെല്ല്** തുടങ്ങിയ ഔഷധയിനങ്ങൾ എന്നിവയുടെ വിപണനത്തിനും Geographical Branding / Patent എന്നിവയ്ക്കായി സർക്കാർ തലത്തിൽ നേടണം.

12. **നെൽവയൽ ആവാസവ്യവസ്ഥയുടെ** സേവനങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയവും ആധികാരികവുമായ പഠനം നടത്തി നെൽകൃഷിയുടെ പാരിസ്ഥിതിക പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുക.

13. നെൽകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി മത്സ്യകൃഷി, കൂൺ കൃഷി, പച്ചക്കറി, അലങ്കാരപൂച്ചെടി, മൃഗപരിപാലനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

14. നെൽകർഷകരുടെ മക്കൾക്ക് കാർഷിക ഗവേഷണ പഠനത്തിനായി പ്രത്യേക പരിഗണന നൽകുക.

15. വനവും നെൽകൃഷിയുമായുള്ള പ്രത്യേക ബന്ധം പോഷിപ്പിക്കുന്നതിനുതകുന്ന വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

16. ജൈവ/ ജീവാണു വളങ്ങളുടെ നിർമ്മാണ, വ്യാപനം എന്നിവ പ്രോത്സാഹിപ്പിക്കുക. അവയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നിയമ നടപടികൾ ഉറപ്പാക്കുക.

17. Crop rotation പ്രോത്സാഹിപ്പിക്കുക.

18. നെല്ലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാൻ കർഷകന് ലാഭകരമാക്കുന്ന രീതിയിൽ തറവില പുന:പരിഷ്കരിക്കുക.

19. മറ്റു രാജ്യങ്ങളിൽ നിന്നുള്ള അരിക്കും, നെല്ലിനും പരമാവധി ഇറക്കുമതി ചുങ്കം ഏർപ്പെടുത്തുക.

20. നെൽവയൽ ആവാസവ്യവസ്ഥാ സംരക്ഷണത്തിനായി ഗവൺമെന്റ് തലത്തിൽ ശ്രമം നടത്തുക.

21. നെൽകൃഷിക്കുള്ള ഇൻഷുറൻസ് കാലാവസ്ഥാനാശം കൊണ്ടുള്ളതിന് മാത്രം ഒതുക്കി നിർത്താതെ കീടബാധയ്ക്കും മറ്റു രോഗ ഭീഷണിക്കും കൂടി ഏർപ്പെടുത്തുക.

## അദ്ധ്യായം:5

## ഔഷധസസ്യക്കൃഷി

പ്രൊഫ. എം. എസ്. സ്വാമിനാഥൻ ചെയർമാനായി കേരള സംസ്ഥാന സർക്കാർ നിയോഗിച്ച WTO കമ്മീഷന്റെ പ്രധാന ശുപാർശകളിലൊന്ന് ഇവിടുത്തെ ഔഷധ സസ്യങ്ങളുടേയും, ഞവര പോലെ ആയുർവേദ പ്രാധാന്യമുള്ള നെൽ വിത്തിനങ്ങളുടേയും കൃഷിയും, അവ ഉപയോഗപ്പെടുത്തിയുള്ള ഹെർബൽ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും, നമ്മുടെ ആയുർവേദ, ഹരിതാരോഗ്യ പൈതൃകം മുതലാക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതി കളുമാണ്. പ്രൊഫ. സ്വാമിനാഥൻ കേരളത്തിന്റെ ഈ സാദ്ധ്യതകളെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ് "കേരളത്തിൽ സൈലന്റ് വാലി മുതൽ വയനാട് വരെയുള്ള പ്രദേശങ്ങൾ ഔഷധസസ്യസമ്പത്തിന്റെ സിരാകേന്ദ്രമാണ്. കമ്പ്യൂട്ടർ വ്യവസായ രംഗത്ത് വിപ്ലവം സൃഷ്ടിച്ച "സിലിക്കോൺ വാലി" യുടെ മാതൃക ഉൾക്കൊണ്ട് ഒരു ഔഷധ വൈവിധ്യ താഴ്‌വരയായി ഈ പ്രദേശത്തെ മാറ്റുവാൻ ബന്ധപ്പെട്ടവർക്ക് കഴിയണം". ഇത് സാദ്ധ്യ മായാൽ കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വൻ കുതിച്ച് ചാട്ടം നടത്തുവാൻ കഴിയു മെന്ന് പ്രവചിക്കപ്പെടുന്നു. ഈ സാധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ലോക പ്രശസ്ത ആയുർവേദ ഭിഷഗ്വരനായ ഡോ. പി. കെ. വാര്യർ ചെയർമാനായി ഒരു കർമ്മ സമിതിയേയും WTO കേരളാ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. അദ്ദേഹം വയനാടിന് മുഖ്യ പ്രാധാന്യം നൽകുമെന്ന് പ്രത്യാശിക്കാം.

### ഔഷധം വിളയും നാട് വയനാട്

വയനാടിന്റെ ഔഷധസസ്യ ചരിത്രത്തിന് ഈ ജില്ലയിലെ മനുഷ്യ ചരിത്രത്തോളം തന്നെ പഴക്കമുണ്ടാകും. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഏതാണ്ട് അവസാന കാലഘട്ടം വരെ ഇതൊരു "ഇരുണ്ട ഭൂപ്രദേശ"മായിരുന്നു. ഇവിടെ ആദ്യകാലം മുതൽക്കെയുള്ള മനുഷ്യ സമൂഹങ്ങളിൽ ആരും തന്നെ ഏതെങ്കിലും തരത്തിലുള്ള ആധുനിക ഔഷധ സമ്പ്രദായങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നതായി അറിവില്ല, ബ്രിട്ടീഷുകാർ പോലും മലേറിയ തടയുവാൻ ഇവിടെ വെച്ചു പിടിപ്പിച്ചത് പ്രശസ്തമായ *സിങ്കോണ* മരങ്ങളായിരുന്നു. ഇവിടുത്തെ പഴമക്കാരായ കുറുച്ച്യരും, കുറുമരും, കാട്ട് നായ്ക്കന്മാരും, പണിയൻമാരു മൊന്നും ഈയടുത്തകാലം വരെ ആശുപത്രികളിൽ പോയിരുന്നതേയില്ല. ആരോഗ്യകരമായ ജീവിതം നയിക്കുവാൻ വേണ്ടി ഇവർ ഔഷധപ്രാധാന്യമുള്ള ഗന്ധകശാല, ജീരകശാല, നകരപുഞ്ച (ഞവര നെല്ല്), ചെന്നെല്ല്, കറുത്തൻ തുടങ്ങിയ നെല്ലിനങ്ങളും, മുത്താറിയും കൃഷി ചെയ്തിരുന്നു. ചെറിയ ചെറിയ അസുഖങ്ങൾക്ക് തുടങ്ങി മാരകമായ ക്യാൻസറിന് പോലും ഇവരുടെയിടയിൽ ഔഷധങ്ങളുണ്ട്. ജില്ലയിൽ ഏകദേശം 650-ൽ പരം ഔഷധ സസ്യങ്ങൾ ഉണ്ടെന്ന് MSSRF നടത്തിയ പഠനങ്ങൾ കാണിക്കുന്നു. ഇവിടെ നിന്നും വ്യാപകമായി ശേഖരിക്കപ്പെടുന്ന സസ്യങ്ങൾ വളരെക്കുറവ് മാത്രമാണ്. ഇതിൽ എടുത്തു പറയേണ്ടവ ആയുർവേദ ഔഷധാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന മൂവില, ഓരിലത്താമര, കാട്ട്പടവലം, മഞ്ചിഷ്ട, കൽപ്പാശി, നെല്ലി, കുറുന്തോട്ടി, ഓരില, പന്തക്കറ, കാട്ടുകുരുമുളക്, തിപ്പലി, നായ്ക്കുരണ തുടങ്ങിയവയാണ്. ഇത്തരം സസ്യങ്ങൾ ശേഖരിക്കുവാൻ ലൈസൻസുള്ള ആദിവാസി കുടുംബാംഗങ്ങൾക്ക് മാത്രമെ കഴിയു. പക്ഷെ അവരിൽ ബഹുഭൂരിപക്ഷവും ഈ പറഞ്ഞ സസ്യങ്ങളൊന്നും ഇപ്പോൾ നേരിട്ട് ഔഷധാവശ്യത്തിനൊ ആരോഗ്യാവശ്യത്തിനൊ ഉപയോഗപ്പെടുത്തുന്നില്ല.

## അനുകൂല ഘടകങ്ങളും അവസരങ്ങളും (Strength & Opportunities)

### 1. വൈവിധ്യമാർന്ന നാട്ടറിവ്

650-ൽ പരം ഔഷധ സസ്യങ്ങളുള്ള വയനാട്ടിൽ, പക്ഷെ വ്യാവസായിക അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്ന ഔഷധസസ്യങ്ങൾ 150-ൽ താഴെയാണ്. ഇതിൽ ആയുർവേദ ചികിത്സാ സമ്പ്രദായത്തിൽ ഉപയോഗപ്പെടുത്തുന്നത് 150-ൽ പരം ചെടികൾ മാത്രമാണ്. ഇത് വിരൽ ചൂണ്ടുന്നത് ഈ ജില്ലയിലെ ജനങ്ങൾ പണ്ട് മുതൽക്കെതന്നെ വിവിധ തരത്തിലുള്ള സസ്യങ്ങൾ ഔഷധാവശ്യത്തിനായി തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്തിയിരുന്നുവെന്നാണ്. ഇത്തരം സസ്യങ്ങളിൽ തന്നെ ഇവിടുത്തെ ഒരു വിഭാഗത്തിന് ഔഷധയോഗ്യമായത്, മറ്റൊരു വിഭാഗത്തിന് ഔഷധമേയല്ല. ഉദാഹരണത്തിന് ജില്ലയിലെ വയലുകളിൽ കാണപ്പെടുന്ന <u>*Hypericum japonicum*</u> എന്ന ചെറു സസ്യം പണിയവിഭാഗം മാത്രം ഉപയോഗപ്പെടുത്തുന്ന ഒരു ഔഷധ സസ്യമാണ്. ഇന്ന് എല്ലാ *Hypericum* സ്പീഷിസുകളും AIDS-ന് എതിരെ ഉപയോഗപ്പെടുത്തുവാൻ ഫലപ്രദമാണെന്ന് ശാസ്ത്രം പറയുന്നു. ഇത്തരത്തിലുള്ള ഒട്ടനവധി സസ്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടുത്തെ ജനങ്ങളുടെ പക്കൽ ഉണ്ട്. പക്ഷെ ഇവയൊന്നും ശാസ്ത്രീയാടിസ്ഥാനത്തിൽ പഠനവിധേയമാക്കിയിട്ടില്ല. ബാക്കിവരുന്ന 500 ഓളം സസ്യങ്ങൾ ഉപയോഗപ്പെടുത്തുന്നത് ഗൃഹൗഷധാവശ്യത്തിനൊ, അല്ലെങ്കിൽ ചില പ്രത്യേകം വിഭാഗങ്ങൾ അവരിൽ പൊതുവായോ ആണ്. ഉദാഹരണത്തിന്, കുറിച്ച്യ വിഭാഗം വ്യാപകമായി- പെരുവലം (*Heckeria subpeltata*) എന്ന ചെടിയുടെ ഇല ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്. കുറുമ വിഭാഗം വയർ സംബന്ധമായ രോഗങ്ങൾക്ക് വയൽ പൂവ് (*Crotalaria quinquifolia*) എന്ന ചെടി വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ ഒട്ടനവധി ചെടികൾ ഒറ്റപ്പെട്ടരീതിയിൽ വ്യക്തികളും, കുടുംബങ്ങളും പ്രത്യേകാരോഗ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. വയനാട്ടിൽ പ്രശസ്തമായ നിലമാങ്ങാ (*Sclerotium stipitatum*) പല കുടുംബങ്ങളിലെ സ്ത്രീകളും കുട്ടികളുടെ ഛർദ്ദി/ അതിസാരത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. അതുപോലെ ആരോഗ്യദായകമായ ഒട്ടനവധി വന്യഭക്ഷ്യ വിഭവങ്ങൾ (ഇലക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, തേൻ, കൂണുകൾ, മത്സ്യം, ഞണ്ട്, നൂഞ്ചി മുതലായവ) ഇവിടുത്തെ ജനങ്ങൾ ക്ഷണമാക്കുന്നുണ്ട്, വിശേഷിച്ചും വന്യമായ ആവാസവ്യവസ്ഥകളുമായി കൂടുതൽ ബന്ധപ്പെട്ട് ജീവിക്കുന്നവരിൽ.

പക്ഷെ ഇന്ന് ഇത്തരം അറിവുകൾ സമൂഹത്തിന്റെ അംഗീകാരം കിട്ടാത്തതുകൊണ്ട് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പല കോണുകളിൽ നിന്നും ഉയരുന്ന നാട്ടറിവിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പരാമർശങ്ങളും മറ്റും ജനങ്ങളിൽ ഒരു പുതിയ ശ്രദ്ധ ഇതിലുണ്ടാക്കുവാൻ ഇടയാക്കിയിട്ടുണ്ട്. ഇത്തരം അറിവുകൾക്ക് പ്രാധാന്യമുണ്ടെന്നുള്ള കാര്യം, പക്ഷെ ആ അറിവ് വഹിക്കുന്നവർക്ക് വലിയ നിശ്ചയമില്ലായെന്നതും ഒരു വസ്തുതയാണ്. CBD, Farmer's Rights എന്നിവയെ തുടർന്ന് ഇത്തരം അറിവിനും, പ്രാഗത്ഭ്യത്തിനുമൊക്കെ അംഗീകാരം കിട്ടുമെന്നുള്ള ഒരു വിശ്വാസം സമൂഹത്തിന് പൊതുവിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

### 2. ജൈവവൈവിധ്യം

പശ്ചിമഘട്ടനിരകളിലെ വളരെ വൈവിധ്യമാർന്ന പ്രദേശങ്ങളിൽ ഒന്നായി വയനാടിനെ കണക്കാക്കിയിരിക്കുന്നു. ഇവിടെ എല്ലാത്തരം വൈവിധ്യവും ഈയടുത്ത കാലം വരെ വളരെ പ്രകടമായിരുന്നു. ജനുസ്സുക്കളുടെ വൈവിധ്യം, ജനിതക വൈവിധ്യം, ആവാസ വ്യവസ്ഥാ വൈവിധ്യം, സാംസ്കാരിക വൈവിധ്യം തുടങ്ങിയ നാലു മേഖലകളിലും വയനാട് മുമ്പിലായിരുന്നു. ഇവിടെ കുറഞ്ഞ പക്ഷം 2000-ൽ പരം സപുഷ്പുകളായ സസ്യങ്ങൾ

ഉണ്ട്. ഇതിൽ 500-ൽ പരം മരങ്ങളാണ്, 150-ൽ പരം ഓർക്കിഡുകൾ ഈ പ്രദേശത്തുണ്ട് 300-ൽ പരം വന്യ ഭക്ഷ്യ വിഭവങ്ങൾ ഉണ്ട്, 650 ഓളം ഔഷധ സസ്യങ്ങൾ ഉണ്ട്, ഒട്ടനവധി ശുദ്ധജല മത്സ്യങ്ങൾ, തവളകൾ, ആമകൾ, മറ്റ് വലിയ മൃഗങ്ങൾ ഇങ്ങനെ പോകുന്ന ജനുസ്സുക്കളിലെ വൈവിധ്യം. ജില്ലയിൽ ഏകദേശം 650-ൽ പരം ഔഷധ സസ്യങ്ങൾ ഉണ്ടെന്ന് സൂചിപ്പിച്ചുവല്ലോ. ഇത്തരം സസ്യങ്ങളിൽ ഏറിയ കൂറും വന്യമായിട്ടുള്ള പ്രദേശങ്ങളിലോ കൃഷിഭൂമിയുടെ പ്രാന്തപ്രദേശങ്ങളിലോ മാത്രം കാണപ്പെടുന്നവയാണ്. മരമഞ്ഞൾ, കരിമുത്തിൾ, ഓരിലത്താമര, തുടങ്ങിയ അപൂർവ്വ സസ്യങ്ങൾ കേരളത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ളതിനേക്കാളേറെ ഈ ജില്ലയിൽ കാണപ്പെടുന്നു. ഓരിലത്താമര, അഴുകണ്ണി തുടങ്ങിയ സസ്യങ്ങളിലെ അറിയപ്പെടുന്ന എല്ലാ സ്പീഷിസുകളും ജില്ലയിലുണ്ട്. വന്യ മായ സ്പീഷിസുകളിലെ ജനിതക വൈവിധ്യത്തെക്കുറിച്ച് പക്ഷെ പഠനങ്ങളൊന്നും ഇവിടെ നടന്നിട്ടില്ല. പക്ഷെ ഇത് വളരെ പ്രകടമാണ് ജില്ലയിൽ, ഉദാഹരണം വ്യക്തമാക്കുകയാണെങ്കിൽ ജീവകം എന്ന സ്പീഷിസിന്റെ (*Malaxis rheedii*) പല വകഭേദങ്ങൾ വയനാട്ടിൽ കാണാം. അതുപോലെ തന്നെ ചതുരമുല്ല (*Myxopyrum serratulum*), ഏകനായകം (*Salacia reticulata*), കൊല്ലിഞ്ഞാവൽ (*Syzygium travancoricum*), മുത്തിൾ (*Centella asiatica*), ബ്രഹ്മി (*Bacopa monnieri*) തുടങ്ങിയ ഔഷധസസ്യങ്ങളിലെ ജനിതക വൈവിധ്യം വളരെ പ്രകടമാണ് വയനാട്ടിൽ.

വയനാടിന്റെ ആവാസവ്യവസ്ഥകളിലെ വൈവിധ്യം, അതിലുള്ള സസ്യ വൈവിധ്യത്തിന് കൂടുതൽ ആക്കം കൂട്ടുന്നതിന് തെളിവാണ്, ഇവിടുത്തെ കാടുകളിലും, പുഴത്തീരങ്ങളിലും, ചെറുതോടുകളിലും, ചതുപ്പുകളിലും, പൊന്തക്കാടുകളിലും, വയലുകളിലും, വൻമരങ്ങളിലും, വഴിയരികുകളിലും, പാറക്കെട്ടുകളിലും, പുൽമേടുകളിലുമൊക്കെ കാണപ്പെടുന്ന വൈവിധ്യമാർന്ന ഔഷധസസ്യങ്ങൾ. ഇത്തരം ആവാസവൈവിധ്യ മുള്ള വളരെ വളരെ ചുരുക്കം ജില്ലകളിലൊന്നാണ് വയനാട്. ജില്ലയിൽ മൊത്തമായി ഏകദ്ദേശം രണ്ടായിരത്തിൽപ്പരം സപുഷ്പികളായ സസ്യങ്ങളുണ്ടാകുമെന്ന് കണക്കാക്ക പ്പെടുന്നു. ഇതിൽ ഔഷധസസ്യങ്ങൾക്ക് പുറമെ, അനവധി വന്യഭക്ഷ്യ വിഭവങ്ങൾ, സാമ്പത്തിക പ്രാധാന്യമുള്ള മുള, ചൂരൽ വർഗ്ഗങ്ങൾ, വൻമരങ്ങൾ തുടങ്ങിയവ വളരെ വൈവിധ്യമാർന്ന തരത്തിൽ കാണപ്പെടുന്നു. ഇവിടെ നിന്നും ഏകദ്ദേശം 160-ൽ പരം NWFP ശേഖരിക്കപ്പെടുന്നുണ്ടെന്ന് രേഖകൾ കാണിക്കുന്നു.

### 3. അനുകൂല കാലാവസ്ഥ

ഔഷധസസ്യക്കൃഷിക്ക് വളരെ അനുയോജ്യമായ കാലാവസ്ഥയാണ് വയനാട്ടിലുള്ളത്. "ഔഷധം വിളയും നാട് വയനാട്" എന്ന ചൊല്ല് തന്നെ നാട്ടുകാർക്കിടയിലുണ്ട്. ഇത് സാദ്ധ്യമാക്കിയത് ഇവിടുത്തെ മണ്ണും, മഴയും, മഞ്ഞും, മലരണിക്കാടുകളുമാണ്. ഇത്ര സംപുഷ്ടമാർന്ന ഒരു അവസ്ഥ സംസ്ഥാനത്തിലെവിടെയും ഇല്ലായെന്ന് പറയാം. ഇത്തരം കാലാവസ്ഥാനുകൂല സാഹചര്യങ്ങളിൽ വളർന്ന് വരുന്ന ഔഷധ സസ്യങ്ങൾക്ക് ഔഷധ വീര്യം കൂടുമെന്നതിൽ സംശയിക്കേണ്ടതില്ല. ഒരു ഉദാഹരണം, വയനാട്ടിൽ കാണപ്പെടുന്ന കാട്ട്കൂവയുടെ നിറവും, രുചിയും, മണവും കേരളത്തിലെ മറ്റൊരു പ്രദേശത്ത് വളർന്നാലും കിട്ടുമെന്ന് തോന്നുന്നില്ല. അതുപോലെ തന്നെയാണ് ഇവിടുത്തെ തിപ്പലി, കുരുമുളക്, കാട്ട് കൊടി, മഞ്ഞൾ, കാട്ടു ഇഞ്ചി, നെല്ലി, തേൻ എന്നിവയുടേയും സവിശേഷതകൾ. തോരാതെ പെയ്തിരുന്ന മഴയും, തെളിമയാർന്ന ജല വിഭവങ്ങളും, സമ്പുഷ്ടമായ ജൈവാവിശിഷ്ടങ്ങളു മൊക്കെ വളരെ പ്രത്യേകതയാർന്ന മണ്ണ് വയനാടിന് നൽകുന്നതിൽ സഹായിച്ചു. ഈ മണ്ണ് പക്ഷെ ഇന്ന് തെറ്റായ കൃഷി രീതികൾ കൊണ്ട് നശിക്കുന്നുവെന്നത് ഒരു സത്യമാണ്. പക്ഷെ വേണ്ടരീതിയിൽ മണ്ണ് സംരക്ഷണം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചാൽ ഇതിന് പരിഹാരം കാണാനാവുന്നതെയുള്ളൂ.

4. സ്വാശ്രയ സംഘങ്ങൾ

വയനാട്ടിൽ വനിതാ മുന്നേറ്റം പല രംഗങ്ങളിലും നടക്കുന്നു. ഇവിടെയുള്ള ഓരോ സന്നദ്ധ സംഘടനയും മത്സരിച്ചാണ് വനിതാ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുന്നത്. നൂറുകണക്കിന് അത്തരം സംഘങ്ങളും, ലക്ഷകണക്കിന് രൂപയുടെ ക്രയ വിക്രയം നടത്തുന്ന സംഘങ്ങളും വയനാട്ടിലുണ്ട്. ഇതിൽ പല സംഘങ്ങളും പലതരത്തിലുള്ള ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ട് ജീവിത മാർഗ്ഗം തേടുന്നു. സോപ്പ് നിർമ്മാണം, കൂൺകൃഷി, ആടു വളർത്തൽ, പശുവളർത്തൽ, ബേക്കറി നിർമ്മാണം, ഔഷധാരോഗ്യ കൂട്ടുകളുടെ നിർമ്മാണം എന്നിവ അവയിൽ ചിലതുമാത്രമാണ്. ഇതിൽ ഔഷധ സസ്യങ്ങളിലധിഷ്ടിതമായ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘങ്ങൾ മറ്റ് പല മേഖലകളുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണ്. കാരണങ്ങൾ പലതാണ്, ഉല്പന്നങ്ങൾക്ക് ഗുണമേന്മ ഉണ്ടോ, ഇല്ലയൊ എന്ന് ഉപഭോക്താവിന് ഉറപ്പില്ലാത്തത്, കൂടാതെ സ്വന്തമായി ഇത്തരം ഔഷധ ക്കൂട്ടുകൾ ഉണ്ടാക്കി സ്വന്തം ഉപയോഗത്തിനൊ, കുടുംബത്തിലാകമാനം ഉപയോഗപ്പെടുത്തുവാനുള്ള താല്പര്യ മില്ലായ്മയൊ, സാഹചര്യങ്ങൾ ഇല്ലായ്മയൊ ആകാം. എന്തൊക്കെയായാലും പുതിയ പുതിയ സംഘങ്ങൾ നാൾതോറും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് ഇപ്പോൾ സ്ത്രീകളുടെയിടയിൽ മാത്രമാണ് വ്യാപകമായി സംഭവിക്കുന്നത്. ഇതുപോലെയുള്ള സംഘങ്ങൾ ചെറുപ്പക്കാരുടേയും കർഷകരുടെയുമിടയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഔഷധ സസ്യക്കൃഷി ഇത്തരം സംഘങ്ങളുമായി ശൃംഖല രൂപീകരിച്ച് നടപ്പിലാക്കാവുന്നതാണ്. ഇവ ഔഷധങ്ങളാക്കി വിൽക്കുവാൻ സാധിച്ചില്ലെങ്കിൽക്കൂടിയും Raw Drugs ആക്കി തീർച്ചയായും വിൽക്കുവാൻ കഴിയും. ഇത്തരം Raw Drugs വില്പന പക്ഷെ ചില കമ്പനികളും, വ്യക്തികളും ഇപ്പോൾ കയ്യടക്കി വെച്ചിരിക്കുയാണ്.

വയനാടിന്റെ അനന്ത സാദ്ധ്യതകൾ മുതലെടുത്തുകൊണ്ട് ഇവിടെ ഔഷധ സസ്യക്കൃഷിയും, സംസ്കരണവും ഔഷധ നിർമ്മാണവും ഒരുമിപ്പിച്ച് കൊണ്ടുപോകാവുന്നതാണ്. ഇതൊരു പുതിയ മേഖലയായതുകൊണ്ട് ഈ രംഗത്തുള്ള പരിമിതികളും പ്രശ്നങ്ങളും പെട്ടെന്ന് കണ്ടെത്തുവാൻ കഴിയുന്നില്ല. ജില്ലയ്ക്ക് ഈ രംഗത്തുള്ള അനുകൂലസാഹചര്യങ്ങളും അവസരങ്ങളും കണക്കിലെടുത്ത് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുന്നു.

## ശുപാർശകൾ

1. ആരോഗ്യ രക്ഷയ്ക്ക് പൂർണ്ണമായും സസ്യജന്യങ്ങളായ ഔഷധങ്ങൾ മാത്രമെ പാടുള്ളൂവെന്ന് ശഠിക്കുവാൻ കഴിയാത്തിടത്തോളം കാലം, പ്രാഥമികാരോഗ്യ രക്ഷയ്ക്കെങ്കിലും സസ്യജന്യ ഔഷധങ്ങൾ കൂടുതലായി ഉപയോഗിക്കപ്പെടണമെന്നുള്ള ബോധം ജന മനസ്സുകളിൽ ഉണ്ടാകണം. ഇതിനായുള്ള സസ്യ/ജൈവജന്യ ഔഷധങ്ങൾ കുറഞ്ഞചിലവിൽ എല്ലാവർക്കും ലഭ്യമാക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.

2. പ്രാഥമികാരോഗ്യ സുരക്ഷയെന്ന് പറഞ്ഞാൽ സസ്യജന്യ ഔഷധങ്ങൾ,സസ്യജന്യ ആരോഗ്യദായക വസ്തുക്കൾ എന്നിവ കുറഞ്ഞ ചെലവിൽ ഗുണമേന്മ ഉറപ്പ് വരുത്തി, നാട്ടിൻ പുറങ്ങളിൽ സർവ്വ വ്യാപകമായിയെത്തിക്കുകയെന്നതാണ്. ഇന്ന് പാവപ്പെട്ടവന്റെ സമ്പാദ്യത്തിന്റെ നല്ലൊരു ഭാഗവും പോകുന്നത് അവന്റേയും, കുട്ടികളുടേയും, ഗർഭിണികളായ സ്ത്രീകളുടേയും ആരോഗ്യരക്ഷയ്ക്കും വേണ്ടിയാണ്. ആയുർവേദ ഔഷധങ്ങൾ ഇന്ന് ധാരാളം മാർക്കറ്റിൽ ഉണ്ടെങ്കിൽ കൂടിയും സാധാരണക്കാരന് അതിന്റെ വില താങ്ങാവുന്നതിലുമധികമാണ്. അതുകൊണ്ട് ഇത്തരം ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ഔഷധങ്ങളും, മറ്റ് ഊർജ്ജദായക വസ്തുക്കളും ഗ്രാമങ്ങളിൽ തന്നെ വിദഗ്ദ്ധരുടെ

മേൽനോട്ടത്തിൽ നിർമ്മിച്ച് അവിടങ്ങളിൽ തന്നെ വിൽക്കപ്പെടണം. അതുകൊണ്ട് ഈ ലക്ഷ്യം വച്ച് സർക്കാർതല പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കണം. ഇതിന് വേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണം.

3. മേൽപ്പറഞ്ഞതിന് ആദ്യം വേണ്ടത് ഈ രംഗത്തുള്ള ബോധവത്ക്കരണമാണ്. സാധാരണവരുന്ന അസുഖങ്ങളും അവയ്ക്കുള്ള നാടൻ പ്രതിവിധികളും, അതിന്റെ എല്ലാതലത്തിലുള്ള പ്രയോജനങ്ങളെക്കുറിച്ചും ബോധവൽക്കരണം ആവശ്യമുണ്ട്. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വീട്ടമ്മമാർ, അംഗൻവാടി വർക്കർമാർ, എന്നിവർക്ക് നിർബ്ബന്ധമായും വേണം. ഇതിന് വേണ്ടി ഗ്രാമ ഗ്രാമാന്തരങ്ങളിൽ സംസ്ഥാന ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ അവിടങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകണം.

4. സർക്കാരിന്റെ ഇപ്പോഴത്തെ നിയമമായ GMP യുടെ കർക്കശ വശങ്ങളിൽ പ്രാഥമികാ-രോഗ്യരക്ഷയ്ക്കും, രോഗപ്രതിരോധാവശ്യങ്ങൾക്കും വേണ്ടി വരുന്ന ഉല്പന്നങ്ങളുടെ കാര്യത്തിൽ ഇളവുകൾ വേണം. ഇതിനായി ഈയാവശ്യത്തിന് വേണ്ടിയുള്ള ഉല്പന്നങ്ങളും, ഔഷധങ്ങളും ഏതൊക്കെയായിരിക്കണമെന്നും, അവ എങ്ങനെയൊക്കെയാണ് നിർമ്മിക്കപ്പെടേണ്ടതെന്നുമുള്ള ഉദ്ദേശ സംഹിതകൾ വിദഗ്ദ്ധരാൽ തയ്യാറാക്കപ്പെട്ടത് മാത്രമെ ഇത്തരം ഉല്പന്നങ്ങളുടെ കാര്യത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളുവെന്ന് ഉറപ്പ് വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

5. ഔഷധസസ്യക്കൃഷിക്ക് ഏറ്റവും അനുയോജ്യമായ മേഖലകളിലൊന്നായ വയനാട്ടിൽ, അത്തരം കൃഷിക്ക് മുൻഗണനയും, പ്രോത്സാഹനവും കിട്ടണം. ഇതിനായി സർക്കാർ മുൻകൈയെടുത്ത് ഔഷധനിർമ്മാണ കമ്പനികളെയും ഈ രംഗത്തുള്ള കർഷകരേയും ബന്ധപ്പെടുത്തണം. ഗ്രാമപഞ്ചായത്തുകൾ ഈ വിഷയത്തിൽ കൂടുതൽ താല്പര്യം കാണിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാക്കണം.

6. ഔഷധ സസ്യക്കൃഷിക്ക് വേണ്ട പ്രോത്സാഹനങ്ങളിൽ ഏറ്റവും പ്രധാനം ഉല്പന്നങ്ങൾ ന്യായമായ വിലക്ക് വാങ്ങുവാനുള്ള സ്ഥാപനങ്ങൾ ഗ്രാമതലങ്ങളിൽ തന്നെ ഉണ്ടാവുകയെന്ന് ഉറപ്പ് വരുത്തുകയാണ്. ഇത്തരം കച്ചവട സ്ഥാപനങ്ങളേയും, വ്യക്തികളേയും പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ ആവശ്യമാണ്.

7. **ജില്ലയിലെ കൃഷി ചെയ്യുവാൻ സാദ്ധ്യമാകുന്ന വന്യമായ എല്ലാ ഔഷധ സസ്യങ്ങളുടേയും ശേഖരണം നിയമം മൂലം തടയണം. വിശേഷിച്ചും പല ഹ്രസ്വകാല ഔഷധസസ്യങ്ങളുടേയും കാര്യത്തിൽ.** ഇത് ലംഘിക്കുന്ന ഏതൊരു കമ്പനിക്കും വ്യക്തികൾക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. വനംവകുപ്പ് അധികൃതർക്ക് വനത്തിലുള്ള ഔഷധസസ്യങ്ങളെക്കുറിച്ച് കൂടുതൽ ബോധവൽക്കരണം നടത്തണം.

8. ഔഷധ സസ്യങ്ങൾക്ക് ഒരു പ്രഖ്യാപിത മാർക്കറ്റ് ഉണ്ടാകണം. പ്രാദേശികമായുള്ള മാർക്കറ്റു വിലകൾ പ്രഖ്യാപിക്കപ്പെടണം.

9. ഗ്രാമ പഞ്ചായത്തുകൾ ദീർഘകാലാടിസ്ഥാനത്തിൽ ഇതിന് വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. അതാത് ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ ഔഷധ സസ്യങ്ങൾ അവിടെത്തന്നെ ഉല്പാദിപ്പിക്കുകയെന്ന നയം കൊണ്ടുവരണം.

10. ഔഷധ സസ്യങ്ങളുടെ പങ്ക് എല്ലാവർക്കും നിത്യ ജീവിതത്തിൽ ബോധ്യപ്പെടണം. ഇതിനായി ചെറുപ്പം മുതൽക്കെയുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ ഈ വിഷയം പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള തീരുമാനങ്ങൾ ഉണ്ടാകണം.

11. വയനാട് പോലെയുള്ള പ്രദേശങ്ങളിൽ ഈ വിഷയം അത്യധികം പ്രാധാന്യം നൽകി സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും, മറ്റ് വേദികളിൽ ചർച്ച ചെയ്യപ്പെടുകയും വേണം. ഇതിലേക്കായി പാഠ്യപദ്ധതി പരിഷ്കരിക്കപ്പെടുകയും, അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുകയും വേണം.

12. വയനാട് ജില്ലപോലുള്ള സ്ഥലങ്ങളിൽ ഇവിടുത്തെതന്നെ ഔഷധ സസ്യങ്ങൾ ഉപയോഗപ്പെടുത്തി ഔഷധങ്ങൾ നിർമ്മിക്കുവാൻ താല്പര്യമുള്ളവർക്ക് പ്രോത്സാഹനം നൽകണം. സ്വന്തമായോ, സംഘടിതമായോ കൃഷി ചെയ്ത് മാത്രം ഉപയോഗപ്പെടുത്തുന്ന ഔഷധങ്ങൾക്ക് നികുതിയിളവ് ഏർപ്പെടുത്തണം.

13. ഭൂപ്രദേശ പ്രത്യേകതകൾക്ക് പ്രാധാന്യം നൽകി വയനാട്ടിൽ ഉല്പാദിപ്പിക്കപ്പെടുന്ന മഞ്ഞളിനും, കുരുമുളകിനും, ഇഞ്ചിക്കും, ഇവിടുന്ന് ശേഖരിക്കപ്പെടുന്ന നെല്ലിയ്ക്കക്കും, തേനിനും, പാതിരിപ്പൂവിനുമൊക്കെ ഉയർന്ന വില ലഭ്യമാക്കുവാനുള്ള നയപരിപാടികൾ ഉണ്ടാക്കണം. ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസരണമായി ഔഷധ സസ്യങ്ങളുടെ പ്രഭാവത്തിനുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തപ്പെടുകയും, ഇത്തരം ഔഷധസസ്യങ്ങൾ സ്വാഭാവികത നഷ്ടപ്പെടാതെ കൃഷി ചെയ്യിക്കുവാൻ പറ്റുന്ന സാഹചര്യങ്ങളും കൃഷിയിടങ്ങളും കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കയും ചെയ്യണം.

14. വയനാടിന് യോജിച്ചതരത്തിലുള്ള ഔഷധസസ്യങ്ങൾ (ഉദാ: നെല്ലി, കുടംപുളി, ചിറ്ററത്ത, കരിങ്കുറിഞ്ഞി, കച്ചോലം, നീലയമരി, കസ്തൂരിമഞ്ഞൾ, പച്ചോളി, ചെങ്ങഴി, പാൽമുതക്ക്, നായ്ക്കുരണ തുടങ്ങിയവ) കൃഷി ചെയ്യുവാനുള്ള പ്രോത്സാഹനങ്ങൾ ചെയ്തു കൊടുക്കണം.

15. വാണിജ്യ പ്രാധാന്യമുള്ള ഔഷധ സസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വൻതോതിൽ ഉല്പാദിപ്പിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകണം. വയനാട് ജില്ലക്ക് ഇതിൽ പ്രാമുഖ്യം കൊടുക്കണം.

16. സ്ത്രീകളേയും, കുട്ടികളേയും, കുടുംബത്തേയും ഒന്നിപ്പിച്ച് ചെറുകിട രീതിയിൽ ഔഷധസസ്യക്കൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനം വേണം. കൃഷിവകുപ്പ് നേരിട്ട് ഇത്തരം ആൾക്കാരെ സഹായിക്കണം. പരീക്ഷണാടിസ്ഥാനത്തിൽ ഇതിനുവേണ്ടി വയനാട് ജില്ലയെ തെരഞ്ഞെടുക്കണം.

17. സ്ത്രീകളുടേയും കർഷകരുടേയും സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് കൃഷി ചെയ്യിക്കുവാൻ സഹായകമാകുന്നതരത്തിൽ ലോണുകളും മറ്റു സഹായങ്ങളും ബാങ്കുകൾ മുഖേന ലഭ്യമാക്കണം. മറ്റു സബ്സിഡികളും നൽകുവാനും സർക്കാരിന് കഴിയണം. ഇവർക്കാവശ്യമായ പരിശീലനങ്ങൾ ഔഷധസസ്യകൃഷിയിലും, മരുന്ന് ഉല്പാദനത്തിലും വിപണനത്തിലുമൊക്കെ ലഭ്യമാക്കണം. ഇത്തരം പരിശീലനം സിദ്ധിച്ച സ്ത്രീ പുരുഷന്മാർക്ക് ഔഷധങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ലൈസൻസ് നൽകുവാൻ കഴിയണം.

18. ഔഷധ സസ്യങ്ങളുടെ നടീൽ വസ്തുക്കളായ വിത്തുകൾ, തൈകൾ എന്നിവ ഗുണമേന്മ ഉറപ്പാക്കി വിപണനം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കണം. ഇതിനായി ജില്ലയ്ക്ക് മുൻഗണന ലഭിക്കണം.

19. ഔഷധ സസ്യങ്ങളുടെ കൃഷിരീതികൾ, വിളവെടുപ്പ്, മാർക്കറ്റ് തുടങ്ങിയ കാര്യങ്ങൾ ദൃശ്യ/ശ്രാവ്യമാദ്ധ്യമങ്ങളുടെ സഹായത്തോടെ എല്ലാ ജനങ്ങളിലും എത്തിക്കണം. ഔഷധസസ്യക്കൃഷി തീർത്തും ജൈവ രീതിയിലായിരിക്കണം എന്നതുകൊണ്ട് ഇതിനാവശ്യമായ ജൈവ വളങ്ങൾ ലഭ്യമാക്കണം. ഇതിന് വളരെയേറെ സാധ്യതകളുണ്ടെന്ന വസ്തുത എല്ലാവർക്കും ബോധ്യപ്പെടണം.

20. വയനാട്ടിലെ എല്ലാ ഔഷധസസ്യങ്ങളെക്കുറിച്ചും പഠിച്ച് സമഗ്രമായ റിപ്പോർട്ട് ഉണ്ടാക്കണം. ഇതിന് പ്രാപ്തരായ ഇവിടെത്തന്നെയുള്ള സ്ഥാപനങ്ങൾക്ക് ഈ ആവശ്യത്തിന് വേണ്ട പ്രോത്സാഹനം നൽകണം.

21. ഏറ്റവും അത്യാവശ്യമായ എല്ലാ ഔഷധസസ്യങ്ങളുടെ കാര്യത്തിലും മിനിമം വില നിശ്ചയിക്കണം.

22. കേന്ദ്ര സർക്കാർ കൊണ്ടു വന്നിരിക്കുന്ന ഔഷധ സസ്യവികസന ബോർഡിന്റെ ജില്ലാതല ഓഫീസുകൾ ഇവിടെ തുറന്ന് പ്രവർത്തിക്കണം.

23. ഔഷധസസ്യങ്ങളുടെ ജനിതകവൈവിധ്യത്തെക്കുറിച്ചുള്ള പഠനവും അത്തരം വൈവിധ്യത്തിന്റെ സംരക്ഷണവും (*Ex-situ & In- situ*) ഉറപ്പാക്കണം. ഇതിനായി വനം വകുപ്പ്, ഈ രംഗത്തെ മറ്റു ഗവേഷണസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവർ ഒത്തുചേർന്നു പ്രവർത്തിക്കണം.

24. ജൈവാരോഗ്യ പദ്ധതികൾക്ക് കൂടുതൽ പ്രയോജനം കൊടുക്കുകയും ജില്ലയിൽ മുഴുവനും പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

## അദ്ധ്യായം: 6

# വ്യാവസായിക അടിസ്ഥാനത്തിലുള്ള അലങ്കാര സസ്യകൃഷി/ വാണിജ്യ പുഷ്പകൃഷി

വയനാടിന്റെ കൃഷി ഇപ്പോഴും പാരമ്പര്യമായ ചില വിളകളിൽ മാത്രം ഒതുങ്ങി നില്ക്കുകയാണ്. യഥാർത്ഥത്തിൽ ഇവിടുത്തെ കൃഷിയെ വൈവിധ്യവൽക്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നാണ്യവിളകൃഷിക്കും സുഗന്ധവിളകൃഷിക്കും പുറമേ വളരെ സാധ്യതകൾ ഉള്ള മറ്റു ചില മേഖലകളാണ് അലങ്കാര സസ്യകൃഷി, ഔഷധസസ്യകൃഷി, മത്സ്യം വളർത്തൽ തുടങ്ങിയവ. ഇതിൽ ആദ്യത്തെ രണ്ടും വയനാടിന്റെ പ്രകൃതിക്ക് വളരെ ഇണങ്ങുന്നതാണ്. വിശേഷിച്ചും അലങ്കാര സസ്യങ്ങളായ ആന്തൂറിയം, ഓർക്കിഡുകൾ, ഹെലിക്കോണിയാ തുടങ്ങിയ സസ്യങ്ങൾ കൃഷി ചെയ്യുവാൻ ഉതകുന്ന തരത്തിലുള്ള തണുപ്പും ചൂടും, വെയിലും വയനാടിന്റെ കാലാവസ്ഥ പ്രദാനം ചെയ്യുന്നു. ജില്ലയിൽ അലങ്കാര സസ്യകൃഷി വളരെ ലാഭകരമായി ചെയ്യുന്ന വ്യക്തികൾ ഉണ്ടെങ്കിൽ കൂടിയും മറ്റു കർഷകർ ഈ കൃഷിയിലേക്ക് വരുവാൻ മടിച്ചു നിൽക്കുന്നു. കാരണങ്ങൾ പലതാണ്. അതിലേറ്റവും പ്രധാനം സർക്കാർ ഭാഗത്ത് നിന്നും ഇതിനുള്ള പ്രോത്സാഹനം ഇല്ലായെന്നതുതന്നെ. കൂടാതെ ആഭ്യന്തര മാർക്കറ്റ് ഇതിന്റെ വിപണന ത്തിനില്ലാത്തത് മറ്റൊരു വസ്തുതയാണ്. താഴെ പറയുന്ന സാധ്യതകളും പരിമിതികളും അവസരങ്ങളും ഭീഷണികളും കമ്മറ്റി അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

### അനുകൂല ഘടകങ്ങൾ

1. അനുകൂലമായ കാലാവസ്ഥയും സമ്പന്നമായ പ്രകൃതിയും.
2. ഉഷ്ണമേഖല/ശൈത്യമേഖല അലങ്കാര സസ്യങ്ങൾ വളർത്തുവാൻ അനുയോജ്യമായ ഭൂമി.
3. അലങ്കാര സസ്യകൃഷി തനിവിളയായും ഇടവിളയായും ചെയ്യുവാൻ വേണ്ടത്ര സ്ഥലം.
4. വയനാട്ടിൽ കൃഷി ചെയ്യപ്പെടുന്ന ഗുണമേന്മയേറിയ പൂക്കൾക്കുള്ള പ്രിയം.
5. ബാംഗ്ളൂർ, കോഴിക്കോട് തുടങ്ങിയ നഗരങ്ങളുമായുള്ള ഗതാഗതസൗകര്യം.
6. കൃഷി വൈവിധ്യവൽക്കരിക്കുവാൻ താൽപര്യമുള്ള കർഷകർ.
7. വിദഗ്ദ്ധ തൊഴിലാളികളുടെയും കർഷകരുടെയും ലഭ്യത.

### പരിമിതികൾ

1. അലങ്കാര സസ്യകൃഷിയെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവില്ലായ്മ.
2. വിളവെടുപ്പിനും അതിന് മുൻപും ഉള്ള സാങ്കേതിക വിദ്യയുടെ അഭാവം.
3. അലങ്കാര സസ്യകൃഷിയെ സംബന്ധിച്ച വിജ്ഞാന വ്യാപന സൗകര്യത്തിന്റെ കുറവ്.
4. അലങ്കാര പുഷ്പങ്ങളുടെ ലേലസ്ഥലം, കോൾഡ്ചെയിൻ, പാക്കേജിങ്ങ്, തരംതിരിക്കൽ സൗകര്യങ്ങളുടെ കുറവ്.
5. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പ്രിയമുള്ള നടീൽ വസ്തുക്കളുടെ അഭാവം.
6. ടിഷ്യൂ കൾച്ചർ ലാബ്, ഗ്രീൻ ഹൗസ് തുടങ്ങിയവയുടെ അപര്യാപ്തത.
7. അലങ്കാര സസ്യങ്ങളുടെ/പുഷ്പങ്ങളുടെ കാര്യക്ഷമമായ വിപണനസൗകര്യങ്ങളുടെ അഭാവം.

## അവസരങ്ങൾ

1. വയനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മുതലാക്കി വിപണനതന്ത്രം ആവിഷ്കരിക്കുവാനുള്ള സാധ്യതകളും അതിനെത്തുടർന്ന് കർഷകർക്ക് ലഭിക്കാവുന്ന ഉയർന്ന വില ലഭ്യതയും.
2. ഒറ്റ ബ്രാൻഡിൽ കർഷകർക്ക് പൂക്കൾ വിറ്റഴിക്കത്തക്കവണ്ണം ഒരു കർഷക അസോസിയേഷൻ രൂപവൽക്കരിക്കാനും ഇതുമൂലം നല്ല വില ലഭിക്കാനുമുള്ള സാധ്യതകൾ.
3. ഉയർന്ന ഗുണ നിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക വഴി ദേശീയ അന്തർദ്ദേശീയ വിപണിയിലേക്ക് ഗുണമേൻമയാർന്ന പൂക്കൾ എത്തിക്കുവാനുള്ള സാധ്യതകൾ.
4. കാര്യക്ഷമമായ ഒരു വിപണന സംവിധാനത്തിൽ 'ഗുണനിലവാരം ഉറപ്പാക്കുന്ന ഗ്രേഡിങ്ങ്, ശീതീകരണ സംവിധാനം, പാക്കേജിംഗ്, പൂക്കൾക്കുള്ള ലേല സൗകര്യങ്ങൾ' എന്നിവയുള്ള ഒരു മൊത്ത വ്യാപാരകേന്ദ്രം തുടങ്ങുവാനുള്ള സാധ്യതകൾ
5. പ്രകൃതിദത്തമായ 'കളറുകൾക്കും' സുഗന്ധദ്രവ്യങ്ങൾക്കുമുള്ള പ്രിയം കണക്കിലെടുത്ത് ഈ വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന കമ്പനികളുമായി കരാർ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് സസ്യകൃഷിയിലേർപ്പെടുവാനുള്ള അനന്ത സാധ്യതകൾ.

## ഭീഷണികൾ

1. മുൻകൂട്ടി പ്രവചിക്കുവാൻ സാധ്യമല്ലാത്തതരത്തിൽ അലങ്കാര പുഷ്പങ്ങളുടെ ഡിമാന്റിലുള്ള ഏറ്റക്കുറച്ചിൽ.
2. ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള പൂക്കളുടെ വിലനിലവാരത്തിന്റെ ഏറ്റക്കുറച്ചിൽ.
3. സ്വകാര്യ ഏജൻസികൾ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ ഗുണ നിലവാരക്കുറവ്.
4. പൂക്കൾ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ ചുമത്തുന്ന ചുങ്കം.
5. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉൽപാദനച്ചിലവ് കൂടുതൽ.
6. കർഷകരുടെ സംഘടിതമായ കൂട്ടായ്മയുടെ കുറവ് മൂലം ഇടനിലക്കാരുടെ ചൂഷണം.
7. കീടങ്ങളും രോഗങ്ങളും പെട്ടെന്ന് പ്രത്യക്ഷമാകൽ
8. സുസ്ഥിരമായ കൃഷിക്ക് തടസ്സമായ രീതിയിൽ വിദൂരമാർക്കറ്റിലുള്ള വിപണനത്തിൽ, ആവശ്യങ്ങളുടെ ഏറ്റക്കുറിച്ചിലും. വിലനിലവാരം അറിയുവാനുള്ള താമസവും.

## നിർദ്ദേശങ്ങൾ/ശുപാർശകൾ

മുകളിൽ പറഞ്ഞ പരിമിതികൾ, പ്രതിബന്ധങ്ങൾ/പ്രശ്നങ്ങൾ, അവസരങ്ങൾ ഇവ കണക്കിലെടുത്ത് കമ്മറ്റി താഴെ പറയുന്ന നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുന്നു.

1. കർഷകരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുക വഴി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാം.

- ആവശ്യകതയ്ക്കും പ്രിയത്തിനും അനുസരണമായി, ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഇറക്കുമതി ചെയ്താണെങ്കിൽ കൂടിയും കർഷകർക്ക് താങ്ങാനാവുന്ന തരത്തിലുള്ള വിലക്ക് ലഭ്യമാക്കുക.
- ദേശീയ വിപണിയിലുള്ള മെമ്പർമാരുടെ സഹകരണത്തോടുകൂടി വിപണനം നടത്തുവാൻ ശ്രമിക്കുക.
- ഈ കൃഷിക്കാവശ്യമുള്ള അടിസ്ഥാനസൗകര്യങ്ങളും മറ്റും മിതമായ നിരക്കിൽ ലഭ്യമാക്കുക.
- ലളിതമായ വ്യവസ്ഥയിൽ വായ്പാ സംവിധാനം ഉണ്ടാക്കുക.

- ഈ കൃഷിയിൽ ഏർപ്പെടുന്ന മറ്റു മെമ്പർമാർക്ക് പരിശീലനം ലഭ്യമാക്കുക.
- മാർക്കറ്റ് ഉറപ്പാണെങ്കിൽ കരാറടിസ്ഥാനത്തിൽ കൃഷിയിലേർപ്പെടുക, വിപണിയിൽ പൂക്കൾ എത്തിക്കുക.
- പൂക്കൾക്ക് മറ്റു പ്രയോജനങ്ങളും മൂല്യവർദ്ധനവും കണ്ടെത്തുക.
- സംസ്ക്കരണം ഏറ്റെടുക്കുക.

2. ജൈവവൈവിധ്യത്താൽ സമ്പുഷ്ടമായ വയനാട്ടിൽ ഒരു ബയോടെക്നോളജി പാർക്കുണ്ടാക്കുക. ഫ്ളോറി കൾച്ചറിനോട് അനുബന്ധിച്ച ഗവേഷണങ്ങൾ ഏറ്റെടുത്ത് നടത്തുക.

3. ടിഷ്യൂ കൾച്ചർ ലാബുകൾ, ഗ്രീൻ ഹൗസ് എന്നിവ സൗകര്യങ്ങൾ ലഭ്യമാക്കുക വഴി നല്ല നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക.

4. മൊത്ത വ്യാപാരത്തെ ശക്തിപ്പെടുത്തുക.

5. പൂക്കൾ നുള്ളിയെടുത്ത ശേഷമുള്ള അവയുടെ കൈകാര്യം ചെയ്യലും പാക്കേജിങ്ങ് സൗകര്യങ്ങളും ലഭ്യമാക്കുക.

6. പൂക്കൾ വിവിധ മാർക്കറ്റിലെത്തിച്ച് സൂക്ഷിക്കുവാൻ വേണ്ട കോൾഡ്ചെയിൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. ഗ്രേഡിങ്ങ് / ഗുണനിലവാരമുറപ്പ് വരുത്തൽ തുടങ്ങിയവയ്ക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. സുൽത്താൻ ബത്തേരി മൊത്തവ്യാപാര മാർക്കറ്റ് കോംപ്ളക്സിൽ ലേല സൗകര്യം ഉറപ്പാക്കുക.

9. കർഷകർക്ക് വിപണിയെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുക.

10. കേന്ദ്രഗവൺമെന്റിന്റെ വിവിധ പദ്ധതികളിൽ (NHB, APEDA) നിന്നും കർഷകർക്ക് ലോണും സബ്സിഡിയും തരപ്പെടുത്തിക്കൊടുക്കുക.

11. പ്രകൃതിദത്തമായ ഡൈ, പെർഫ്യൂം ഇവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ സജ്ജമാക്കുക.

## അദ്ധ്യായം: 7

## പച്ചക്കറി കൃഷി

പച്ചക്കറി കൃഷിക്ക് അനുയോജ്യമായ വളക്കൂറുള്ള മണ്ണും മറ്റ് വിഭവങ്ങളും വയനാടിന്റെ സാധ്യതയെ പോഷിപ്പിക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് വയനാട് മറ്റു ജില്ലകളേക്കാൾ വളരെ പിന്നോക്കമാണ്. ശൈത്യകാല പച്ചക്കറി കൃഷിയുടെ സാധ്യത ഇനിയും ഇവിടെ ചൂഷണം ചെയ്യപ്പെട്ടിട്ടില്ല. കേരളത്തിൽ ആകമാനം ഭക്ഷ്യവിളകൾ കൃഷി ചെയ്യപ്പെടുന്ന ഭൂമിയുടെ 15.18 ശതമാനത്തോളം പച്ചക്കറികൃഷി ചെയ്യുമ്പോൾ വയനാട്ടിൽ ഇത് 5.87 ശതമാനം മാത്രമാണ്. ഈ കണക്ക് മറ്റൊരു തരത്തിൽ പറഞ്ഞാൽ കേരളത്തിൽ പച്ചക്കറി കൃഷിചെയ്യുന്നത് പൊതുവെ കുറവും, ആ ശരാശരിയേക്കാൾ തന്നെ വളരെ പിന്നിലാണ് വയനാടിന്റെ ഉല്പാദന ശരാശരി എന്നതാണ്. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി നാം ഇനിയും വളരെയേറെ പോകേണ്ടതുണ്ട്. പച്ചക്കറി ഉല്പാദനത്തിൽ നാം വളരെ പിന്നിലാണെന്ന കാര്യം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം. മൊത്തം കൃഷി ഭൂമിയുമായി താരതമ്യപ്പെടുത്തുമ്പോൾ പച്ചക്കറി കൃഷി 2.9 ശതമാനം മാത്രമാണ്. ജില്ലാ ശരാശരിയേക്കാൾ ഇരട്ടിയിലധികമാണ് (6.88%) സംസ്ഥാന ശരാശരി. ജില്ലയിൽ കൃഷിചെയ്യപ്പെടുന്ന ഭൂമി യുടെ 54.67 ശതമാനവും നാണ്യവിളകൾ കൈയ്യടക്കിയിരിക്കുന്നു. ഇത് ഭക്ഷ്യ വിള ചെയ്യുന്ന ഭൂമിയുടെ ലഭ്യതയിൽ കുറവുണ്ടാക്കുന്നു. ഭൂമിയുടെ അപര്യാപ്തത പച്ചക്കറി കൃഷിയേയും പ്രതികൂലമായി ബാധിക്കുന്നു.

**പച്ചക്കറികൃഷി അവലോകനം ഒറ്റ നോട്ടത്തിൽ 1997-98**

| | പച്ചക്കറി | ഭക്ഷ്യ വിളകൾ | നാണ്യ വിളകൾ | മൊത്തം കൃഷി |
|---|---|---|---|---|
| വയനാട് | 5733 | 97685 | 93502 | 196920 |
| കേരളം | 04363 | 1345891 | 1623111 | 3173265 |

ഏത് ചെടി കൊണ്ട് നട്ടാലും കിളിർത്തുവരുന്ന മണ്ണും, അത് വളർന്ന് പുഷ്ടിക്കാൻ പറ്റിയ കാലാവസ്ഥയും വയനാടിന്റെ പ്രത്യേകതയാണ്. എന്നാൽ നമ്മുടെ കൃഷി ഇപ്പോഴും ഏതാനും ചില നാണ്യവിളകളിലും, സുഗന്ധവിളകളിലും കുരുങ്ങികിടക്കുന്നു. പച്ചക്കറി കൃഷിക്ക് ഈ സൗകര്യങ്ങൾ ഏറെയാണ്. പക്ഷേ ജില്ലക്ക് അതിൽ യാതൊരു വിധത്തിലുള്ള മുന്നേറ്റവും നടത്താൻ കഴിഞ്ഞിട്ടില്ല. വ്യാവസായികാടിസ്ഥാനത്തിൽ ഇനിയും ഈ കൃഷി ഇവിടെ ഉയർന്നുവന്നിട്ടില്ല. ഇതിന്റെ വെളിച്ചത്തിലാണ് കമ്മറ്റി ഇത് ഗൗരവമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന നിഗമനങ്ങളിൽ എത്തുകയും ചെയ്തിരിക്കുന്നത്.

### അനുകൂലഘടകങ്ങൾ

1. അനുയോജ്യമായ മണ്ണും കാലാവസ്ഥയും
2. പച്ചക്കറി വിളകളിലുള്ള വൈവിധ്യം
3. പച്ചക്കറി കൃഷിയിലുള്ള പാരമ്പര്യ കർഷകരുടെ അറിവ്
4. കൃഷിക്ക് വളമായി വേണ്ടത്ര ഉപയോഗപ്പെടുത്തുവാനുള്ള ജൈവവസ്തുക്കളുടെ ലഭ്യത.
5. വന്യാവസ്ഥയിൽ കൃഷി ചെയ്ത് ഉപയോഗിച്ചുവരുന്ന കിഴങ്ങുവർഗ്ഗ പച്ചക്കറികൾ.
6. ഏകദേശം 25% കുടുംബങ്ങളും പച്ചക്കറി കൃഷി പരിമിതമായെങ്കിലും ചെയ്യുന്നവരാണ്.

## പരിമിതികൾ

1. കാലാവാസ്ഥക്ക് അനുയോജ്യമായ ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ അഭാവം
2. യുവകർഷകർക്ക് പച്ചക്കറി കൃഷിയിലുള്ള താത്പര്യമില്ലായ്മ.
3. ജലസേചന സൗകര്യകുറവ്
4. ജൈവവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ
5. പച്ചക്കറി കൃഷിക്കായി നീക്കിവെച്ചിട്ടുള്ള കൃഷിയിടത്തിന്റെ അപര്യാപ്തത.

## അവസരങ്ങൾ

1. ഇനിയും പരമാവധി ഉപയോഗപ്പെടുത്താത്ത ആ ന്തര വിപണി
2. പച്ചക്കറി കൃഷിയിൽ സ്ത്രീകൾക്കുള്ള താത്പര്യവും അധികവരുമാനവും.
3. കാർഷിക വൃത്തിയിൽ താത്പര്യമുള്ള അനേകം സ്ത്രീ കൂട്ടങ്ങളുടെ ലഭ്യത.
4. ജൈവ പച്ചക്കറികളോടുള്ള ഉയർന്നുവരുന്ന പ്രിയം
5. പോളി ഹൗസ് പച്ചക്കറി കൃഷിരീതികൾ അനുവർത്തിക്കാൻ പറ്റിയ സാഹചര്യങ്ങൾ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നു.
6. ജൈവമേഖലയായി പ്രഖ്യാപിക്കുന്ന പക്ഷം, ജൈവകൃഷി ഉത്പന്ന കയറ്റുമതിക്കുള്ള വൻസാധ്യത.

## പ്രശ്നങ്ങൾ

1. ദീർഘമായ വർഷകാലവും കാലാവസ്ഥയിൽ അപ്രതീക്ഷിതമായ വ്യതിയാനങ്ങളും, നിലവിൽ പച്ചക്കറി കൃഷിയെ വർഷത്തിൽ 3 മാസമായി പരിമിതപ്പെടത്തുന്നു.
2. അപ്രതീക്ഷിതമായ രോഗങ്ങളും കീടബാധയും
3. പച്ചക്കറിക്ക് എന്ന പോലെ വിത്തിനായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇത് തനത് കാലാവസ്ഥക്ക് അനുയോജ്യമല്ലാത്ത ഇനങ്ങൾ കൃഷിചെയ്യാൻ കർഷകരെ നിർബന്ധിതരാകുന്നു.
4. ഉത്പാദന ചിലവ് കൂടുതൽ
5. നാണ്യവിള കൃഷിയോടുള്ള അതിരു കടന്ന താത്പര്യം
6. കർഷകരും വ്യാപാരികളും തമ്മിൽ നേരിട്ട് ബന്ധമില്ലാത്തത്.
7. സസ്യാഹാരത്തോടുള്ള കുറഞ്ഞ പ്രിയം.

ഈ പറഞ്ഞ പ്രശ്നങ്ങളും, പരിമിതികളും പരിഹരിക്കാൻ വേണ്ടിയും, ജില്ലയിൽ നിലവിലുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാനും താഴെ പറയുന്ന ശുപാർശകൾ വെക്കുന്നു.

1. കർഷകർക്ക് നേരിട്ട് വിപണനം നടത്തുവാൻ ഉതകുന്ന തരത്തിലുള്ള ചന്തകൾ സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2. ഓരോ സീസണിലും വിപണിയിൽ പ്രിയമുള്ള പച്ചക്കറികളെ കുറിച്ചുള്ള പഠനവും, അതിനനുസരിച്ച് കർഷകരെ കൊണ്ട് കൃഷി ചെയ്യിക്കുവാനുള്ള പ്രോത്സാഹനം ചെയ്യുക.
3. മാസത്തിലൊരിക്കൽ പച്ചക്കറി കൃഷി രീതികളെ കുറിച്ച് ക്ലാസ്സുകളും, സെമിനാറുകളും ബന്ധപ്പെട്ട കൃഷി ഭവൻ വാർഡ് തോറും പഞ്ചായത്തുകളിൽ നടപ്പിലാക്കുക.
4. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി എന്ന ആശയം പ്രോത്സാഹിപ്പിക്കുകയും അതിനാവിശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യുക.
5. പച്ചക്കറി വിളകളുടെ ഗുണമേന്മയുള്ള വിത്തിന് മാത്രമുള്ള കൃഷിക്ക്, തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൃഷി ഭവൻ പ്രോത്സാഹനം കൊടുക്കുക.

6. എല്ലാ സീസണിലും പച്ചക്കറി ലഭ്യമാക്കാൻ വേണ്ടി പോളി ഹൗസ് കൃഷി പ്രോത്സാഹിപ്പിക്കുക. ഉയർന്ന ജല ലഭ്യതയുള്ളതിനാൽ ഏത് കാലാവസ്ഥയിലും പരിമിതമായ കൃഷിയിടങ്ങളിൽ പോലും കാലവർഷത്തെ അതിജീവിച്ച് ഉയർന്ന ഉത്പാദനക്ഷമതയോടെ പച്ചക്കറി കൃഷി ചെയ്യാൻ സാധിക്കും.

7. സർക്കാർ നേതൃത്വത്തിലുള്ള പച്ചക്കറികൃഷി പ്രോത്സാഹനശ്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

8. Cold Storage Unit കർഷകർക്ക് നാമമാത്ര ചിലവിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

9. വയനാടൻ കാലാവസ്ഥക്ക് അനുയോജ്യമായ വിത്ത് ലഭ്യമാക്കുവാൻ ജില്ലയിൽ പച്ചക്കറി വിത്ത് ഉത്പാദനകേന്ദ്രം/കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. ജൈവ പച്ചക്കറി ഉത്പാദനകയറ്റുമതി ലക്ഷ്യമാക്കി പച്ചക്കറി ഉത്പാദന പദ്ധതി തയ്യാറാക്കി ജില്ലയിൽ പ്രത്യേക കയറ്റുമതി മേഖല സ്ഥാപിക്കുക.

## അദ്ധ്യായം: 8

# തേയിലക്കൃഷി

ഇംഗ്ലീഷുകാരാണ് തെക്കേ ഇന്ത്യയിൽ തേയിലകൃഷി ആരംഭിച്ചത്. ഏകദേശം 1880 മുതലാണ് തേയില കൃഷി വയനാട്ടിൽ വ്യാപകമായത്. കാപ്പിതോട്ടങ്ങൾ ഇലപ്പുള്ളിരോഗം ബാധിച്ച് നശിച്ചതോടെ തേയിലകൃഷി വയനാട്ടിൽ വ്യാപകമായി. കേരളത്തിൽ ഏകദേശം 34,500 ഹെക്ടറിൽ തേയിലകൃഷിയുണ്ട്. ഇതിന്റെ 15 ശതമാനത്തോളം, അതായത് 5,250 ഹെക്ടർ, സ്ഥലം വയനാട്ടിലാണ്. എന്നാൽ വയനാട്ടിലുള്ള ചെറുകിട തേയില കൃഷിയുടെ വ്യാപ്തി കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. ഏകദേശം 1500-2000 ഹെക്ടർ സ്ഥലത്ത് ചെറുകിട മേഖലയിൽ തേയിലകൃഷി നടക്കുന്നതായി കണക്കാക്കപ്പെടുന്നു.

### ഉൽപാദനം

വൻകിട തോട്ടങ്ങളിൽ നിന്നും ഒരു വർഷം 11 ദശലക്ഷം കിലോഗ്രാം തേയിലപ്പൊടി വയനാട്ടിൽ ഉതപാദിപ്പിക്കുന്നുണ്ട്. ചെറുകിട മേഖലയിൽ നിന്നും 1.5 ദശലക്ഷം വാർഷിക ഉത്പാദനമുണ്ടെന്നു കണക്കാക്കപ്പെടുന്നു. വയനാട്ടിലുള്ള തോട്ടങ്ങളുടെ ഉത്പാദനക്ഷമത 2450 Kg/ha ആണ്. തെക്കേ വയനാട്ടിലുള്ള പല തോട്ടങ്ങളുടെയും ഉത്പാദനക്ഷമത 3000 Kg/ha ൽ കൂടുതലാണ്. എന്നാൽ ചെറുകിട തോട്ടങ്ങളിൽ ഉത്പ്പാദനക്ഷമത തുലോം കുറവാണ് കാണപ്പെടുന്നത്, ഏകദേശം 1000 Kg/ha മറ്റുള്ള എല്ലാ കാർഷിക വിളകൾ പോലെ തന്നെ തേയില കൃഷിയും അത്യന്തം ദുരിത പൂർണ്ണമായ ഒരു ഘട്ടത്തിലൂടെ കടന്നുപോവുകയാണിപ്പോൾ. ഇടുക്കി ജില്ലയിലുള്ള പല തോട്ടങ്ങളും അടച്ചുപൂട്ടുകയും മറ്റു പല തോട്ടങ്ങളും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. വയനാട്ടിലുള്ള തോട്ടങ്ങളുടെയും സ്ഥിതി വ്യത്യസ്ഥമല്ല. ഒരു കിലോ ചായപ്പൊടി ഉത്പ്പാദിപ്പിക്കുവാൻ ഏകദേശം 60-65 രൂപ ആവശ്യമായി വരുന്നു. എന്നാൽ 1999 നവംബർ മാസം മുതൽ ലേലത്തിനു ലഭിക്കുന്ന വില ഉത്പ്പാദന ചെലവിനേക്കാൾ വളരെ കുറവാണ്. 2000-ാം വർഷത്തിൽ ലഭിച്ച് ശരാശരി വില 48 രൂപ 54 പൈസയാണ്. ഈ വർഷം ഇത് 48 രൂപ 07 പൈസയായി താഴ്ന്നിരിക്കുകയാണ്. മറ്റുള്ള വ്യവസായങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വളരെയധികം തൊഴിൽ പ്രദാനം ചെയ്യുന്നതാണ് തേയിലകൃഷി. വയനാട്ടിൽ ഏകദേശം 12000 ആളുകൾക്ക് നേരിട്ട് തേയില തോട്ടങ്ങളിൽ ജോലി ലഭിക്കുന്നുണ്ട്. ഇത്രയധികം ജീവനക്കാരുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കിയിലിക്കുന്ന ഒരു സ്ഥിതി വിശേഷമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. തേയിലകൃഷിക്ക് വയനാട്ടിലുള്ള അനുകൂലഘടകങ്ങൾ, പരിമിതികൾ, അവസരങ്ങൾ, പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് താഴെ വിശദീകരിക്കുന്നു. ഈ കാര്യങ്ങൾ കൂടുതലും ചെറുകിട കർഷകരെ മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയതാണ്.

### അനുകൂല ഘടകങ്ങൾ

I ദീർഘകാല വിളയാണ് തേയിലകൃഷി

- അമ്ലാംശം കുറവുള്ള മണ്ണിൽ ഏറ്റവും അനുയോജ്യമാണ് ഈ കൃഷി.
- തേയിലചെടി നട്ടുകഴിഞ്ഞാൽ വീണ്ടും മണ്ണ് ഇളക്കേണ്ടതില്ലാത്തതിനാൽ മണ്ണൊലിപ്പ് വളരെ കുറവാണ്.
- ഇരട്ടവരിയിൽ ത്രികോണാകൃതിയിൽ സ്ഥലത്തിന്റെ ചെരിവിന് എതിരായി നടുന്നതിനാൽ മണ്ണൊലിപ്പ് കാലക്രമേണ ഉണ്ടാകുന്നില്ല.
- താരതമ്യേന ജൈവാംശം കുറവുള്ള പുൽപ്രദേശങ്ങളിലും ചായ നന്നായി വളരുന്നു.

- നാലുവർഷത്തിലൊരിക്കൽ ചെടികൾ മുഴുവൻ കവാത്ത് ചെയ്യുന്നതിനാൽ മണ്ണിന്റെ ജൈവാംശം വർദ്ധിക്കുന്നു.
- വളരെയധികം ആളുകൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്നു.
- തേയില ഫാക്ടറികൾ ഒരു കാർഷിക വ്യവസായമായിപരിഗണിക്കാവുന്നതാണ്.
- സ്ത്രീകൾക്ക് (ഏകദേശം 70 ശതമാനത്തോളം) വർഷം തോറും തൊഴിൽ പ്രദാനം ചെയ്യുന്നകൃഷിയാണ് ചായ.
- പരിസ്ഥിതി സംരക്ഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.
- നൂറു വർഷങ്ങളിൽ കൂടുതലുള്ള അനുഭവ സമ്പത്ത്.
- യന്ത്രവൽക്കരണം മറ്റുള്ള കൃഷിയേക്കാൾ വളരെ കൂടുതൽ.
- ആഭ്യന്തര ഉപഭോഗം കാപ്പിയേക്കാൾ വളരെ കൂടുതൽ.
- എല്ലാ മാസങ്ങളിലും വിളവെടുക്കാൻ പറ്റുന്ന ഏക കൃഷിയാണ്.

## പരിമിതികൾ

- ദീർഘകാല വിളയായതിനാൽ കൃഷികൾ മാറി ചെയ്യുവാൻ പറ്റാതെ വരുന്നു.

- സൂര്യപ്രകാശം കൂടുതൽ ആവശ്യമുള്ളതിനാൽ മറ്റ് ഇവിടങ്ങളിൽ കൃഷി ചെയ്യുവാൻ പ്രയാസമാണ്.
- ഒരു ഏക്കർ സ്ഥലത്ത് വളരെയധികം തൈകൾ ആവശ്യമാണ്.
- ചെറുകിട മേഖലയിലുള്ള കുറഞ്ഞ ഉത്പാദന ക്ഷമത.
- ചെറുകിട മേഖലയിൽ ഗുണനിലവാരം കുറഞ്ഞ ചപ്പ്.
- പരിചയമുള്ള തൊഴിലാളികളുടെ അഭാവം.
- സൂക്ഷിച്ചുവെക്കുവാൻ സാധിക്കാത്ത ഉത്പ്പന്നമായതിനാൽ ഇടനിലക്കാരുടെ ചൂഷണങ്ങൾക്ക് ചെറുകിടക്കാർ എപ്പോഴും ഇരയാകുന്നു.
- ഫാക്ടറി തുടങ്ങുവാനുള്ള വൻ സാമ്പത്തിക ചിലവ്.
- ലേല കേന്ദ്രങ്ങൾ വഴിയുള്ള മാർക്കറ്റിംഗിന്റെ അഭാവം.
- ഒറ്റ വിളയായി കൃഷിചെയ്യുന്നു.
- വളരെയധികം തൊഴിലാളികൾ ആവശ്യമാണ്.
- ഉൽപ്പാദനചിലവ് വളരെ കൂടുതലാണ്.

## അവസരങ്ങൾ

- ചെറുകിട തോട്ടങ്ങളിൽ ഉൽപാദനക്ഷമതക്ക് വൻ വർദ്ധന ഉണ്ടാക്കാം.
- ഗുണനിലവാരം കൂടിയാൽ വിലയിൽ മാറ്റമുണ്ടാകുന്നതാണ്.
- വളരെ ചിലവുകുറഞ്ഞ പാനീയം.
- കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നു.
- ആരോഗ്യത്തിന് ഏറ്റവും നല്ല ഒരു പാനീയമാണ് ചായ. ഗവേഷണ ഫലങ്ങൾ ഈ വാദം ശരിവെയ്ക്കുന്നു.

## പ്രശ്നങ്ങൾ

- ജൈവകൃഷി ചെറുകിട മേഖലയിൽ പ്രായോഗികമാക്കുവാൻ ബുദ്ധിമുട്ടുണ്ട്.
- ചെറുകിട കർഷകനെ സഹായിക്കുവാനുള്ള സ്വകാര്യ ഫാക്ടറികളുടെ നിഷേധഭാവം.
- വർദ്ധിച്ച ഉൽപാദന ചിലവ് (ഏകദേശം 6 രൂപ ഒരു കിലോ പച്ചതേയിലക്ക്)
- വിലയിലുണ്ടാകുന്ന വൻ ഏറ്റകുറച്ചിലുകൾ.
- കുറഞ്ഞ ഉൽപാദനക്ഷമതയും ഗുണനിലവാരവും.

- യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതികൾ അജ്ഞതയും വൻചെലവും.
- കർഷകർക്ക് സ്വന്തമായി ചായപൊടി ഉൽപ്പാദിപ്പിക്കുവാനോ സൂക്ഷിക്കുവാനോ ഉള്ള പ്രയാസം.

## ശുപാർശകൾ

- സംയോജിത കൃഷിയുടെ സഹായത്തോടെ ചെറുകിട തോട്ടങ്ങളുടെ ഉൽപാദനക്ഷമത വൻകിട തോട്ടങ്ങളുടെ അളവിലേക്ക് ഉയർത്തുവാൻ കഴിയണം.
- ഗുണനിലവാരമുള്ള ചായപ്പൊടികൾക്ക് നല്ല വില ഇപ്പോൾ ലഭിക്കുന്നതിനാൽ ഗുണനിലവാരം ഉയർത്തുവാനുള്ള എല്ലാ ശ്രമങ്ങളും വേണം.
- ഇപ്പോഴത്തെ അവസ്ഥക്ക് മാറ്റമുണ്ടാകുന്നതുവരെ കൂടുതൽ സ്ഥലങ്ങളിൽ ചായകൃഷി വ്യാപിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ കൃഷിക്കാരുടെ അനുഭവം ശ്രദ്ധിക്കേണ്ടതാണ്.
- കൃഷി ചെയ്തിട്ടുള്ള തോട്ടങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. ഒരു ഫാക്ടറി സ്ഥാപിക്കുന്നതിന് ചിലവ് വളരെ കൂടുതലായതിനാൽ സർക്കാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി ഫാക്ടറികളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കേണ്ടതാണ്.
- ഇപ്പോൾ പ്രവർത്തിക്കുന്ന ചെറുകിട ഫാക്ടറികളിലും പ്രിയദർശിനിയിലും കൂടുതൽ ഇല സംസ്കരിക്കുവാൻ വേണ്ട പരിശ്രമം നടത്തുക.
- വയനാട്ടിലുള്ള വൻകിട തോട്ടങ്ങളുടെ വിലയെ അടിസ്ഥാനമാക്കി കൊളുന്തിന് സാമാന്യം നല്ല വില ലഭിക്കുന്ന ഒരു ഫോർമുല കണ്ടുപിടിക്കേണ്ടതാണ്.
- ചെറുകിട കർഷകർക്ക് തേയില ബോർഡ് നൽകിവരുന്ന എല്ലാ സബ്സിഡികളും തുടരുക.
- തേയിലപൊടിക്ക് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള കിലോക്ക് രണ്ടു രൂപ നിരക്കിലുള്ള എക്സൈസ് ഡ്യൂട്ടി എടുത്തുകളയുക.
- മൂല്യവർദ്ധനവ് നടത്തി തേയിലക്ക് കൂടുതൽ വില ലഭിക്കുന്ന സാങ്കേതികവിദ്യ ഫാക്ടറികളിൽ സ്ഥാപിക്കുക.
- ഇപ്പോൾ തേയില ഉപഭോക്താവിന് ഉൽപാദകന് ലഭിക്കുന്ന വിലയേക്കാൾ ഇരട്ടിയോളം വില നൽകേണ്ടി വരുന്നു. ഇത് മനസ്സിലാക്കി സ്വന്തമായി മാർക്കറ്റിങ്ങ് നടത്തുവാൻ ജനകീയടിസ്ഥാനത്തിലുള്ള ഫാക്ടറികളെ പ്രേരിപ്പിക്കുക.
- ഉപാസിയുടെ ഗവേഷണഫലമായി വൻകിട തോട്ടങ്ങളിൽ യന്ത്രവൽക്കരണം വ്യാപകമായിട്ടുണ്ട് (ഉദാ: കൊളുന്ത് എടുക്കുന്ന കത്രി, കവാത്ത് വെട്ടുന്ന യന്ത്രം, Harvesting Machine, പ്രവർത്തനക്ഷമതകൂടുതലുള്ള മരുന്നുതളിയന്ത്രങ്ങൾ, കുഴിയെടുക്കുവാനുള്ള യന്ത്രങ്ങൾ മുതലായവ) ചെറുകിട കർഷകർ ഇവയുടെ ഉപയോഗം വ്യാപകമാക്കുവാൻ സർക്കാർ സഹായത്തോടെ യന്ത്രവൽക്കരണം നടത്തുക.
- അത്യുൽപാദനശേഷിയുള്ള സങ്കരയിനം വിത്ത് ഉൽപാദിപ്പിക്കുവാനാവശ്യമായ Biclonal Block വയനാട്ടിൽ തുടങ്ങുക. ആദിവാസിമേഖലയിലോ, അമ്പലവയൽ ഗവേഷണ കേന്ദ്രത്തിലോ ഇതാരംഭിക്കാവുന്നതാണ്. തേയിലചെടികൾ ആവശ്യമുണ്ടെങ്കിൽ മാത്രം ഇതിൽനിന്നും വിത്ത് ശേഖരിക്കാവുന്നതാണ്. ഇതിനാവശ്യമായ സാങ്കേതിക സഹായം ഉപാസിയുടെ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.
- ഉപാസി തേയില ഗവേഷണകേന്ദ്രത്തിന്റെ മേപ്പാടിയിലുള്ള മേഖലാകേന്ദ്രം മേൽപറഞ്ഞ ശുപാർശകൾ നടപ്പിലാക്കുവാൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകുന്നതാണ്.

അദ്ധ്യായം: 9

# ഏലം - വാനില - കൃഷി

## ഏലം

ലോകത്തിൽ ഉത്പാദിപ്പിക്കുന്ന ഏലത്തിന്റെ 70% ഇന്ത്യയിൽ നിന്നാണ്. ഉത്പാദനത്തിന്റെ 67 ശതമാനവും ഏലം കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ 54 ശതമാനവും കേരളത്തിലാണ്. 1985-86 ൽ 61,000 ഹെക്ടർ സ്ഥലത്ത് ഏലം കൃഷി ചെയ്തിരുന്ന സ്ഥാനത്ത് 1995-96 ൽ 44,248 ഹെക്ടർ ആയി കുറഞ്ഞു. എന്നാൽ ഉത്പാദനം 2,130 ടണ്ണിൽ നിന്നും 5,328 ആയി ഉയർന്നു. ഇന്ത്യയിൽ കേരളം, കർണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ മുഖ്യമായും ഏലം കൃഷിചെയ്യുന്നു.

| | | |
|---|---|---|
| പ്രാദേശിക ഇനങ്ങൾ: | മലബാർ | - 600 മീറ്റർ - 1200 മീറ്റർ ഉയരത്തിൽ |
| | മൈസൂർ | - 900 -1200 മീറ്റർ ഉയത്തിൽ |
| | വഴുക്ക | - 900 -1200 മീറ്റർ ഉയത്തിൽ |
| | ഞള്ളാനി | - 700 -1200 മീറ്റർ ഉയത്തിൽ |

വയനാട്ടിൽ ഞള്ളാനി ഇനം കൃഷിക്കാർ നന്നായി ഇഷ്ടപ്പെടുന്നു. നല്ല നീർവാർച്ചയുള്ള ജൈവാംശം കൂടുതലുള്ള മണ്ണിൽ ഏലം നന്നായി വളരും. 1500-4000 മില്ലി മീറ്റർ വരെ മഴ ആവശ്യമാണിതിന്.

**ഉപയോഗം:-**ഏലം രുചി വർദ്ധകമായി ഉപയോഗിക്കുന്നു. ടിഞ്ചർ ഓഫ് കാർഡമമവും, ടിഞ്ചർ ഓഫ് ഇൻഷ്യനും ഉണ്ടാക്കാം. ആയുർവേദത്തിൽ ഏലാദി ലേഹ്യം, ഏലാദി ചൂർണ്ണം മുതലായവ ഉണ്ടാക്കുന്നു.

### ശുപാർശകൾ

1. പാസാർഡ് വികസിപ്പിച്ചെടുക്കുന്ന P VII വയനാടിന് വളരെ യോജിച്ച ഒന്നാണ്. ആവശ്യത്തിന് നടീൽ വസ്തുക്കൾ സ്പൈസസ് ബോർഡ് ലഭ്യമാക്കണം.
2. ചെറുകിട കർഷകർക്ക് ഷൈഡ് നെറ്റ് ഉപയോഗിച്ച് ചുരുങ്ങിയ പ്രദേശത്ത് ലാഭകരമായി കൃഷി ചെയ്യുവാൻ കാർഷിക ഗവേഷണ കേന്ദ്രം രൂപപ്പെടുത്തിയ പദ്ധതി വ്യാപിപ്പിക്കുക.
3. ചിലവ് കുറഞ്ഞ സംസ്ക്കരണം, സാങ്കേതിക വിദ്യ എന്നിവ വികസിപ്പിച്ചെടുത്ത് ചെറുകിടകർഷകരെ പ്രോത്സാഹിപ്പിക്കുക.

## വാനില

വാനിലയുടെ ജന്മദേശം ഉഷ്ണമേഖല പ്രദേശങ്ങളാണ്. പതിനെട്ടാം ശതകത്തിന്റെ അവസാനം ഈസ്റ്റിന്ത്യാ കമ്പനിയാണ് വാനില ഇന്ത്യയിലെത്തിച്ചത്. മൈസുരിലെ കൂർഗ്, തമിഴ്നാട്ടിലെ നീലഗിരി കുന്നുകൾ, കേരളത്തിൽ പ്രധാനമായും വയനാട്, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ഇത് കൃഷി ചെയ്ത് വരുന്നു. ജൈവാംശം കൂടുതലുള്ളതും നല്ല നീർവാർച്ച ഉള്ളതുമായ മണ്ണാണിതിന് യോജിച്ചത്. ഒരു ഹെക്ടർ സ്ഥലത്ത് നിന്നും 300-500 കിലോഗ്രാം വരെ വാനിലയും ഒരു വള്ളിയിൽ നിന്ന് ഒന്നര കിലോ പച്ച ബീൻസും ലഭിക്കും.

### ശുപാർശകൾ

1. ഈ കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഗവൺമെന്റ് പദ്ധതികൾ വേണം.
2. വയനാടൻ വാനിലയിൽ നിന്ന് കൂടിയ തോതിൽ വാനിലിൻ ലഭിക്കുന്നതിനാൽ ഇത് അർഹമായ വില വർദ്ധനവ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
3. മൂല്യ വർദ്ധന നടത്തുന്നതിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കണം.
4. കാര്യക്ഷമമായ വിപണന സാധ്യതകൾ ഉണ്ടാകണം.

## അദ്ധ്യായം: 10

# മഴവെള്ളസംരക്ഷണവും ജലസേചനവും
## (RAIN WATER HARVESTING AND IRRIGATION)

സമുദ്ര നിരപ്പിൽ നിന്ന് 700 മീറ്റർ മുതൽ 2100 മീറ്റർവരെ ഉയരത്തിൽ മല മടക്കുകളിൽ വിശാലമായി കിടക്കുന്ന ഭൂപ്രദേശമാണ് വയനാടൻ പീഠഭൂമി. 2126 ച.കി. മീറ്ററാണ് മൊത്തം വിസ്തൃതി.

വയനാട്ടിലെ മഴ ഋതുക്കളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ജില്ലയിൽ ലഭിക്കുന്ന ആകെ മഴയുടെ 80 ശതമാനം ജൂൺ-സെപ്തംബർ മാസങ്ങളിൽ പെയ്യുന്ന കാലവർഷം പ്രദാനം ചെയ്യുന്നതാണ്. തുലാവർഷത്തിലൂടെ 10.8 ശതമാനം, ജനുവരി-ഫെബ്രവരി മാസങ്ങളിൽ 0.7 ശതമാനം 8.5 ശതമാനം ഏപ്രിൽ-മെയ് മാസങ്ങളിൽ കാലവർഷത്തിന് മുന്നോടിയായുള്ള മഴ മൂലവുമാണ് ലഭിക്കുന്നത്.

ഭൂഗർഭ ജലവകുപ്പ് 198392 കാലഘട്ടത്തിൽ നടത്തിയ പഠനം വ്യക്തമാക്കുന്നത് ജില്ലയുടെ പടിഞ്ഞാറും, തെക്ക്പടിഞ്ഞാറും മലനിരകളുടെ ഭാഗത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നെന്നും അതിന് കിഴക്കുള്ള സമതല പ്രദേശത്ത് കുറഞ്ഞ മഴ ലഭിക്കുന്നെന്നുമാണ്. 1901 മുതൽ 1980 വരെ വൈത്തിരിയിലും, മാനന്തവാടിയിലും ലഭിച്ച മഴയുടെ അളവു പരിശോധിച്ചാൽ 1961-ൽ വൈത്തിരിയിൽ ഏറ്റവും അധികം മഴയായി 8179മി. മീറ്ററും മാനന്തവാടിയിൽ 1974-ൽ 4028 മി. മീറ്ററും ലഭിച്ചതായി കാണുന്നു. ഈ കാലഘട്ടത്തിൽ വൈത്തിരിയിലെ ശരാശരി മഴ 4006.3 മി.മീറ്ററും മാനന്തവാടിയിലെ ശരാശരി മഴ 2787.7 മി.മീറ്ററുമാണ്.

എന്നാൽ വർഷം തോറും ജില്ലയിൽ ലഭിക്കുന്ന മഴയുടെ തോത് കുറഞ്ഞുവരികയാണ്. അമ്പലവയൽ കാർഷികഗവേഷണ കേന്ദ്രം 1989 മുതൽ 1998 വരെ നടത്തിയ പഠനം ഈ വസ്തുതയ്ക്ക് അടിവരയിടുന്നതാണ്. RARS ന്റെ പഠനം അനുസരിച്ച് ജില്ലയിലെ ശരാശരി വാർഷിക മഴ 2149.14 മി.മീറ്റർ മാത്രമാണ്. ഈ കാലയളവിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 1994 ലാണ്- 2692.2 മി.മീറ്റർ ഏറ്റവും കുറവ് മഴ ലഭിച്ചത് 1990 ലാണ്- 1681.4 മി.മീറ്റർ.

മഴവെള്ള ലഭ്യതയുടെ കാര്യത്തിൽ വയനാടിന് അസൂയാവഹമായ സ്ഥാനമാണുള്ളത് എങ്കിലും ജില്ലയിലെ ഭൂരൂപവ്യവസ്ഥ (Terrain system) യുടെ പ്രത്യേകത മൂലം ഭൂരിഭാഗം മഴവെള്ളവും കുത്തിയൊലിച്ച് മേൽമണ്ണ് നഷ്ടപ്പെടുകയാണ്.

ജില്ലയിൽ താഴ്മോന്നതികൾ മൂലം നിരപ്പില്ലാത്ത പ്രദേശം മൊത്തം ഭൂവിസ്തൃതിയുടെ 50.7 ശതമാനവും, സമാന്യ ചരിവുള്ള പ്രദേശം 15.8 ശതമാനവും വളരെ ചരിവുള്ള പ്രദേശം 17.5 ശതമാനവും, മലമ്പ്രദേശം, ഒറ്റപ്പെട്ട കുന്നുകൾ പാറയുടെ ചരിവുകൾ എന്നിവ അടങ്ങുന്ന ഭാഗം 16 ശതമാനവുമാണ്. ജില്ലയിൽ ലഭിക്കുന്ന മഴവെള്ളം ദക്ഷിണേന്ത്യയിലെ പ്രധാന നദിയായ കാവേരിയുടെ ഒരു പ്രധാന പോഷകനദിയായ കബനി നദിയിൽ എത്തപ്പെടുന്ന പനമരം പുഴ, മാനന്തവാടി പുഴ, ബാവലി പുഴ, നൂൽപ്പുഴ, തെക്കെവയനാട്ടിലെ ഒരു പ്രധാന നദിയായ ചാലിയാർപുഴ, മയ്യഴി പുഴയുമായി യോജിക്കുന്ന വാണിയം പുഴയിലുമാണ് ചെന്ന് ചേരുന്നത്. ഉപരിതല ജല സമ്പത്തിന്റെ കാര്യത്തിൽ ജില്ല സമ്പന്നമാണെങ്കിലും ജില്ലയുടെ ജലസേചനത്തിന് ഇത് വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ജില്ലയിലെ 5221 ഹെക്ടർ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 197778 കാരാപ്പുഴ പദ്ധതിയും 2800 ഹെക്ടർ ജലസേചനം നടത്തുന്നതിനായി ആരംഭിച്ച ബാണാസുരസാഗർ പദ്ധതിയും ഇപ്പോഴും ഒരു ഹെക്ടർ ഭൂമിക്കുപോലും ജലസേചനസൗകര്യം നൽകാൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. കുളങ്ങൾ, ചിറകൾ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവ മുഖേന 6107 ഹെക്ടർ സ്ഥലത്ത് മാത്രമാണ് ഉപരിതല ജലം ജലസേചനത്തിലായി ഉപയോഗപ്പെടുത്തുന്നത്.

## മഴവെള്ളസംരക്ഷണവും ജലസേചനവും

ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കിയ ജില്ലാ പദ്ധതി (കരടുരേഖ) അനുസരിച്ച് ജില്ലയിലെ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും കാർഷിക പ്രശ്നങ്ങൾ അവലോകനം ചെയ്തപ്പോൾ 22 പഞ്ചായത്തുകളിലും അതീവ ഗുരുതരമായ പ്രശ്നം ജലസേചനത്തിന്റെ അപര്യാപ്തതയാണ് കണ്ടെത്തിയത്.

വയനാട് കാർഷിക ജില്ലയായ സാഹചര്യത്തിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കേണ്ടത് കാർഷിക മേഖലയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ വയനാട്ടിലെ ഭൂപ്രകൃതിയുടെ 37.06 ശതമാനം വനമായതിനാലും വയനാട്ടിലെ പ്രത്യേക ഭൂരൂപവ്യവസ്ഥയും ജൈവവൈവിധ്യ സമ്പന്നതയും കണക്കിലെടുത്ത് ചെറുകിട ജലസേചന പദ്ധതികൾക്കാണ് മുൻതൂക്കം നൽകേണ്ടത്. ഈ സാഹചര്യത്തിൽ ജില്ലയിലെ 25 പഞ്ചായത്തുകളിലും,ഒരു മുനിസിപ്പാലിററിയിലും മഴവെള്ളസംരക്ഷണത്തിന് വ്യാപകമായ പദ്ധതികൾ ആരംഭിക്കണം. ഇതിനാവശ്യമായ സാങ്കേതിക വിദ്യ സർക്കാർ നൽകുകയും, ജനകീയാസൂത്രണ പദ്ധതിയിൽ മഴവെള്ള സംരക്ഷണ പദ്ധതിക്ക് തുക നീക്കി വെക്കുകയും വേണം. ഇതിനു പുറമേ സർക്കാർ വയനാട്ടിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 13 ജലസേചന പദ്ധതിക്കുള്ള തുക ഈ പദ്ധതിക്ക് വേണ്ടി ഉപയോഗിക്കണം.

## മഴവെള്ള സംരക്ഷണ പദ്ധതിയുടെ ഗുണം

1. മഴവെള്ളം ഉപയോഗശൂന്യമായി നഷ്ടപ്പെടുത്തുന്നത് തടയാം
2. കൂടുതൽ ഭൂപ്രദേശം ജലസേചനത്തിന് ഉപയുക്തമാക്കാം
3. മണ്ണൊലിപ്പ് തടയാം
4. വൻകിട ജലസേചന പദ്ധതികൾ മൂലമുള്ള പരിസ്ഥിതി നാശവും ജൈവ വൈവിധ്യ നാശവും ഒഴിവാക്കാം

ഈ മേഖലയിൽ ജില്ലക്കുള്ള അനുകൂലഘടകങ്ങൾ, പരിമിതികൾ, അവസരങ്ങൾ, പ്രശ്നങ്ങൾ എന്നിവ വിശദമാക്കുന്നു.

## അനുകൂല ഘടകങ്ങൾ

1. സസ്യസമ്പന്നത
2. ഉയർന്ന മഴ ലഭ്യത (2949.14 ാാ)
3. ഒറ്റ വലിയ നീർത്തടം (കബനി)
4. വിവിധതരം കൃഷിയുള്ളതിനാൽ മഴവെള്ള സംരക്ഷണത്തിന് സാധ്യത കാണുന്നു.
5. ഏറ്റവു താഴെതട്ടിലുള്ളവരും, കൃഷിക്കാരും, കൂടാതെ ഇവർക്കുള്ള അവബോധവും

## പരിമിതികൾ

1. ഇപ്പോഴുള്ള പല പദ്ധതികളും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ വഴിയാണ്. ഇവ എത്തേണ്ടവർക്ക് എത്തുന്നില്ല. മാത്രമല്ല പദ്ധതിയെപറ്റി യാതൊരു വ്യക്തതയും ലഭ്യമാക്കുന്നില്ല.
2. വെള്ളത്തെ നന്നായി പ്രയോജനപ്പെടുത്തുന്നതിലെ അറിവില്ലായ്മ
3. ജലസംരക്ഷണ പ്രവർത്തനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തുന്നു
4. കർഷകർക്ക്, അവർക്കുള്ള പദ്ധതികളും പ്രയോജനങ്ങളും നൽകുന്നതിലെ താമസം
5. താൽകാലിക ലാഭം ലക്ഷ്യമാക്കിയ പദ്ധതികൾ
6. ജന പങ്കാളിത്തമില്ലാത്ത പ്രവർത്തന ശൈലി
7. ജലസംരക്ഷണത്തിനോടുള്ള അവഗണന
8. സ്ത്രീകളും കുട്ടികളും പങ്കാളികളാവുന്നില്ല. അഥവാ കുറഞ്ഞ പങ്കാളിത്തം

## പ്രശ്നങ്ങൾ / ഭീഷണികൾ

1. ശരിയായ രീതിയിലല്ലാത്ത കൃഷിരീതികൾ (ഭൂമിതരംതിരിക്കൽ)
2. മണ്ണൊലിപ്പിനും രോഗത്തിനും ഇടയാക്കുന്ന സാഹചര്യം
3. ഉരുൾപ്പൊട്ടലിനുള്ള സാധ്യത
4. വരൾച്ചയ്ക്കുള്ള സാധ്യത
5. കുത്തിയൊലിക്കുന്ന തരത്തിലുള്ള മഴ
6. കൃഷിയേതര ആവശ്യങ്ങൾക്കുവേണ്ടിയുള്ള വയൽ നികത്തൽ
7. കൃഷിയോടുള്ള പുതുതലമുറയുടെ വിരക്തി
8. വിദ്യാഭ്യാസത്തിൽ പരിസ്ഥിതി പഠനത്തേക്കുറിച്ചുള്ള സിലബസ്സ് ഇല്ലായ്ക

## അവസരങ്ങൾ

1. മാനവ വിഭവശേഷി (കൃഷിക്കാർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ)
2. ഈ മേഖലയിലുള്ള സംഘടനകളും വിദഗ്ദ്ധരും
3. കർഷകസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ ഇവയിലൂടെ പരമ്പരാഗത ജലസംരക്ഷണ പരിപാടികൾ നടപ്പിലാക്കുക
4. ഭൂസംരക്ഷണ പരിപാടികളിൽ പരിചയമുള്ള N.G.O കളുടെ സാന്നിദ്ധ്യം
5. പശ്ചിമ ഘട്ട നീർത്തടാധിഷ്ടിത പദ്ധതിയുടെ മുഖ്യ പരിധിയിൽ വരുന്നവ
6. പാരമ്പര്യ, പ്രകൃതിദത്ത ജലസംരക്ഷണ മാതൃകകളുടെ സാന്നിധ്യം
7. വനമേഖല
8. ഈർപ്പം നിലനിൽക്കുന്ന മണ്ണ്
9. മഴ ലഭ്യത

## ശുപാർശകൾ

1. വയനാടിനെ മാതൃകാ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് ജില്ലയായി രൂപപ്പെടുത്തുക.

2. ജില്ലയിലെ 25 പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റിയിലും റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിന് വ്യാപക പദ്ധതികൾ നടപ്പിലാക്കുക.

3. ജനകീയാസൂത്രണ പദ്ധതിയിൽ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്, മണ്ണു സംരക്ഷണ പദ്ധതികൾക്ക് മൊത്തം പദ്ധതിയുടെ 25% നീക്കിവെയ്ക്കുക.

4. സർക്കാർ വയനാട്ടിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയടക്കമുള്ള 13 ജലസേചന പദ്ധതിക്കുള്ള തുക റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതികൾക്കായി നൽകുക.

5. നീർത്തടാധിഷ്ഠിതമായ പുരോഗമന വികസന പദ്ധതികൾ മാത്രം നടപ്പിലാക്കുക

6. ലഘു നീർത്തടങ്ങൾ അടിസ്ഥാനപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുക

7. നയ രൂപീകരണ പരിപാടികളിൽ (GS, PRIs, വിദഗ്ദ്ധ കമ്മിറ്റികൾ) കർഷകരും പങ്കാളികൾ ആകണം

8. കൃഷി ഭവനുകളുടെ പ്രവർത്തനങ്ങളിൽ കർഷകാഭിപ്രായത്തിനും പരിഗണന നൽകുക.

9. പ്രാദേശികമായ നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക

10. വൻകിട ജലസംരക്ഷണ പദ്ധതികൾ നിർത്തുക

11. കർഷകരെ ശാസ്ത്രീയ മണ്ണ്-ജലസംരക്ഷണ പരിപാടി പരിശീലിപ്പിക്കുക

## അദ്ധ്യായം: 11

## ക്ഷീര വികസനമേഖല-മൃഗസംരക്ഷണമേഖല

ചരിത്രാതീതകാലം മുമ്പുതന്നെ മനുഷ്യൻ തന്റെ ഉപജീവനമാർഗ്ഗം ലഘൂകരിക്കുന്നതിനുവേണ്ടി മൃഗങ്ങളെ ഉപയോഗപ്പെടുത്തിവന്നു. മാനുഷികതയിലേക്കുള്ള ഗതിമാറ്റത്തിനിടയിൽ മാംസത്തിന്റെ ഉപയോഗത്തിൽ നിന്നും അതിശ്രേഷ്ഠമായ പാലിന്റെ ഉപയോഗത്തിലേക്കുള്ള അവന്റെ ചരിത്രപരമായ പ്രയാണത്തോടെ കറവമാടുകൾ നമ്മുടെ കുടുംബാംഗങ്ങളായി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സൂപ്പർ ഹൈടെക്നോളജി യുഗത്തിലേക്ക് വയനാടും ചുവടുകൾ വയ്ക്കാനൊരുങ്ങുമ്പോൾ പാലിന്റെ ധനതത്വശാസ്ത്രം വയനാടൻ കർഷകന്റെ നിലനിൽപ്പാണെന്ന പ്രത്യയശാസ്ത്രം നമ്മൾ തിരിച്ചറിയണം. ലോകത്തിലെതന്നെ സമ്പൂർണ്ണാഹാരമായ പാലിനുപകരംവയ്ക്കാൻ പ്രകൃതിദത്തമായ മറ്റൊരുൽപ്പന്നവുമില്ലെന്ന സത്യം മനസ്സിലാക്കികൊണ്ട് വയനാടിന്റെ അടിസ്ഥാന വികസന ഘടകമായ കാർഷിക മേഖലയോടൊപ്പംതന്നെ ക്ഷീരമേഖലയ്ക്കും പ്രാധാന്യമുണ്ടെന്ന തിരിച്ചറിവോടെ ക്ഷീരമേഖല ഭാരതീയ സംസ്കാരത്തിന്റെ അടിസ്ഥാന ശിലയാണെന്ന ചരിത്രസത്യം ഉൾക്കൊണ്ടുകൊണ്ട് വയനാടിന്റെ സുസ്ഥിരവും സമഗ്രവുമായ പുരോഗതിക്കായി ജാതിമത - രാഷ്ട്രീയ ഭേദമെന്യേ നാം ഒന്നിക്കേണ്ടിയിരിക്കുന്നു.

അടുത്തകാലത്ത് വയനാട്ടിൽ കാർഷിക മേഖലയിലുളവായ ഗുരുതരമായ പ്രതിസന്ധിക്ക് പരിഹാരമായി ദരിദ്ര, ഇടത്തരം ജനവിഭാഗങ്ങളുടെ ജീവസന്ധാരണത്തിന് ക്ഷീര വികസന മേഖലയെ മാത്രമേ ആശ്രയിക്കാൻ കഴിയൂ. അശാസ്ത്രീയമായ വികസനതന്ത്രം, വികസന കാഴ്ചപ്പാടിലെ രാഷ്ട്രീയം, ബ്യൂറോക്രസി, അഴിമതി തുടങ്ങിയ കാര്യങ്ങളാണ് നമ്മുടെ പുരോഗതിയ്ക്ക് തടസ്സമായത്. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ കാർഷിക വിളകളിലൂടെ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന വയനാടിന്റെ വികസന സാധ്യതകൾ ചൂഷണം ചെയ്യുന്ന കാര്യത്തിൽ അധികാരികൾ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചിട്ടില്ലെന്നുള്ള വസ്തുത എടുത്തുപറയത്തക്കതാണ്.

വയനാട്ടിലെ ക്ഷീരമേഖലയെ ശാസ്ത്രീയമായി അവലോകനം നടത്താൻ ഉചിതമായ SWOTഅനാലിസിസ് രീതിയാണ് ഈ പ്രബന്ധത്തിൽ അവലംബിച്ചിട്ടുള്ളത്. ക്ഷീരമേഖലയുടെ Strength അഥവാ അനുകൂലഘടകങ്ങൾ, Weakness അഥവാ ദൗർബല്യങ്ങൾ, Opportunity അഥവാ സാധ്യതകൾ (പരിഹാര നിർദ്ദേശങ്ങൾ), Threats അഥവാ ഭീഷണികൾ എന്നീ നാല് വ്യത്യസ്ത ഘടകങ്ങൾ ഇനംതിരിച്ച് വിശകലന വിധേയമാക്കുകയാണ് ഈ പഠനരീതി.

### അനുകൂലഘടകങ്ങളും മറ്റ് വികസന മേഖലകളുമായുള്ള ബന്ധവും ക്ഷീരവികസനമേഖല:-

ക്ഷീര മേഖലയുടെ അനുകൂല ഘടകങ്ങൾ ചുവടെ ചേർക്കുന്നു അനുകൂല സാഹചര്യങ്ങൾ, ലഭ്യമായ അടിസ്ഥാന വിഭവങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കപ്പെടുകയെന്നത് ആസൂത്രണ പ്രക്രിയയിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്നു.

1) **സാമഗ്ര കാർഷികവൃത്തി**

2001 ലെ കാനേഷുമാരിയനുസരിച്ച് വയനാട്ടിലെ ജനസംഖ്യ 7,80,167 ആണ് ഇതിൽ 17.31% പട്ടികവർഗ്ഗക്കാരും 4.06% പട്ടികജാതിക്കാരുമാണ്. വയനാടിന്റെ സാമ്പത്തിക അടിത്തറയും തൊഴിലും ഏതാണ്ട് പൂർണ്ണമായും കാർഷിക അനുബന്ധ മേഖലയെ ആശ്രയിച്ചിരിക്കുന്നു.

ജനസംഖ്യയിൽ 80 ശതമാനത്തിലധികം കാർഷിക വൃത്തിയും, അനുബന്ധതൊഴിലുകളും മുഖ്യ ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ളവരാണ്. കാർഷിക മേഖലയും - ക്ഷീര മേഖലയും പരസ്പര പൂരകങ്ങളാണ്.

കാർഷിക മേഖലയിലെ വിവിധ ഉൽപ്പന്നങ്ങൾ പശുക്കളുടെ തീറ്റയായി ഉപയോഗപ്പെടുത്താം. ഉദാ:- വൈക്കോൽ, തവിട്, ധാന്യങ്ങൾ, കാപ്പിത്തൊണ്ട്, ചായച്ചണ്ടി, വൃക്ഷയിലകൾ മുതലായവ. മറിച്ച് ക്ഷീര മേഖലയിലെ ചാണകം, ഗോമൂത്രം തുടങ്ങിയവ കാർഷിക മേഖലയിലും ഉപയോഗപ്പെടുത്താം.

കൂടാതെ കാർഷിക വിളവെടുപ്പുകാലങ്ങളിലൊഴികെയുള്ള ഏതാണ്ട് 8 മാസക്കാലം ദരിദ്രരും, ഇടത്തരം വരുമാനക്കാരും ഉപജീവനം കണ്ടെത്തുന്ന പ്രധാനവരുമാന സ്രോതസ്സ് ക്ഷീരോൽപ്പാദനമാണ്.

ഉദാരവൽക്കരണ - ആഗോളവൽക്കരണ പ്രക്രിയയെതുടർന്നുള്ള പ്രതിസന്ധിയിൽനിന്ന് കരകയറുവാൻ കയറ്റുമതിയിലൂന്നിയുള്ള ജൈവ കൃഷിരീതികൾ അവലംബിക്കണം. ഈ സാഹചര്യത്തിൽ ചാണകം, ഗോമൂത്രം, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ ജൈവവളങ്ങൾ ഒഴിച്ചു കൂടാനാവാത്തവയാണ്. ബയോഡൈനാമിക് കൃഷി രീതിയിലും ക്ഷീരമേഖലയുടെ പ്രസക്തി എടുത്തുപറയേണ്ടതാണ്.

## 2) ക്ഷീരോൽപ്പാദനം - ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഉപതൊഴിൽ

1996 ലെ ,കനേഷുമാരി പ്രകാരം വയനാട്ടിൽ 1,63,510 കാലികളുണ്ട്. ഇതിൽ 42,904 എണ്ണം നാടനും, 1,20,606 എണ്ണം സങ്കരവർഗ്ഗവുമാണ്. ലഭ്യമായ കണക്കനുസരിച്ച് 1997 ലെ വയനാട്ടിലെ പാലുൽപ്പാദനം 69.214 ടണ്ണാണ്. 1998-99 വർഷം ജില്ലയിലെ 51 ക്ഷീരസഹകരണ സംഘങ്ങളിലൂടെ 2,32,05,704 ലിറ്റർ പാൽ സംഭരിച്ചുവെന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 35% പാൽ ജില്ലയിലും, 65% പാൽ മിൽമവഴി അന്യ ജില്ലകളിലും വിറ്റഴിച്ചു. വയനാടൻ കൃഷിക്കാരുടെ മൊത്ത വരുമാനത്തിൽ 23% ക്ഷീര മേഖലയിൽ നിന്നാണെന്ന് പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു വരുമാനമാർഗ്ഗമെന്ന നിലയിൽ പശുവളർത്തൽ മുഖ്യമായും കേന്ദ്രീകരിച്ചിട്ടുള്ളത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദരിദ്ര - ഇടത്തരം കുടുംബങ്ങളിലായതിനാൽ ഇവരുടെ ജീവിതനിലവാരം ഉയർത്താൻ കഴിയുന്ന ഏറ്റവും അനുയോജ്യമായ വികസനമേഖല ക്ഷീരമേഖലയാണ്.

## 3) സംഘടിത മേഖലയുടെ ശക്തമായ പ്രവർത്തനം

വയനാട്ടിൽ 51 ക്ഷീരസഹകരണ സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ പാൽ സംഭരിക്കപ്പെടുന്ന ക്ഷീരസംഘങ്ങൾ വയനാട്ടിലാണ്. ജില്ലയിലെ മൊത്തം പാലുൽപ്പാദനത്തിന്റെ 32.66% സംഘടിത മേഖലയിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. ഇതുവഴി 22.05 കോടി രൂപാ ഗ്രാമീണ ക്ഷീരകർഷകരുടെ ഇടയിൽ വിതരണം ചെയ്യുന്നു. പാൽ വിലയുടെ സിംഹഭാഗവും അന്യജില്ലകളിൽ നിന്നാകയാൽ വയനാടൻ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഇക്കാര്യത്തിൽ മിൽമയുടെ സേവനം പ്രത്യേകം പ്രസ്താവ്യമാണ്. ജില്ലയിൽ സംഘടിത മേഖലയിൽ സംഭരിക്കുന്ന പാലിന്റെ 53.02% സുൽത്താൻ ബത്തേരി വികസന ബ്ലോക്കിൽ നിന്നാണ്. ക്ഷീര സഹകരണ സംഘങ്ങൾ വിവിധ കർഷകക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കന്നുകാലി ഇൻഷ്വറൻസ്, കന്നുകാലി ചികിത്സാപദ്ധതി, കർഷകസുരക്ഷാ പദ്ധതി, കൃത്രിമ ബീജാധാനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ സാമൂഹ്യക്ഷേമ പരിപാടികളാണ് നടത്തിവരുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതിപ്രവർത്തനങ്ങളെ സ്തുത്യർഹ്യമായ രീതിയിൽ സഹായിക്കയും ചെയ്യുന്നു. ഉദാ:- ക്ഷീരവികസന വകുപ്പിന്റെ എല്ലാ വികസന പരിപാടികളും മൃഗ സംരക്ഷണ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളും (കാലിത്തീറ്റ വിതരണ പദ്ധതി, വന്ധ്യതാ നിവാരണ ക്യാമ്പുകൾ, രോഗപ്രതിരോധകുത്തിവെയ്പുകൾ) മിൽമയുടേയും, ബ്രഹ്മഗിരി ഡയറി പ്രോജക്ടിന്റേയും വികസന - വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ മുതലായവ. 700 ൽ പരം ജീവനക്കാർ ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങളിൽ ജോലിചെയ്തുവരുന്നു.

4) വിവിധ ഏജൻസികളുടെ പ്രവർത്തനം

ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണ വകുപ്പ്, മിൽമ, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി, പൊതു മേഖലാ ബാങ്കുകൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങൾ തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഈ മേഖലയിൽ ലഭ്യമാണ്. ഇത്രയധികം വിപുലമായ എകോപന സാധ്യതകൾ മറ്റൊരു വികസന മേഖലയിലും ഇല്ല.

5) പാലിന്റെ സ്ഥിരമായ വിലയും വിപണിയും

മറ്റു കാർഷികോൽപ്പന്നങ്ങളെ അപേക്ഷിച്ച് പാലിന്റെ വിലയും വിപണിയും ഏതാണ്ട് സ്ഥിരമായിത്തന്നെ നിലനിൽക്കുന്നു. ഇതിന് മിൽമയും, പാൽ സഹകരണ സംഘങ്ങളും അടങ്ങുന്ന സംഘടിത മേഖലയുടെ പങ്ക് എടുത്തുപറയതക്കതാണ്. ഏതാനും സ്വകാര്യ ഏജൻസികൾ അടുത്ത കാലത്തായി ഈ രംഗത്തുണ്ടെങ്കിലും അവരും മേൽപറഞ്ഞ സംഘടിത മേഖലയുടെ വിപണി വ്യവസ്ഥയ്ക്ക് കീഴ്പ്പെട്ടാണ് പ്രവർത്തിക്കുന്നത്.

6) പ്രതിശീർഷ ഭൂമിയുടെ ലഭ്യത

കേരളത്തിലെ ആളോഹരി ഭൂമിയുടെ പ്രതിശീർഷ ലഭ്യത 33 സെന്റാണ്. എന്നാൽ വയനാട്ടിൽ ഇത് 78 സെന്റാണ്. ഇത് കന്നുകാലി വളർത്തലിന് അനുകൂല ഘടകമാണ്.

7) പച്ചപ്പുല്ലിന്റെ ലഭ്യത

ജില്ലയിൽ വർഷത്തിൽ അഞ്ചുമാസക്കാലം സുഭിക്ഷമായി പച്ചപ്പുല്ല് ലഭിക്കുന്നു. മറ്റു മാസങ്ങളിൽ പച്ചപ്പുല്ലിന്റെ ലഭ്യത കുറയുന്നുണ്ടെങ്കിലും കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് ഇത് തുലോം നിസ്സാരമാണ്.

8) കാലാവസ്ഥാനുയോജ്യത

കേരളത്തിലെ ഇതര ജില്ലകളെ അപേക്ഷിച്ച് തണുപ്പുള്ള കാലാവസ്ഥ വയനാട്ടിൽ കന്നുകാലി വളർത്തലിന് ഏറ്റവും അനുകൂലമായ സ്ഥിതിവിശേഷമൊരുക്കുന്നു. വിദേശ സങ്കരയിനം ജനുസ്സുകൾക്ക് ഇവിടത്തെ ദിനാന്തരീക്ഷ സ്ഥിതി ഏറ്റവും അനുയോജ്യമാണ്. മാത്രമല്ല വയനാടൻ കാലാവസ്ഥയും മറ്റ് ഭൗതിക ഘടകങ്ങളും അന്താരാഷ്ട്ര ഗുണനിലവാരമുള്ള പാലുൽപ്പാദനത്തിലും പാൽ ഉൽപ്പന്ന നിർമ്മാണത്തിലും പാൽ സംസ്കരണത്തിലും ഏറ്റവും അനുയോജ്യമാണ്.

9) ജലവിഭവശേഷി

അമ്പതോളം പുഴകളും, തോടുകളുമടങ്ങുന്ന ജലസ്രോതസ്സുകളുടെ സമൃദ്ധി വയനാടിനെ കാലിവളർത്തലിന് അനുയോജ്യമാക്കുന്നു.

10) മനുഷ്യ വിഭവശേഷിയും തൊഴിൽ സാധ്യതകളും

വയനാട് ജില്ലയിലെ മനുഷ്യ വിഭവശേഷി കാലിവളർത്തലിന് ഉപയോഗപ്പെടുത്തുക വഴി വമ്പിച്ച സാമ്പത്തികനേട്ടം കൈവരിക്കാൻ കഴിയുന്നതാണ്. ജനസംഖ്യയിൽ 80 ശതമാനം ഈ കാർഷിക രീതിയെ അനുകൂലിക്കുന്നവരും സ്വജീവിതത്തിൽ പരിമിതമാ യെങ്കിലും ഇതിനു തയ്യാറായിട്ടുള്ളവരുമാണ്. ചെറിയൊരു പ്രോൽസാഹനം മുഖേന ഈ താൽപ്പര്യം ഉദ്ദീപിപ്പിക്കാം. വനിതകൾക്ക് ഏറ്റവും അനുയോജ്യമായ തൊഴിൽ സംരംഭം പശു വളർത്തലാണ്.

11) പട്ടികവർഗ്ഗക്കാരുടെ തൊഴിൽ സാധ്യതകൾ

കേരളത്തിലെ ആദിവാസി ജനസംഖ്യയിൽ 35% വയനാട്ടിലാണ്. കുറമ-കുറിച്ച്യ ആദിവാസി വിഭാഗക്കാരുടെ സംസ്കാരവുമായി ബന്ധപ്പെടുത്തുമ്പോൾ കന്നുകാലി വളർത്തലിന് വൻ പ്രാധാന്യമാണുള്ളത്. പട്ടിക വർഗ്ഗക്കാരുടെ ഇന്നുള്ള കാലി വളർത്തൽ അശാസ്ത്രീയവും കറവമാടുകൾ പാലുൽപ്പാദനശേഷി കുറഞ്ഞവയുമാണ്. വയനാട്ടിലെ ഭൗതിക സാഹചര്യങ്ങളും കാലിവളർത്തലിന്റെ ഏറ്റവും കുറഞ്ഞ സാങ്കേതികത്വവും കണക്കിലെടുക്കുമ്പോൾ പണിയർ, അടിയർ, കാട്ടുനായ്ക്കർ തുടങ്ങിയ ഇതര ആദിവാസി വിഭാഗക്കാരുടെ പ്രധാന തൊഴിലായി കാലിവളർത്തൽ പരിഗണിക്കപെടാവുന്നതാണ്. കൂടാതെ വനപ്രാന്ത പ്രദേശങ്ങളിൽ താമസി ക്കുന്ന പട്ടിക വർഗ്ഗക്കാർകിടയിൽ ജൈവ ഡയറി ഫാമിംഗിനും, ജൈവ മാംസോൽപ്പാദനത്തിനും വൻ സാധ്യതയാണുള്ളത്. കൂടാതെ ക്ഷീരമേഖലയിലെ മാംസ സംസ്കരണ-പാൽ പാലുൽപ്പന്ന സംസ്കരണ മേഖലയിലെ വ്യാവസായിക സാധ്യതകൾ വേണ്ടവിധം ഉപയോഗപ്പെടുത്തുക വഴി പട്ടികവർഗ്ഗക്കാർക്ക് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

വ്യാവസായികമായ പിന്നോക്കാവസ്ഥയുടെ പശ്ചാത്തലത്തിൽ നാണ്യവിളകളുടെ മേഖലയിലുണ്ടായ തകർച്ചയും നാടിന്റെ മൊത്തത്തിലുള്ള പിന്നോക്കാവസ്ഥയും മൂലം അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ നാമമാത്ര സേവനമെങ്കിലും ഈ മേഖലയിലേക്ക് ലഭ്യമായിട്ടുണ്ട്. കാർഷിക മേഖലയുടെ തകർച്ചയുടേയും, ഉൽപ്പന്ന വിലയിടിവിന്റേയും പരിണിത ഫലമായി ജീവസന്ധാരണത്തിന് കർഷകർ ക്ഷീര വികസനത്തിലേക്ക് തിരിഞ്ഞത് ഈ മേഖലയുടെ സർവ്വപ്രാധാന്യത്തിനു നിദർശനമാണ്. വരുമാനത്തകർച്ചയുണ്ടാകുമ്പോൾ പ്രധാന ഉപതൊഴിലായ ക്ഷീര വികസനമാണ് കർഷകർ പൊതുവെ തെരഞ്ഞെടുക്കുന്നതെന്നും കാണുന്നു. കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് വൻ സാദ്ധ്യതകളുള്ള വയനാട്ടിൽ ക്ഷീര മേഖല വിലപിടിപ്പുള്ള മുതൽക്കൂട്ടാണ്. ഉന്നത സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവും വയനാട്ടിലെ യുവതലമുറയെ ക്ഷീര മേഖലയിലേക്ക് ആകർഷിക്കുന്നുണ്ട്.

12) ഊർജ്ജോൽപ്പാദനം

ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിലൂടെ പാരമ്പര്യേതര ഊർജ്ജസ്രോതസ്സിന്റെ അനന്തസാധ്യതകൾ ചൂഷണം ചെയ്യാവുന്നതാണ്. ഇപ്രകാരം ആവർത്തന ചെലവില്ലാതെയും പാരിസ്തിതിക പ്രശ്നങ്ങളില്ലാതെയും ഊർജ്ജോൽപ്പാദനം സാധ്യമാകുമെന്ന് മാത്രമല്ല ചാണകത്തിന്റെ ഗുണമേന്മ വർദ്ധിക്കുന്നതും വെർമി കമ്പോസ്റ്റിന്റെ ലഭ്യത ഗണ്യമായി വർദ്ധിപ്പിക്കാവുന്നതുമാണ്.

13) പരിസ്ഥിതി സംരക്ഷണം

കാലിവളർത്തൽ പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത വികസന മേഖലയാണ്. തീറ്റപ്പുൽകൃഷി ചെയ്യുന്നതിലൂടെ മണ്ണ്-ജല സംരക്ഷണം വളരെയേറെ മെച്ചപ്പെടുന്നതാണ്. കൂടാതെ പുൽ വർഗ്ഗങ്ങൾക്ക് കാർബൺഡൈ ഓക്സൈഡിനെ ഏറ്റവും കാര്യക്ഷമമായി ഓക്സിജനാക്കി മാറ്റുവാൻ കഴിയും (കാർബൺ സെക്വിസ്റ്റേഷൻ). കൂടാതെ തീറ്റപ്പുൽ വിളകൾ കൂടുതൽ ബയോമാസ് ഉൽപ്പാദിപ്പിക്കപ്പെടും.

14) വ്യാവസായിക വികസനം

*(എ) മാംസ സംസ്കരണം:* മാംസ വിപണനവുമായി ബന്ധപ്പെട്ട് ആരോഗ്യമേഖലയിൽ വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടെന്നു മാത്രമല്ല ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നുമുണ്ട്. വയനാട്ടിലെന്നല്ല മലബാറിൽപ്പോലും ശീതീകരണികളുള്ള ആധുനിക അറവുശാലയോ മാംസ സംസ്കരണ യൂണിറ്റോ ഇല്ലെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ജില്ലയിൽ പ്രതിവർഷം ഉണ്ടാകുന്ന 20,000 ൽപരം മൂരിക്കുട്ടന്മാരെ വാണിജ്യപരമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. മാംസോൽപ്പാദനത്തിലൂടെ ജില്ലയിൽ പ്രതിവർഷം ഏതാണ്ട് 8 കോടി രൂപാ അധികമായി സമാഹരിക്കാൻ കഴിയുന്നതാണ്. കൂടാതെ

മാംസോൽപ്പാദനം, മാംസ സംസ്കരണം, വിപണനം എന്നീ മേഖലകളിൽ ആയിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് ഈ മേഖലയിലും തൊഴിലവസരങ്ങൾക്ക് അനന്ത സാധ്യതയാണുള്ളത്. വയനാട്ടിൽ ജൈവരീതിയിലും മാംസോൽപ്പാദനം സാധ്യമാക്കാവുന്നതും വിദേശനാണ്യം നേടാവുന്നതുമാണ്.

*(ബി) പാൽ സംസ്കരണവും, പാലുൽപ്പന്ന നിർമ്മാണവും :* വയനാട്ടിലെ കാലാവസ്ഥയും ഭൂപ്രകൃതിയും മറ്റ് ഘടകങ്ങളും കണക്കിലെടുക്കുമ്പോൾ അന്താരാഷ്ട്ര ഗുണനിലവാരമുള്ള പാലുൽപ്പാദനത്തിന് കേരളത്തിൽ മറ്റെങ്ങും ഇല്ലാത്ത വൻ സാധ്യതയാണുള്ളത്. വയനാട്ടിൽ പ്രതിദിനം ഒരു ലക്ഷത്തിലധികം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. ആസന്നഭാവിയിൽ പാൽ വിപണന മേഖലയിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധി കണക്കിലെടുത്ത് ആധുനിക സാങ്കേതിക വിദ്യയിലൂടെ പാൽ സംസ്കരിച്ച് ടെട്രാപായ്ക്കുകളിലാക്കി വിപണനം നടത്തേണ്ടിയിരിക്കുന്നു. കൂടാതെ അന്താരാഷ്ട്ര ഗുണനിലവാരമുള്ള പാലുൽപ്പന്നങ്ങൾക്ക് കേരളത്തിൽ നല്ല മാർക്കറ്റാണുള്ളത്. മേൽ വ്യവസായം വയനാട്ടിൽ ആരംഭിക്കുകവഴി പട്ടികവർഗ്ഗക്കാർക്ക് സാങ്കേതികേതര തൊഴിലുകൾ നൽകാൻ കഴിയുന്നതാണ്.

### 15) ആരോഗ്യ മേഖലയുമായുള്ള ബന്ധം

പോഷകസമൃദ്ധമായ പാലിന്റെ ഉപഭോഗത്തിലൂടെ ഇളംതലമുറയുടെ ആരോഗ്യ പ്രശ്നങ്ങൾ വിശിഷ്യാ - ആദിവാസി - പട്ടികജാതി - ദരിദ്ര ജനവിഭാഗങ്ങളുടെ; നല്ലൊരളവുവരെ പരിഹരിക്കപ്പെടാവുന്നതാണ്.

### I മൃഗസംരക്ഷണ മേഖല

*ആടുവളർത്തൽ:-* ഇടത്തരം നാമമാത്ര കർഷകരുടേയും, കർഷകത്തൊഴിലാളികളുടേയും പട്ടികവർഗ്ഗക്കാരുടേയും സാമ്പത്തിക പുരോഗതിക്ക് അനുയോജ്യമായത്. ആട്ടിറച്ചിയുടെ വർദ്ധിച്ച ഡിമാന്റ്. തീറ്റയുടെ ലഭ്യതയും, സമൃദ്ധമായ പുൽമേടുകളും ആടുവളർത്തലിന് അനുകൂലഘടകങ്ങളാണ്. ജില്ലയിൽ കാണുന്ന മലബാറി ആടുകൾ നമ്മുടെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമാണ്.

*പന്നിവളർത്തൽ:-* ജില്ലയിൽ പന്നിവളർത്തലിന് ഏറെ സാധ്യതകൾ ഇടത്തരം വൻകിട കർഷകരുടേയും കുറിച്യർ, കുറുമർ, പോലുള്ള പട്ടികവർഗ്ഗക്കാരുടേയും സാമ്പത്തിക പുരോഗതിക്ക് അനുയോജ്യം. പന്നിയിറച്ചിക്ക് കേരളത്തിലും, കൂർഗിലും വമ്പിച്ച വിപണന സാധ്യത.

*മുയൽ വളർത്തൽ:-* എല്ലാത്തരം കൃഷിക്കാർക്കും വളർത്താൻ സാധ്യമായത്. മുയൽ മാംസത്തിന് വിപണനസാധ്യതയുണ്ട് മുയലിന്റെ രോമം, തൊലി, എന്നിവ ബാഗ് നിർമ്മാണത്തിനും മറ്റും ഉപയോഗപ്പെടുത്താം.

## പോരായ്മകൾ

### ക്ഷീര മേഖല

1. പാലിന്റെ വിലക്കുറവ് :-ഉൽപ്പാദനച്ചെലവിന്റെ ദൈനംദിന വർദ്ധനവിനനുസൃതമായി ക്ഷീര കർഷകർക്ക് തൃപ്തികരമായ വില ലഭിക്കുന്നില്ല.

2. അനുയോജ്യമായ ജനുസ്സുകളുടെ പ്രോൽസാഹനമില്ലായ്മ :-വയനാട് ജില്ലയ്ക്ക് ഏറ്റവും അനുയോജ്യമായ ജനുസ്സിനെ (ജേഴ്സി) വേണ്ടവിധം പ്രോൽസാഹിപ്പിക്കുന്നില്ല. ജില്ലയിൽ സ്വിസ് ബ്രൗൺ, ഹോൾസ്റ്റെയിൻ ഫ്രീഷിയൻ തുടങ്ങിയ ഇനങ്ങളെ കൂടുതലായി പ്രോൽസാഹിപ്പിക്കുന്നു. കൂടാതെ ഇൻഡ്യയിലെ ഏറ്റവും മുന്തിയയിനം പാലുൽപ്പാദന വർഗ്ഗങ്ങളായ സഹിവാൾ പോലുള്ള ഇനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല ശരാശരി 8 ലിറ്റർ പാലിലധികം ഉൽപ്പാദനശേഷിയുള്ള നാടനിനങ്ങൾ നമുക്കുണ്ടെന്നുള്ളകാര്യം

ബന്ധപ്പെട്ടവർ വിസ്മരിക്കപ്പെടുന്നു. കേരളത്തിന്റെ തനത് കന്നുകാലിവർഗ്ഗമായ വെച്ചൂർ പശുക്കൾക്കും വേണ്ടത്ര പ്രോത്സാഹനവും പ്രചരണവും നൽകുന്നില്ല. കൂടാതെ ലോകത്തിലെ ഏറ്റവും മികച്ച പാലുൽപ്പാദന എരുമ വർഗ്ഗമായ "മുറ" ഇനങ്ങളുടെ സാധ്യതകളെക്കുറിച്ചു നാം ചിന്തിക്കുന്നില്ല.

3. പച്ചപ്പുല്ലിന്റെ അഭാവം :- ജില്ലയിൽ തീറ്റപ്പുൽകൃഷി വേണ്ടവിധം പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല. പലപ്പോഴും സുഭിക്ഷമായി പച്ചപ്പുല്ല് ലഭിക്കുന്നില്ലെന്നു മാത്രമല്ല ചിലപ്പോൾ പച്ചപ്പുല്ലിന് വളരെയേറെ ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. ഈ കാലയളവിൽ വൈക്കോലാണ് പ്രധാന പരുഷാഹാരം. ഇക്കാരണത്താൽ വേനൽക്കാലത്ത് പാലുൽപ്പാദനച്ചെലവ് ഗണ്യമായി വർദ്ധിക്കുന്നു. കൂടാതെ മേൽ കാലയളവിൽ കാലികളിൽ പോഷകാഹാരക്കുറവ്, പാലുൽപ്പാദനക്കുറവ്, ആരോഗ്യക്കുറവ്, ചെനപിടിക്കാനുള്ള കാലതാമസം തുടങ്ങിയവക്ക് കാരണമാകുന്നു.

4. ക്ഷീരോൽപ്പാദനത്തിന്റെ വർദ്ധിച്ച ചെലവ്:- തീറ്റപ്പുല്ല് ഒഴികെയുള്ള ഗുരുത്വാഹാരങ്ങളുടെയും വൈക്കോൽ തുടങ്ങിയ പരുഷാഹാരങ്ങളുടേയും ക്രമാതീതമായ വിലവർദ്ധനവ്, ക്ഷീര മേഖലയെ ദോഷകരമായി ബാധിക്കുന്നു.

5. പുൽകൃഷി ജലസേചന സൗകര്യക്കുറവ് :- തീറ്റപ്പുൽകൃഷിക്കാവശ്യമായ ജനസേചന സൗകര്യങ്ങൾ വയനാട്ടിൽ വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. തീറ്റപ്പുൽ കൃഷിയുടെ പ്രാധാന്യം വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നുമില്ല.

6. ശാസ്ത്രീയമായ കന്നുകാലിത്തൊഴുത്തുകളുടെ അഭാവം:- പശുവളർത്തലിന്റെ പരമപ്രധാന അടിസ്ഥാന സൗകര്യമായ ശാസ്ത്രീയ രീതിയിലുള്ള കന്നു കാലിത്തൊഴുത്തുക്കളുടെ അഭാവം ഈ രംഗത്തെ വലിയ ന്യൂനതയാണ്. കാലികളുടെ ആരോഗ്യം, പാലിന്റെ ഗുണനിലവാരം, അണുനിലവാരം എന്നിവയെ ഇത് ദോഷകരമായി ബാധിക്കുന്നു. ശാസ്ത്രീയമായ പരിപാലന മുറകൾ കർഷകരുടെ ഇടയിൽ സാർവ്വത്രികമല്ലാത്തതുമൂലം പശുക്കൃഷി ആദായകരമാക്കാൻ ക്ഷീര കർഷകർക്ക് സാധിക്കുന്നില്ല.

7. മൃഗ സംരക്ഷണ സൗകര്യക്കുറവ് :- കൃത്രിമ ബീജാധാനം, മൃഗചികിൽസ എന്നിവക്കുള്ള കേന്ദ്രങ്ങൾ ദൂരസ്ഥലങ്ങളിലായതിനാൽ പാഴ്ച്ചെലവുകൾ കൂടുന്നു, കൃത്രിമ ബീജാധാന സൗകര്യക്കുറവ് ചെനപിടിക്കാത്ത അവസ്ഥ, ചെനപിടിക്കാനുള്ള കാലതാമസം, അവശ്യം വേണ്ട മരുന്നുകൾ മൃഗാശുപത്രികളിൽ ലഭ്യമല്ലാത്തത്, അകിടുവീക്കം, കുളമ്പുരോഗം തുടങ്ങിയ സാംക്രമിക രോഗങ്ങൾ, കാര്യക്ഷമവും ജനകീയവുമല്ലാത്ത രോഗപ്രതിരോധ നടപടികൾ തുടങ്ങിയവ ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

8. കന്നുകുട്ടികളുടേയും കിടാരികളുടേയും അശാസ്ത്രീയമായ പരിപാലന രീതികൾ :- ശാസ്ത്രീയമായ പരിപാലന മുറകൾ അനുവർത്തിക്കാത്തതിനാൽ കന്നുകുട്ടികളുടേയും കിടാരികളുടേയും ഉൽപാദന ശേഷിയിലെ പ്രാപ്തിക്കുറവുകൾ ഈ മേഖലയിലെ സാമ്പത്തിക നേട്ടങ്ങളെ ഇല്ലായ്മചെയ്യുന്നു.

9. ദ്വിമുഖ വിലനിർണ്ണയ സമ്പ്രദായത്തോടുള്ള കർഷകരുടെ മനോഭാവം:- കർഷകന് തന്റേതല്ലാത്ത കുറ്റംകൊണ്ട് പാൽവിലയിൽ കുറവുവരുത്തുന്ന ദ്വിമുഖവില നിർണ്ണയരീതി പരിഷ്കരിക്കപ്പെടാത്തത് കർഷകരുടെ അതൃപ്തിക്ക് കാരണമാകുന്നു. വിദേശരാജ്യങ്ങളിൽ സ്വീകരിച്ചിട്ടുള്ളതുപോലെ കൊഴുപ്പ്, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനുപകരം പാലിന്റെ അണുനിലവാരത്തിന് പ്രാധാന്യം നൽകണം.

10. കാലഹരണപ്പെട്ട പി.എഫ്.എ. നിയമം:- 1954 ലെ മായം ചേർക്കൽ നിരോധന നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്താത്തത് ക്ഷീരമേഖലയെ വളരെയേറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. നാടൻ കാലികൾ മാത്രം ഉണ്ടായിരുന്ന സമയത്ത് രൂപീകരിച്ച നിയമം തന്നെ സങ്കരവർഗം പശുക്കൾ വ്യാപകമായപ്പോഴും നടപ്പിലാക്കുന്നു. ഇതുമൂലം നിരപരാധികളായ തൊഴിലാളികളും, ക്ഷീരകർഷകരും പീഡിപ്പിക്കപ്പെടുന്നു.

11. ഗുരുത്വാഹാരങ്ങളുടെ ഗുണനിലവാരക്കുറവ്:- പാലിന് ഗുണനിലവാരം നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഗുരുത്വാഹാരങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കപ്പെട്ടിട്ടില്ല.

12. ക്ഷീരമേഖലയിൽ സമഗ്രവും, ശാസ്ത്രീയവുമായ ഒരു വികസനതന്ത്രത്തിന്റെ അഭാവം:- ക്ഷീര മേഖലയിൽ സമഗ്രവും ശാസ്ത്രീയവുമായ ഒരു വികസന തന്ത്രം രൂപപ്പെടുത്താത്തത് ഈ മേഖലയിലെ വികസന പ്രക്രിയയെ തടസ്സപ്പെടുത്തുന്നു.

13. വിവിധ ഏജൻസികളുടെ ഏകോപനമില്ലായ്മ:- വിവിധ ഏജൻസികളുടെ പ്രവർത്തനത്തിൽ ഏകോപനമില്ലാത്തതുമൂലം പരസ്പരബന്ധമില്ലാത്ത വികലമായ വികസനമാണ് ഈ മേഖലയിൽ ഇന്നുള്ളത്.

14. ക്ഷീര സംഘങ്ങളുടെ സമീപന വൈകല്യങ്ങൾ:- ക്ഷീരസംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച കർഷകരുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.

എ) ജീവനക്കാരുടെ തെറ്റായ സമീപനം 47%
ബി) മാനേജ്മെന്റിന്റെ കാര്യക്ഷമതക്കുറവ് 18%
സി) ക്ഷീര സംഘങ്ങളുടെ കണക്കുകളിൽ വിശ്വാസമില്ലായ്മ 43%
ഡി) പാൽവില നിർണ്ണയത്തിൽ ഉൽപ്പാദകരുടെ വിശ്വാസക്കുറവ് 94%
ഇ) പാൽ അളവ് തൃപ്തികരമല്ല 42%

15. വിവിധ ഏജൻസികളുടെ ആത്മാർത്ഥതക്കുറവ്:- വിവിധ ഏജൻസികളിലെ ഭൂരിപക്ഷം ജീവനക്കാരും പ്രതിനിധികളും അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നില്ല.

16. പാലുൽപ്പാദനത്തിലെ ഏറ്റക്കുറച്ചിൽ:- വേനൽക്കാല - വർഷക്കാലങ്ങളിലെ പാൽ ഉൽപ്പാദനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ക്ഷീര മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

17. പാൽവിലയുടെ ഏറ്റക്കുറച്ചിൽ :- കർഷകന്റെ വരുമാനടിസ്ഥാനത്തിൽ നോക്കുമ്പോൾ വേനൽക്കാലത്ത് പാൽവില പൂർണ്ണമായി ലഭിക്കുന്നുണ്ടെങ്കിലും വർഷക്കാലത്ത് പാൽവില കുറയുന്നു. വേനൽക്കാലത്ത് നാമമാത്രമായ അധിക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ഇത് വളരെ അപര്യാപ്തമാണ്.

18. വർധിച്ചുവരുന്ന കാലിരോഗങ്ങൾ:- പശുക്കളിലെ വർദ്ധിച്ചുവരുന്ന രോഗങ്ങൾ ഈ മേഖലയെ ദോഷകരമായി ബാധിക്കുന്നു.

19. ത്രിതല പഞ്ചായത്തു പദ്ധതികളിൽ വേണ്ടത്ര പ്രോത്സാഹനം ഇല്ല:- അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വാർഷിക പദ്ധതികളിൽ ക്ഷീര മേഖലയ്ക്ക് അർഹമായ പ്രോൽസാഹനം ലഭിക്കുന്നില്ല.

20. ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നതിൽ പുതുതലമുറയുടെ വൈമുഖ്യം:- പുതിയ തലമുറ ഈ രംഗത്തേക്ക് കൂടുതലായി കടന്നുവരുന്നില്ല.

21. ഗവേഷണങ്ങളുടെ പോരായ്മ:- കാർഷിക വാഴ്സിറ്റി, വെറ്റിനറി കോളേജ്, വിവിധ സർക്കാർ - അർദ്ധ സർക്കാർ-സഹകരണ സ്ഥാപനങ്ങൾ എന്നിവ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ക്ഷീര മേഖലയിൽ കാര്യമായ പഠന-ഗവേഷണങ്ങൾ നടത്തുന്നില്ല. പച്ചിലകൾ, കാർഷികാവാശിഷ്ടങ്ങൾ മറ്റു പ്രകൃതിദത്ത സ്രോതസ്സുകൾ എന്നിവ വിനിയോഗിക്കപ്പെടുന്നില്ല.

22. പാൽ സംഭരണത്തിലെ അപാകത:- സംഭരണ സമയത്തിലെ അശാസ്ത്രീയതമൂലം പാലിന്റെ ഗുണനിലാവരം കുറയുന്നു. ഇതുമൂലം ലഭിക്കുന്ന പാലിന്റെ അളവിലും കുറവു സംഭവിക്കുന്നു.

23. മൃഗാശുപത്രികളുടെ പ്രവർത്തന സമയം:- നിലവിലുള്ള പ്രവർത്തന സമയംതീർത്തും അപര്യാപ്തമാണ്. പകൽ മുഴുവൻ സമയമെങ്കിലും പ്രവർത്തിക്കണം.

24. വ്യാവസായിക സാധ്യതകൾ ചൂഷണം ചെയ്യപ്പെടുന്നില്ല :- ആധുനിക പാൽ സംസ്കരണം, പാലുൽപ്പന്ന നിർമ്മാണം, മാംസ സംസ്കരണം തുടങ്ങിയ മേഖലകളിൽ അതി വിപുലമായ തൊഴിൽ സാധ്യതയാണുള്ളത്. അസംസ്കൃത സാധനങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ സിംഹഭാഗവും സാങ്കേതീകേതര തൊഴിലവസരങ്ങളായതിനാൽ പട്ടികവർഗ്ഗക്കാർക്കുപ്പോലും അനേകം തൊഴിലവസരങ്ങൾ പ്രായോഗികമായി കണ്ടെത്താൻ കഴിയും. ബ്രഹ്മഗിരി പ്രോജക്ടിൽ മേൽപറഞ്ഞ മുഴുവൻ ഘടകങ്ങളും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ താൽപ്പര്യക്കുറവ് കാരണം പരിപാടികൾ പ്രാവർത്തികമാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

25. പട്ടികവർഗ്ഗക്കാരുടെ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നില്ല:- പട്ടികവർഗ്ഗക്കാരുടെ സാംസ്കാരികവും പൈതൃകവുമായ സാങ്കേതികേതര തൊഴിലവസരമെന്ന് നിലയിൽ ക്ഷീരവികസ മേഖലയ്ക്ക് വൻ തൊഴിൽ സാധ്യതയുണ്ടെങ്കിലും ഉന്നത ഉദ്യോഗസ്ഥരുടെ താൽപ്പര്യക്കുറവ്, വിവിധ വകുപ്പുകളുടെ അനൈക്യം, ത്രിതല പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകാത്തത് ഇത്യാദി കാരണങ്ങളാൽ പ്രസ്തുത തൊഴില വസരങ്ങൾ പാഴായിപ്പോകുന്നു.

26. പാരമ്പര്യേതര ഊർജ്ജോൽപ്പാദനം അവഗണിക്കപ്പെടുന്നു:- ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം വഴി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ അനന്ത സാധ്യതകൾ ചൂഷണം ചെയ്യപ്പെടുന്നില്ലെന്നു മാത്രമല്ല പ്രസ്തുത പരിപാടിയിലൂടെ ചാണകത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനോ, മണ്ണിരകമ്പോസ്റ്റ് നിർമ്മിക്കുന്നതിനോ കഴിയുന്നുമില്ല. ഇക്കാര്യത്തിൽ ക്ഷീരകർഷകരുടെ അവബോധക്കുറവും, ബാങ്കുകളുടെ നിഷേധാത്മക നിലപാടുമാണുള്ളത്. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കാലിത്തൊഴുത്ത് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് വനിതകൾക്ക് പരിശീലനം നൽകി വനിതാ മെയ്സൺമാരുടെ ഒരു സന്നദ്ധസേന രൂപീകരിക്കാവുന്നതാണ്.

27. ദരിദ്രവിഭാഗങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളെ ഫലപ്രദമായി നേരിടാൻ കഴിയുന്നില്ല. വയനാട്ടിലെ ദരിദ്രരുടെ, വിശിഷ്യാ പട്ടികവർഗ്ഗക്കാരുടെ ഇടയിൽ പട്ടിണിമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. പാൽ ഒരു സമ്പൂർണ്ണാഹാരമെന്നിരിക്കെ ഇക്കൂട്ടരുടെ പോഷകാഹാരകുറവ് പരിഹരിക്കപ്പെടാമെങ്കിലും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കപ്പെട്ടിട്ടില്ല. പാലിലടങ്ങിയിരിക്കുന്ന ലാക്ടോസ് മസ്തിഷ്ക്ക വളർച്ചയെ ത്വരിതപ്പെടുത്തുന്നതാകയാൽ അംഗൻവാടി - ബാലവാടി കുട്ടികൾക്ക് പാൽ വിതരണം ചെയ്യാൻ കഴിയുന്നതാണ്. ഇത്തരത്തിലൊരു നയസമീപനം കൈക്കൊള്ളുന്ന പക്ഷം ആരോഗ്യമേഖല പരിപുഷ്ടിപ്പെടുമെന്നു മാത്രമല്ല പാലിന്റെ സർപ്ലസ് പ്രശ്നം പരിഹരിക്കപ്പെടുന്നതുമാണ്. ത്രിതല പഞ്ചായത്തുകൾപ്പോലും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല.

28. ജൈവ പാലുൽപ്പാദനം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല:- അന്താരാഷ്ട്ര ഗുണ നിലവാരമുള്ളതും ജൈവ രീതിയിലുള്ളതുമായ പാലുൽപ്പാദനത്തിന് വയനാട് അനുയോജ്യമാണെങ്കിലും ഇക്കാര്യത്തിൽ തെല്ലും ശ്രദ്ധപതിപ്പിക്കുന്നില്ല. ആഗോള വൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര ഗുണനിലവാരമുള്ള പാലുൽപ്പാദനം അനിവാര്യമാണെങ്കിൽ കൂടി ഇക്കാര്യം അധികൃതർ ഗൗരവപൂർവ്വം ചിന്തിക്കുന്നില്ല.

29. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല തെക്കേ ഇന്ത്യയിലെ ഒരു പ്രധാന മാർക്കറ്റാണ് കേരളമെങ്കിലും മൂല്യവർദ്ധിത പാലുൽപ്പന്നങ്ങളുടെ വിപണി നിയന്ത്രിക്കപ്പെടുന്നത് (ചീസ്, യോഗർട്ട്, മിൽക്ക് ചോക്കലേറ്റ്, സ്പെഷ്യലൈസ്ഡ് പാൽപ്പൊടികൾ മുതലായവ) ബാഹ്യശക്തികളാണ് ഗുണ നിലവാരമുള്ള പാലിൽനിന്നു മാത്രമേ സാങ്കേതിക മികവോടെ ഗുണനിലവാരമുള്ള

ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുകയുള്ളൂ. വയനാടിന്റെ കാലാവസ്ഥയും ഭൂപ്രകൃതിയും ഇക്കാര്യത്തിൽ വളരെയേറെ അനുയോജ്യമാണെങ്കിൽ കൂടി ഇത്തരത്തിലൊരു നീക്കം ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നില്ല. ബ്രഹ്മഗിരി പ്രോജക്ടിൽ ഇതിലൊരു നിർദ്ദേശം ഉണ്ടായിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

### II മൃഗസംരക്ഷണ മേഖല

ആടുവളർത്തൽ:- നല്ലയിനം മലബാറി ആടുകളുടെ ലഭ്യതക്കുറവ്. കൂടുതൽ വളർച്ചയുള്ള വിദേശവർഗ്ഗ ആടുകളുടെ ലഭ്യതയില്ലായ്മ, ഇടത്തട്ടുകാരായ മാംസക്കച്ചവടക്കാരുടെ ചൂഷണം, അഴിച്ചുവിട്ട് മേയ്ക്കാനുള്ള സ്ഥല സൗകര്യക്കുറവ്, ചികിത്സയ്ക്കുള്ള മരുന്നുകളുടെ ലഭ്യതക്കുറവ്, ഗുരുത്വാഹാരം നൽകാനുള്ള കർഷകരുടെ വിമുഖത തുടങ്ങിയവയാണ് ആടുവളർത്തൽ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ.

പന്നിവളർത്തൽ:- പന്നിവളർത്തലിന് വേണ്ടത്ര പ്രോത്സാഹനമില്ലായ്മ, നല്ലയിനം പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, പന്നിത്തീറ്റയ്ക്കുള്ള ക്ഷാമം, സംഘടിത മാർക്കറ്റിംഗ് സംവിധാനത്തിന്റെ അഭാവം, പരിസ്ഥിതി പ്രശ്നങ്ങൾ, ഇടത്തട്ടുകാരുടെ ലാഭം തുടങ്ങിയവയാണ് പന്നിവളർത്തലിന്റെ പ്രധാന പ്രശ്നങ്ങൾ.

മുയൽവളർത്തൽ:- മുയൽവളർത്തലിന് വേണ്ടത്ര പ്രോത്സാഹനമില്ലായ്മ, നല്ലയിനം ജനുസ്സുകളുടെ ലഭ്യതക്കുറവ് മുയലിനെ കൊന്നുതിന്നുന്നതിലുള്ള മനുഷ്യരുടെ വിമുഖത സംഘടിത മാർക്കറ്റിംഗ് സംവിധാനത്തിന്റെ അഭാവം, സംസ്കരണ സൗകര്യമില്ലായ്മ, അനുബന്ധ വ്യവസായത്തിന്റെ അവബോധമില്ലായ്മ തുടങ്ങിയവയാണ് മുയൽ വളർത്തൽ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

| | ക്ഷീരമേഖലപ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| 1. | പാലിന്റെ വിലക്കുറവ്: | - പാലിന് ന്യായമായ വില ഉറപ്പാക്കുക<br>- ഉൽപ്പാദനച്ചിലവ് കുറക്കുക<br>- മൃഗസംരക്ഷണ സൗകര്യങ്ങൾ കുറ്റമറ്റതാക്കുക<br>- കാലിവളർത്തൽ ശാസ്ത്രീയമാക്കുക<br>- ജൈവകാലിവളർത്തലിന് പ്രോത്സാഹനം നൽകുക. |
| 2. | അനുയോജ്യമായ ജനുസ്സിന് പ്രോൽസാഹനമില്ലായ്മ | - ജേഴ്സി ഇനങ്ങളെ പ്രോൽസാഹിപ്പിക്കുക<br>- അത്യുൽപ്പാദനശേഷിയുള്ള സഹിവാൾ പോലുള്ള നാടനിനങ്ങളെ പ്രോത്സാഹിപ്പിക്കുക.<br>- എരുമ വളർത്തൽ പ്രോൽസാഹിപ്പിക്കുക.<br>- വെച്ചൂർ പശുക്കളുടെ പ്രോത്സാഹനവും വ്യാപനവും. |
| 3. | പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവ്: | - കൃഷിയിടങ്ങളിൽ ചോളം, പയർ തുടങ്ങിയ ഹ്രസ്വകാല തീറ്റപ്പുൽ കൃഷികൾ പ്രോത്സാഹിപ്പിക്കുക.<br>- സാധ്യമായ ഇടങ്ങളിലെല്ലാം സങ്കരനേപ്പിയർ, ഗിനി, കോംഗോ സിഗ്നൽ തുടങ്ങിയ ദീർഘകാല തീറ്റപ്പുൽ വിളകൾ കൃഷി ചെയ്യുക.<br>- കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന ജൈവ വേലികളും വൃക്ഷവിളകളും പരമാവധി കൃഷി ചെയ്യുക.<br>- പുൽകൃഷി ജലസേചന സൗകര്യം കാര്യക്ഷമമാക്കുക.<br>- വേനൽക്കാലത്തേക്ക് പച്ചപ്പുല്ല് സംസ്കരിച്ച് സൂക്ഷിച്ചുവെക്കുക. |

| | | |
|---|---|---|
| | | - തരിശുഭൂമികളിലും മറ്റും പുൽകൃഷി നടത്തുവാൻ സംഘങ്ങളെയും സംഘടനകളെയും പ്രോൽസാഹിപ്പിക്കുക.<br>- വൈക്കോലിൽ യൂറിയ ചേർത്ത് സമ്പുഷ്ടീകരിക്കുക.<br>- അസോളകൃഷി പ്രോത്സാഹിപ്പിക്കുക. |
| 4. | ക്ഷീരോൽപ്പാദനത്തിലെ വർദ്ധിച്ച ചെലവ്: | - തീറ്റ ചെലവ് കുറയ്ക്കുക<br>- കാർഷിക മേഖലയിലെ ഉപോൽപ്പന്നങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക.<br>- ചെറുകിട ഡയറി ഫാമുകൾ സ്ഥാപിക്കുക. |
| 5. | പാൽ സംഭരണ സമയത്തിന്റെ ഏറ്റക്കുറച്ചിൽ | - പാൽ സം രണ സമയം ക്രമീകരിക്കുക.<br>സംഭരണം 12 മണിക്കൂർ ഇടവിട്ടാക്കുക.<br>- സംഘങ്ങളിൽ പാൽ സൂക്ഷിച്ചുവെക്കുന്നതിനുള്ള ശീതികരണ സൗകര്യങ്ങൾ ഓർപ്പെടുത്തുക. |
| 8. | ശാസ്ത്രീയ കന്നുകാലിത്തൊഴുത്തിന്റെ അഭാവം | - വരുമാനപരിധി നോക്കാതെ കൂടുതൽ ശാസ്ത്രീയത്തിന്റെ അഭാവമായ കാലിത്തൊഴുത്ത് നിർമ്മാണത്തിന് സർവ്വവിധ പ്രോൽസാഹനവും നൽകുക. |
| 9. | ത്രിതല പഞ്ചായത്തുകൾ വഴി ക്ഷീരമേഖലയ്ക്ക് വേണ്ടത്ര പ്രോത്സാഹനമില്ല | - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ക്ഷീര വികസനം വേണ്ടത്ര കാര്യക്ഷമമല്ല. വിഭവ ലഭ്യത എന്നിവ പരിഗണിച്ച് ശാസ്ത്രീയമായി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. |
| 10. | ശാസ്ത്രീയ കാലിവളർത്തലിന്റെ അഭാവം | - കൂടുതൽ കാര്യക്ഷമമായ ബോധവൽക്കരണം.<br>- ശാസ്ത്രീയ കാലിവളർത്തലിന് പ്രോൽസാഹനവും പരിശീലനവും നൽകുക<br>- വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടേയും ബ്രഹ്മഗിരി ഫസിലിറ്റേറ്ററുമാരുടേയും സേവനം വിനിയോഗിക്കുക. |
| 11. | മൃഗസംരക്ഷണ സൗകര്യക്കുറവ്: | - കർഷകവനങ്ങളിൽ കൃത്രിമ ബീജധാനവും, മൃഗ ചികിൽസയും, രോഗപ്രതിരോധ നടപടികളും ഏർപ്പെടുത്തുക.<br>- മൃഗ ചികിൽസാ ചിലവ് കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>- മൃഗചികിൽസയിൽ ആയുർവേദം, ഹോമിയോ, നാട്ടുവൈദ്യം എന്നീ ചികിൽസാവിധികൾ പ്രോൽസാഹിപ്പിക്കുക.<br>- കുത്തിവെയ്പു കേന്ദ്രങ്ങളുടേയും മൃഗാശുപത്രികളുടേയും പ്രവർത്തന സമയം പകൽ മുഴുവനാക്കുക. |
| 12. | അശാസ്ത്രീയമായ കന്നുകുട്ടി-കിടാരി പരിപാലനം | - കൂടുതൽ കാര്യക്ഷമമായ ബോധവൽക്കരണം<br>- ശാസ്ത്രീയ കന്നുകുട്ടി-/കിടാരി വളർത്തലിന് പ്രോൽസാഹനം.<br>- വാണിജ്യാടിസ്ഥാനത്തിൽ കന്നുകുട്ടി<br>- കിടാരി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക. |
| 13. | ദ്വിമുഖ വിലനിർണ്ണയ രീതിയോടുള്ള കർഷകരുടെ മനോഭാവം | - ആളുകൾക്ക് കൂടുതൽ സ്വീകാര്യമായ പാൽ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുക.<br>- അണുനിലവാരം കൂടി കണക്കിലെടുത്തുകൊണ്ടുള്ള പാൽ വില നിർണ്ണയരീതി നടപ്പിലാക്കുക. |

| | | |
|---|---|---|
| 14. | കാലഹരണപ്പെട്ട പി.എഫ്.എ നിയമം | - കാലാനുസൃതമായി പി.എഫ്.എ നിയമത്തിൽ മാറ്റം വരുത്തുക. |
| 15. | ഗുരുത്വാഹാരങ്ങളുടെ ഗുണനിലവാരം | - ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ആവശ്യമായ നിയമ നിർമ്മാണം നടത്തുക.<br>- ഗുരുത്വാഹാര പരിശോധനാ സൗകര്യങ്ങൾ ജില്ല അടിസ്ഥാനത്തിൽ ഏർപ്പെടുത്തുക. |
| 16. | ക്ഷീര മേഖലയിലെ സമഗ്രവും, ശാസ്ത്രീയവുമായ വികസന തന്ത്രത്തിന്റെ അഭാവം- | - സമഗ്രവും ശാസ്ത്രീയവും സുസ്ഥിരവുമായ ഒരു വികസന തന്ത്രം ആവിഷ്കരിക്കുക. |
| 17. | വിവിധ ഏജൻസികളുടെ ഏകോപനമില്ലായ്മ | - വിവിധ ഏജൻസികളുടെ ത്രിതല ഏകോപനം |
| 18. | പ്രാദേശിക ഗവേഷണത്തിന്റെ അഭാവം | - പ്രാദേശിക അടിസ്ഥാനത്തിൽ ക്ഷീര മേഖലയിൽ ഗവേഷണ സൗകര്യം ഏർപ്പെടുത്തുക. |
| 19. | കാർഷിക മേഖലയിലെ ജൈവവള | - കാർഷികാവശിഷ്ടങ്ങളും, പച്ചിലകളും ഉപയോഗിക്കുക |
| | വിനിയോഗത്തിന്റെ അഭാവം | - കാലിവളവും ഗോമൂത്രവും കമ്പോസ്റ്റും ഉപയോഗപ്പെടുത്തുക. |
| 20. | വ്യവസായിക സംരംഭങ്ങൾ പ്രത്സാഹിപ്പിക്കപ്പെടുന്നില്ല | - പാൽ സംസ്കരണം, മാംസ സംസ്കരണം തുടങ്ങിയ മേഖലകളിലെ വ്യാവസായിക സാധ്യതകൾ ചൂഷണം ചെയ്യുക.<br>- പന്നി വളർത്തൽ, ആടുവളർത്തൽ, മൂരിക്കുട്ടന്മാരെ വളർത്തൽ തുടങ്ങിയവ പ്രത്സാഹിപ്പിക്കുക. |
| 22. | പാൽ ഉൽപ്പാദനത്തിലെ ഏറ്റക്കുറച്ചിൽ: | - വേനൽക്കാലത്ത് കാലിത്തീറ്റക്ക് ധന സഹായം നൽകി കാലികളുടെ പോഷകാഹാരകുറവ് പരിഹരിക്കുക<br>- വേനൽക്കാലത്ത് കൂടുതൽ പശുക്കളെ പ്രസവിപ്പിക്കുക. |
| 23. | ശാസ്ത്രീയ കാലിവളർത്തലിൽ മായ ബോധവത്കരണത്തിന്റെ അഭാവം | - ശാസ്ത്രിയ കാലിവളർത്തലിൽ സമഗ്ര ബോധവത്കരണവും പ്രായോഗിക പരിശീലനവും നൽകുക. |
| 25. | ക്ഷീരമേഖലയിലേക്ക് പുതു തലമുറ കടന്നുവരുന്നില്ല | - പശുവളർത്തൽ ആകർഷകമാക്കുക<br>- വാണിജ്യാടിസ്ഥാനത്തിൽ പശു വളർത്തൽ പ്രോൽസാഹിപ്പിക്കുക<br>- കാലി വളർത്തൽ മേഖലയിൽ പെൻഷൻ, ഗ്രാറ്റിവിറ്റി തുടങ്ങിയവ ഉൾപ്പെടുത്തി മാന്യമായ തൊഴിൽ അവസരമൊരുക്കുക<br>- യുവജന സംഘടനകൾ ക്ഷീര മേഖലയിൽ കൂടുതൽ ശ്രദ്ധിക്കുക<br>- പാഠ്യവിഷയങ്ങളിൽ ക്ഷീരമേഖലക്ക് പ്രാധാന്യം നൽകുക |
| 26. | ജൈവ രീതിയിലുള്ള പാലുൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നില്ല | - ജൈവ രീതിയിലുള്ള പാലുൽപ്പാദനം ആരോഗ്യ മേഖലയെ കൂടുതൽ സമ്പുഷ്ടമാക്കയാൽ ഇക്കാര്യത്തിൽ പുരോഗമന ക്ഷീരകർഷകർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകണം. |

| | | | |
|---|---|---|---|
| 27. | ജൈവ വളങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നില്ല | - | ചാണകം, ഗോമൂത്രം തുടങ്ങിയ ജൈവ വളങ്ങൾ കൃഷിയ്ക്ക് പരമാവധി ഉപയുക്തമാക്കണം. |
| | | - | ബയോഗ്യാസ് പ്ലാന്റുകളിൽ നിന്നും ബഹിർഗമിക്കുന്ന സ്ലറി പരമാവധി ഉപയോഗപ്പെടുത്തണം. |
| | | - | ചാണകം ഉപയോഗിച്ചുള്ള മണ്ണിര കമ്പോസ്റ്റിന് കൂടുതൽ പ്രാധാന്യം നൽകണം. |

## III മൃഗസംരക്ഷണ മേഖല

ആടുവളർത്തൽ:-

| | | |
|---|---|---|
| നല്ലയിനം മലബാറി ആടുകളുടെ ലഭ്യതക്കുറവ് | - | നല്ലയിനം മലബാറി ആടുകളുടെ ലഭ്യത ഉറപ്പുവരുത്തുക. |
| | - | നല്ലയിനം മുട്ടനാടുകളെ വിതരണം ചെയ്യുക |
| | - | ചെറുകിട ആടുഫാമുകളുടെ പ്രോത്സാഹനം. |
| കൂടുതൽ വളർച്ചയുള്ളതും അനുയോജ്യവുമായ വിദേശ വർഗ്ഗ ജനുസ്സുകളുടെ പ്രോത്സാഹനമില്ലായ്മ | - | ബോയർ ആടുകൾ പോലുള്ള വിദേശ-വർഗ്ഗ ആടുകളുടെ ലഭ്യത ഉറപ്പാക്കുക. |
| | - | ഇവയുടെ വളർത്തലിൽ കർഷകർക്കും, പ്രൊഫഷണലുകൾക്കും പ്രത്യേക പരിശീലനം നൽകുക. |
| | - | ബ്രീഡിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുക. |
| ഇടത്തട്ടുകാരായ മാംസക്കച്ചവടക്കാരുടെ ചൂഷണം | - | സംഘടിത മേഖലയിൽ ആടുകളെ ശേഖരിച്ച് ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് സംസ്കരിച്ച് വിപണനം നടത്തുക. |
| | - | മാംസോല്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും |
| അഴിച്ചുവിട്ട് തീറ്റാനുള്ള സൗകര്യക്കുറവ് | - | വൃക്ഷയിലകളുടെ ലഭ്യത വർദ്ധിപ്പിക്കുക. |
| | - | വൃക്ഷയിലകൾ ഉപയോഗപ്പെടുത്തുക. |
| | - | തീറ്റപുൽകൃഷി വ്യാപിപ്പിക്കുക. |
| | - | കമ്പോളകൃഷി വ്യാപിപ്പിക്കുക |
| ചികിത്സയ്ക്കുള്ള മരുന്നുകളുടെ ലഭ്യതക്കുറവ് | - | മൃഗാശുപത്രികളിലൂടെ ചികിത്സയ്ക്കുള്ള മുഴുവൻ മരുന്നുകൾ ലഭ്യമാക്കുക. |
| ഗുരുത്വാഹാരം നൽകാനുള്ള കർഷകരുടെ വിമുഖത | - | കാര്യക്ഷമമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. |
| | - | സർക്കാരിതര സഹകരണ സ്ഥാപനങ്ങളുടേയുടെയും സന്നദ്ധ സംഘടനകളുടേയും സേവനം വിനിയോഗിക്കുക. |

*പന്നിവളർത്തൽ:-*

| | | |
|---|---|---|
| പന്നിവളർത്തലിൽ വേണ്ടത്ര പ്രോത്സാഹനമില്ല | - | പന്നിവളർത്തലിന് വേണ്ടത്ര പ്രോത്സാഹനം നൽകുക |
| നല്ലയിനം പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് | - | ജില്ലാടിസ്ഥാനത്തിൽ നല്ലയിനം പന്നിക്കുഞ്ഞുങ്ങളുടെ പ്രജനന യൂണിറ്റ് സ്ഥാപിക്കുക. |

| | |
|---|---|
| | - കൊഴുപ്പ് ഇല്ലാത്തയിനം പന്നിക്കുഞ്ഞു-ങ്ങളുടെ (ഉദാ:ഗിനിപ്പന്നി)ലഭ്യത ഉറപ്പുവരുത്തുക. |
| പന്നിത്തീറ്റയ്ക്കുള്ള ക്ഷാമം | - ഹോട്ടൽവെയ്സ്റ്റ്, മാംസാവശിഷ്ടങ്ങൾ, ഗാർഹികവെയ്സ്റ്റ് തുങ്ങിയവ പരമാവധി ഉപയോഗപ്പെടുത്തുക. പന്നിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുക. (ഉദാ: മാംസസംസ്കരണ യൂണിറ്റിലെ ചോരയും തവിടും ചേർത്ത മിശ്രിതം) |
| | - കമ്പോളകൃഷി വ്യാപിപ്പിക്കുക. |
| പാരിസ്ഥിതിക പ്രശ്നങ്ങൾ | - ശാസ്ത്രീയമായ പന്നിക്കൂടുകൾ നിർമ്മിക്കുക. ജലലഭ്യത ഉറപ്പുവരുത്തുക. |
| | - ശാസ്ത്രീയ പന്നിവളർത്തലിൽ പരിശീലനം നൽകുക. |
| | - ബയോഗ്യാസ് പ്ലാന്റുകളിൽ പന്നിക്കാഷ്ടം ഉപയോഗപ്പെടുത്തുക. |

*മുയൽവളർത്തൽ:-*

| | |
|---|---|
| മുയൽവളർത്തലിന് വേണ്ടത്ര | - വാണിജ്യാടിസ്ഥാനത്തിൽ മുയൽ പ്രോത്സാഹനമില്ല വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക. ഇതിനുവേണ്ട പ്രോത്സാഹനവും വായ്പയും ധനസഹായവും നൽകുക. |
| നല്ലയിനം ജനുസ്സുകളുടെ ലഭ്യതക്കുറവ് | - നല്ലയിനം ജനുസ്സുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിലെ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുക. |
| മുയലിനെ കൊന്നുതിന്നുന്നതിനുള്ള വിമുഖത | - സംസ്കരണയൂണിറ്റ് സംഘടിത മേഖലയിൽ സ്ഥാപിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള വിപണന സാധ്യത പരമാവധി ചൂഷണം ചെയ്യുക. |
| അനുബന്ധ വ്യവസായം പ്രോത്സാഹിപ്പിക്കുന്നില്ല | - മുയലിന്റെ തോൽ, രോമം എന്നിവ ഉപയോഗപ്പെടുത്തി ആകർഷകങ്ങളായ ബാഗുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിലുള്ള പരിശീലനം നൽകുക. |
| | - ഇതിനുള്ള സാമ്പത്തിക സഹായങ്ങളും വായ്പയും ലഭ്യമാക്കുക. |

## ഭീഷണികൾ

**ക്ഷീരമേഖല നേരിടുന്ന പ്രധാന ഭീഷണികൾ ചുവടെ ചേർക്കുന്നു.**

1. വർദ്ധിച്ചുവരുന്ന സ്വകാര്യകച്ചവടക്കാർ :- ക്ഷീരവിപണിയുടെ 30% ൽ അധികം സ്വകാര്യ കച്ചവട രംഗം കയ്യടക്കിയിട്ടുണ്ട്. ഈ രംഗത്ത് വിതരണം ചെയ്യപ്പെടുന്ന പാലിന്റെ ഗുണനിലവാരം പ്രത്യേകം പഠനത്തിന് വിധേയമാക്കണം. ഈ വിധത്തിൽ സ്വകാര്യകച്ചവട തന്ത്രത്തെക്കുറിച്ച് കൂടുതൽ നിരീക്ഷണം നടത്തണം.

2. സംസ്ഥാനത്തിന്റെ പുറത്തുനിന്നും വരുന്ന പാലിന്റഗുണനിലവാരക്കുറവ് :- മാർക്കറ്റിലിറങ്ങുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ഫലപ്രദമായ സംവിധാനമില്ല. കൊഴുപ്പും, കൊഴുപ്പേതര ഖരപദാർത്ഥങ്ങളും അടങ്ങുന്നതിന്റെ അനുപാതത്തിലാണ് പാലിന്റെ ഗുണമേൻമ നിശ്ചയിക്കുന്നത്, എന്നാൽ നിശ്ചിത അണുനിലവാരമുള്ള ആരോഗ്യകരമായ ജൈവ ഉൽപ്പന്നം എന്ന അർത്ഥത്തിലാണ് വിദേശത്ത് പാലിന്റെ ഗുണം നിശ്ചയിക്കുന്നത്. പാലിൽ ചേർക്കുന്ന പ്രിസർവേറ്റീവ്സ്, അന്യപദാർത്ഥങ്ങൾ എന്നിവ കണ്ടെത്താൻ ജില്ലാടിസ്ഥാനത്തിലെങ്കിലും ശക്തമായ ലബോറട്ടറി സംവിധാനങ്ങൾ ഉണ്ടാക്കണം.

3. വർദ്ധിച്ചുവരുന്ന ചെലവുകൾ:- തീറ്റചിലവ്, സംഭരണ ചിലവ്, കൈകാര്യ ചെലവ്, ചികിൽസാ ചെലവ്, ക്ഷീര സംഘങ്ങളുടേയും മിൽമയുടേയും വർദ്ധിച്ചുവരുന്ന ഭരണച്ചെലവ് എന്നിവ ഈ മേഖല സമീപഭാവിയിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികളായി വിലയിരുത്തപ്പെടുന്നു. സംഭരണ വർദ്ധ വിനേക്കാൾ അഞ്ചിരട്ടി ഭരണചെലവ് വർദ്ധിച്ചതായി കണക്കാക്കുന്നു.

4. സംഘടിത മേഖലയുടെ സംഭരണവിപണന വിലകളിയെ ഭീമമായ അന്തരം:- സംഭരണ വിപണന വിലകളിലെ അന്തരംമൂലം കർഷകർക്ക് ന്യായവില ലഭിക്കുന്നില്ലെന്നു കാണാം. സംഭരണ വിപണന വിലകൾ തമ്മിൽ 37% വ്യത്യാസമാണ് നിലവിലുള്ളത്. കൂടാതെ സംഭരിച്ച പാൽ കൊഴുപ്പ് ക്രമീകരിച്ചാണ് വിപണിയിൽ എത്തിക്കുന്നത്. പാൽ സംഭരണ വിപണനത്തിലെ അന്തരം പരമാവധി കുറയ്ക്കണം.

5. പാൽ സംഭരണത്തിന് ക്വോട്ട:- മിൽമ ക്ഷീര സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലിന്റെ അളവിൽ ക്വോട്ട ഏർപ്പെടുത്തിയിട്ടുള്ളത് ക്ഷീരമേഖലയിലെ വികസന പ്രവർത്തനങ്ങൾക്കും, ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്കും, ക്ഷീരമേഖലയിലേക്ക് കടന്നുവരാൻ ഉദ്ദേശിക്കുന്ന തൊഴിലന്വേഷകർക്കും ഗുണകരമല്ലെന്ന് മാത്രമല്ല വികസന മേഖലയെ പിന്നിലേയ്ക്ക് തള്ളപ്പെടുന്നു.

6. പരമ്പരാഗത ക്ഷീരസംഘങ്ങളോടുള്ള മിൽമയുടെ സമീപന വൈകല്യം:- മിൽമയുടെ രൂപീകരണ് വളരെയേറെ കാലം മുൻപുതന്നെ നിലനിന്നിരുന്ന പരമ്പരാഗത ക്ഷീര സംഘങ്ങളോടുള്ള മിൽമയുടെ വിവേചനം ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് ക്ഷീരസംഘങ്ങളുടെ വൈവിധ്യം നഷ്ടപ്പെടുത്തുന്നതാകയാൽ ഈ മേഖലയിൽ ദൂരവ്യാപകമായ ബവിഷത്തുകളുണ്ടാക്കും.

# വയനാട് - ഏതാനും സ്ഥിതിവിവര കണക്കുകൾ

| | | | |
|---|---|---|---|
| 1. | വിസ്തീർണ്ണം | - | 212560 ഹെക്ടർ |
| 2. | വനം | - | 78787 ഹെക്ടർ |
| 3. | ഭൂമി-കാർഷികേതര ഉപയോഗം | - | 10600 ഹെക്ടർ |
| 4. | കൃഷിയോഗ്യമായ തരിശു ഭൂമി | - | 356 ഹെക്ടർ |
| 5. | സ്ഥിരമായ പുൽമേടുകൾ | - | 67 ഹെക്ടർ |
| 6. | വൃക്ഷവിളകൾ | - | 1033 ഹെക്ടർ |
| 7. | കൃഷിയോഗ്യവും ഉപയോഗമില്ലാത്തതുമായ (കൾട്ടിവബിൾ വേറ്റ്റ്റ്) ഭൂമി | - | 1872 ഹെക്ടർ |
| 8. | തരിശുഭൂമി (കറണ്ട് ഫാലോ) | - | 2564 ഹെക്ടർ |
| 9. | കൃഷിയിടങ്ങൾ (ടോട്ടൽ ക്രോപ്പ്ഡ് ഏരിയ) | - | 195070 ഹെക്ടർ |
| 10. | തൊഴിലാളികൾ (മെയിൻ വർക്കേഴ്സ്) | - | 227453 പേർ |
| 11. | കൃഷിക്കാർ (കൾട്ടിവേറ്റേഴ്സ്) | - | 40729 പേർ |
| 12. | കർഷകതൊഴിലാളികൾ | - | 74813 പേർ |
| 14. | വ്യവസായതൊഴിലാളികൾ (ഹൗസ് ഹോൾഡ് ഇൻഡസ്ട്രി വർക്കേഴ്സ്) | - | 1084 പേർ |
| 15. | മറ്റ് തൊഴിലാളികൾ | - | 110827 പേർ |
| 16. | വാർഷിക-വർഷപാതം | - | 3590 മി.മീറ്റർ |
| 17. | കന്നുകാലികൾ | - | 163510 എണ്ണം |
| 18. | എരുമകൾ | - | 10435 എണ്ണം |
| 19. | ആട് | - | 72518 എണ്ണം |
| 20. | പന്നി | - | 11799 എണ്ണം |
| 21. | കോഴി | - | 836502 എണ്ണം |
| 22. | താറാവ് | - | 9518 എണ്ണം |
| 23. | മുയൽ | - | 5521 എണ്ണം |
| 24. | തീറ്റപ്പുൽ ആവശ്യകത | - | 2.484 ലക്ഷം ടൺ |
| 25. | തീറ്റപ്പുല്ലുൽപ്പാദനം | - | 0.7473 ലക്ഷം ടൺ |
| 26. | തീറ്റപ്പുൽകൃഷിക്ക് ലഭ്യമാക്കേണ്ട സ്ഥലം | - | 28945 ഹെക്ടർ |
| 27. | ആളോഹരി പാൽ ലഭ്യത | - | 225 ഗ്രാം |
| 28. | ആളോഹരി മുട്ടയുടെ ലഭ്യത | - | 73 ഗ്രാം |

# അനുബന്ധം

## കാർഷിക വിപണനം - ( Agricultural Marketing )

വയനാട് ജില്ലയിൽ ആഭ്യന്തര ഉപയോഗത്തിനും, വിദേശത്തേക്ക് കയറ്റുമതി ചെയ്യാൻ പറ്റുന്നതുമായ ധാരാളം കാർഷിക ഉൽപ്പന്നങ്ങൾ കൃഷി ചെയ്തുവരുന്നുണ്ട്. ഇവയിൽ പ്രധാനം കുരുമുളക്, കാപ്പി, ഏലം, അടക്ക, നെല്ല്, നേന്ത്രവാഴ, ചേന, ഇഞ്ചി മുതലായവയാണ്. ഉൽപാദനത്തിന്റെ ഏറിയപങ്കും കയറ്റുമതി യോഗ്യമാണെങ്കിൽകൂടിയും ഇവയൊക്കെത്തന്നെ വേണ്ടരീതിയിൽ സംസ്കരിക്കുകയോ, മൂല്യവർദ്ധന നടത്തുകയോ ചെയ്യുന്നില്ല. ചുരുക്കം ചില വൻകിട കച്ചവടക്കാരുടെയും അവരുടെ കീഴിലുള്ള ധാരാളം ഇടത്തട്ടുകാരുടെയും നിയന്ത്രണത്തിലുള്ള ഇന്നത്തെ വിപണനരീതി ഗുണനിലവാരത്തിൽ യാതൊരുവിധ മാനദണ്ഡം പാലിക്കാതെയും അർഹമായ വില ഉൽപാദകന് ലഭിക്കാതെയും ഉള്ള അവസ്ഥയിലാണ്. മാറിയ അന്താരാഷ്ട്ര വിപണന സാഹചര്യങ്ങളിൽ, ഗുണപരവും, മൂല്യവർദ്ധിതവുമായ ഉൽപന്നങ്ങൾ ഉപഭോക്താവിന്റെ അഭിരുചിക്കനുസരിച്ച് വിപണനം നടത്താനുള്ള സാഹചര്യം ഉണ്ടായെങ്കിൽ മാത്രമേ കർഷകന് ഈ രംഗത്ത് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ

## കാർഷികവിപണന രംഗത്തെ സ്വാധീനിക്കുന്ന നൂതന പ്രവണതകൾ

### 1. ആഗോളവൽക്കരണം

- ഉത്പാദനം താരതമ്യേന ചിലവ്കുറഞ്ഞ അനുകൂല സാഹചര്യമുള്ള സ്ഥലത്തേക്ക് മാറുന്നതോടൊപ്പം അവിടങ്ങളിൽ വിപണനസാധ്യതയും വർധിക്കും.
- ഗുണനിലവാരവും ശുചിത്വവും നിർബന്ധിതമാവും

### 2. സാങ്കേതിക വിജ്ഞാന പുരോഗതി

- ഉത്പാദനത്തിലും സംസ്ക്കരണത്തിലും സംഭരണത്തിലും പുതിയ കണ്ടെത്തലുകൾ സ്വാധീനം ചെലുത്തും.
- ഇന്ന് നിലവിലുള്ള കൃഷിരീതികൾ, വിളകൾ, അഭിരുചികൾ എന്നിവ മാറ്റത്തിനു വിധേയമാകാം.

### 3. നിയന്ത്രണനിയമങ്ങളുടെ ദുർബലപ്പെടൽ

- സുതാര്യവും നിയന്ത്രണങ്ങൾ ഇല്ലാത്തതുമായ ആധുനികവിപണികൾ രൂപപ്പെടുകയും ആരോഗ്യപരമായ മൽസരം സംജാതമാവുകയും ചെയ്യും.
- ഉൽപ്പന്നങ്ങൾ യഥേഷ്ടം ലോകത്തിൽ എവിടെയും ക്രയവിക്രയം ചെയ്യുവാൻ സാധികും.

## വയനാട്ടിലെ കാർഷികവിപണന സാധ്യതകൾ

ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉത്പ്പന്നങ്ങൾ വിപണനം ചെയ്യുക , വിപണി കണ്ടെത്തുക എന്നതിനുപകരം വിപണനസാധ്യതയുള്ളതും ലാഭകരമായി കൃഷി ചെയ്യാവുന്നതുമായ വിളകൾ കൃഷിചെയ്യുന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ അഭികാമ്യമായിട്ടുള്ളത്. ഇങ്ങനെ ഉൽപ്പാദിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ കാര്യക്ഷമമായി വിപണനം നടത്തി ഉത്പാദന സ്ഥലത്തെ വിലയും ഉപഭോക്താവ് നൽകുന്ന വിലയും തമ്മിലുള്ള അന്തരം പരമാവധി കുറക്കുകയും വേണം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് താഴെപ്പറയുന്നവയെ അടിസ്ഥാനമാക്കി വയനാട് ജില്ലയ്ക്കനുയോജ്യമായ വിപണന തന്ത്രം രൂപപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം ജില്ലയിൽ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തേണ്ടതുമുണ്ട്.

- ജൈവ കൃഷിരീതി പ്രോൽസാഹിപ്പിച്ച് അതിന് പ്രത്യേകം വിപണനം നടത്തുവാൻ സൗകര്യം ഒരുക്കുകയും മറ്റു ഏജൻസികളുമായി സഹകരിച്ച് സർട്ടിഫൈ ചെയ്യാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

- കർശനമായ ഗുണനിലവാര പരിശോധനക്ക് മുൻതൂക്കം നൽകുകയും അതിനുവേണ്ട ലാബ് സൗകര്യങ്ങൾ, കൂടാതെ അഗ്മാർക്ക് (AGMARK) സർട്ടിഫിക്കേഷന് വേണ്ട സൗകര്യങ്ങൾ ജില്ലയിൽ ഏർപ്പെടുത്തുക.

- മാർക്കറ്റ് ഇൻഫർമേഷൻ സിസ്റ്റം:- വയനാട്ടിലെ വിവിധ മാർക്കറ്റിലേയും കേരളത്തിലെ വിവിധ മാർക്കറ്റുകളിലേയും വിലനിലവാരവും ഉൽപന്നങ്ങളും വരവും ലഭ്യതയും അതാതു സമയങ്ങളിൽ കർഷകന് ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. കൂടാതെ കയറ്റുമതി സാധ്യതയുള്ള ഉൽപന്നങ്ങളുടെ അന്താരാഷ്ട്ര നിലവാരം, വയനാട് മാർക്കറ്റിൽ വരുത്തുന്ന പ്രതിഫലനം എന്നിവ കർഷകർക്ക് ലഭ്യമാക്കുക.

- **ആധുനിക രീതിയിലുള്ള സംഭരണശാലകളും ശീതീകരണ സൗകര്യങ്ങളും ജില്ലയിൽ സ്ഥാപിക്കേണ്ടതുണ്ട്. വയനാട്ടിൽ സാധാരണയിൽ കൂടുതൽ കാലങ്ങളിൽ അനുഭവപ്പെടുന്ന വർദ്ധിച്ച ആർദ്രതയും സംഭരണത്തിലുള്ള അപാകതയും നാണ്യവിളകളുടെ ഗുണ നിലവാരം നഷ്ടപ്പെടാൻ ഇടയാക്കുന്നു. കൂടാതെ വിപണനത്തിനായുള്ള കർഷകരുടെ ഉൽപ്പന്നങ്ങൾ പെട്ടെന്നുള്ള വിലക്കുറവിലും ഡിമാന്റില്ലാത്തതിനാലും വിൽക്കാൻ പറ്റാതായാൽ സംഭരിക്കേണ്ടതായിട്ടുമുണ്ട്.**

- പച്ചക്കറി കൃഷിയിലും പുഷ്പ കൃഷിയിലും വയനാടിന്റെ പ്രത്യേക അനുകൂല സാഹചര്യം മുതലെടുത്ത് കൃഷി വ്യാപിപ്പിച്ച് ഇതിന് വേണ്ട വിപണനസൗകര്യവും വിദൂര വിപണികളിൽ വിൽപന നടത്തുവാൻ സഹായകമായ മറ്റുസൗകര്യങ്ങൾ, കോൾഡ് ചെയിൻ ഉൾപ്പെടെ സ്ഥാപിക്കുക.

- ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമാക്കി സംസ്കരണ സംരഭങ്ങൾ തുടങ്ങുവാനുള്ള നടപടികൾ ഏറ്റെടുക്കുക. മറ്റു മാർക്കറ്റുകളിലെ വിലനിലവാരം പരിഗണിച്ച് ഉൽപന്നങ്ങൾ അതാത് മാർക്കറ്റുകളിൽ എത്തിക്കുവാൻ വാഹന സൗകര്യങ്ങൾ ഉൾപ്പെടെ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

- ജില്ലയുടെ വിവിധ ഉൽപ്പാദന മേഖലകളിൽ സ്വാശ്രയ വിപണികൾ സംഘടിപ്പിച്ച് വിപണനം നടത്തുവാൻ സൗകര്യപ്പെടുത്തുകയും ആവശ്യമെങ്കിൽ ഉൽപ്പന്നങ്ങൾ കേന്ദ്ര വിപണിയിൽ എത്തിച്ച് വിപണനം നടത്തുവാൻ സൗകര്യം ഏർപ്പെടുത്തുക.

- കാർഷിക വിഭവങ്ങൾ കർഷകർക്കോ, കർഷകഗ്രൂപ്പുകൾക്കോ നേരിട്ട് ഉപഭോക്താവിന് വിപണനം നടത്തുവാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുക.

- സ്വാശ്രയസംഘങ്ങളെ സുസജ്ജരാക്കി വിപണനരംഗത്ത് സജീവമായി പങ്കെടുപ്പിക്കുക.

**ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും വിപണനം കാര്യക്ഷമമാക്കുന്നതിനും വേണ്ട സംവിധാനം ജില്ലയിൽ സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ വയനാട് ജില്ലയുടെ പ്രത്യേകതകൾ കണക്കിലെടുത്ത തനതായ കാർഷിക വിപണന തന്ത്രം രൂപപ്പെടുത്തുകയും വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും വേണം.**

ജില്ലാ മാർക്കറ്റ് അതോറിറ്റി - ജില്ലയുടെ കാർഷിക ജില്ലയിലെ എല്ലാ വിപണനസംവിധാനങ്ങളും ഈ അതോറിറ്റിയുടെ കീഴിലായിരിക്കും. ജില്ലയെ പ്രതിനിധീകരിക്കുന്ന എം.എൽ.എ മാർ, ജില്ലാപ്പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ കലക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, മൊത്തവിപണന കേന്ദ്രത്തിന്റെ സെക്രട്ടറി, കൃഷി അസിസ്റ്റന്റ് ഡയരക്ടർ (മാർക്കറ്റിംഗ്), കാർഷിക ഗവേഷണകേന്ദ്രത്തിന്റെ മേധാവി, കമോഡിറ്റി ബോർഡുകളുടെ പ്രതിനിധികൾ, മുതലായവർ .അംഗങ്ങളായിരിക്കും. കൂടാതെ കർഷക പ്രതിനിധികളും വ്യാപാര പ്രതിനിധികളും ഉൾപ്പെടും. ജില്ലാ കലക്ടർ ചെയർമാനും കൃഷി ഡെ.ഡയറക്ടർ (മൊത്തവിപണന കേന്ദ്രത്തിന്റെ സെക്രട്ടറി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കും.

മൊത്തവിപണന കേന്ദ്രം - നിലവിലുള്ള ബത്തേരിയിലെ വിപണനകേന്ദ്രം ശക്തിപ്പെടുത്തുകയും ജില്ലയിലെ വിവിധകേന്ദ്രങ്ങളിൽ പ്രത്യേകം വിളകൾക്ക് വിപണികൾ സ്ഥാപിക്കുകയും ഇവ തമ്മിൽ ബന്ധപ്പെടുത്തുകയും ചെയ്യുക. ജില്ലയിൽ പ്രവർത്തിക്കുന്ന മറ്റു വിപണികളുമായി പ്രവർത്തനം സംയോജിപ്പിച്ച് കാര്യക്ഷമമായരീതിയിലൽ ഉൽപ്പാദനവും വിപണനവവുമായി മുൻ - പിൻ ബന്ധം സ്ഥാപിച്ച് വിളവിന്യാസം ക്രമീകരിക്കുക. കയറ്റുമതി സാധ്യതയുള്ള ഉൽപ്പന്നങ്ങൾ സംസ്കരിച്ച് നേരിട്ട് കയറ്റുമതി ടെയ്യുവാനുള്ള സൗകര്യം ഒരുക്കുക.

സ്വാശ്രയ വിപണന കേന്ദ്രങ്ങൾ - ഉൽപ്പാദന മേഖലകളിൽത്തന്നെ കർഷകരുടെ നേതൃത്വത്തിൽ സ്വാശ്രയ വിപണികൾ സംഘടിപ്പിച്ച് നേരിട്ട് കച്ചവടക്കാർക്ക് വിൽപ്പന നടത്തുകയും ആവശ്യാധിഷ്ടിതമായി ഉൽപ്പാദനവും വിപണനവും ക്രമപ്പെടുത്തുക. വാഴ, പച്ചക്കറി, ഇഞ്ചി, മുതലായ വിളകൾ മുഖ്യമായും ഈ കേന്ദ്രത്തിൽ വിപണനം നടത്താവുന്നതാണ്.
ചില്ലറ വിൽപ്പനകേന്ദ്രങ്ങൾ - ജില്ലാ പഴം പചച്ചക്കറി സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിവധകേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള പച്ചക്കറികളും മറ്റു ഉൽപ്പന്നങ്ങളും ന്യായ വിലക്ക് ലഭ്യമാക്കുക.

കർഷക ചന്തകൾ - ചെറുകിട കർഷകരുടെ ഉൽപ്പന്നങ്ങൾഇടത്തട്ടുകാർ ഇല്ലാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് വേണ്ടി പ്രധാന നഗരകേന്ദ്രങ്ങളിൽ കർഷക ചന്തകൾ സ്ഥാപിക്കുകയും അതുവഴി ഗുണഭോക്താക്കൾക്ക് പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെട്ട ഉൽപ്പന്നങ്ങളും മൂല്യവർദ്ധിതവും സംസ്കരിച്ചതുമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കും.

**മേൽപ്രസ്താവിച്ച വിവധങ്ങളായ വിപണികളുടെ പ്രവർത്തനത്തിന് ആവശ്യമായ പാശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ആധുനിക കാലാവസ്ഥാ നിയന്ത്രിത സംഭരണശാലകൾ, കോൾഡ് ചെയിൻ,അഗ്മാർക്ക് ലാബ് സൗകര്യം, ഉൽപ്പാദനത്തിനും സംസ്കരണത്തിനും സംഭരണത്തിനും ഉതകുന്ന സാങ്കേതിക വിദ്യകൾ ലഭ്യമാക്കാനുള്ള സൗകര്യം,. ജൈവകൃഷി സാക്ഷ്യപ്പെടുത്തുവാനായി കർഷകരെ സഹായിക്കുവാനും വിപണനത്തിനും വേണ്ട സൗകര്യം, കാർഷിക വിളകളുടെ സംസ്കരണത്തിനും ഗ്രേയിഡിംഗ് സൗകര്യത്തിനും ലേലകേന്ദ്രങ്ങൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ മുതലായവ. കൂടാതെ കർഷകർക്കാവശ്യമായ വിപണനവിവരങ്ങൾ സ്വരൂപിച്ച് പഠനം നടത്തി യുക്തമായി വേണ്ട സംയത്തും രീതിയിലും കർഷകരിൽ എത്തിക്കുവാനുള്ള സംവിധാനം അത്യന്താപേക്ഷിതമായി കർഷകർക്ക് നൽകേണ്ടതുണ്ട്.**

ജില്ലാ മാർക്കറ്റ് അതോറിറ്റി -

| | |
|---|---|
| ചെയർമാൻ | ജില്ലാ കലക്ടർ |
| മെംപർമാർ | ജില്ലയിലെ നിയമസഭാ പ്രതിനിധികൾ |
| | ജില്ലാപ്പഞ്ചായത്ത് പ്രസിഡണ്ട് |
| | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | കൃഷി അസിസ്റ്റന്റ് ഡയറക്ടർ(മാർക്കറ്റിംഗ്) |
| | കാർഷിക ഗവേഷണ കേന്ദ്രം മേധാവി |
| | കമ്മോഡിറ്റി ബോർഡുകളുടെ പ്രതിനിധി |
| | മാർക്കറ്റിംഗ് സൊസൈറ്റികളുടെ നോമിനി |
| ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ഡെപ്യൂട്ടി ഡയരക്ടർ ഓഫ് അഗ്രികൾച്ചർ/ (മൊത്തവിപണന കേന്ദ്രം സെക്രട്ടറി) . |

അതോറിറ്റി ഓഫീസ് താൽക്കാലികമായി ബത്തേരിയിലെ കേന്ദ്രവിപണന കെട്ടിട സമുച്ചയത്തിൽ സ്ഥാപിക്കാവുന്നതാണ്.

M.S.S.R.F wish to thank S.D.C for its financial support in convening the agriculture expert committy meetings and preparing this report.

C